## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

# വികസനരേഖ




ഒമ്പതാം പദ്ധതി ജനകീയപദ്ധതി
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

# പഞ്ചായത്ത് വികസന സെമിനാർ

'96 ഡിസം. 31, S.M.UP. സ്കൂൾ, നാനാടം

# വികസനരേഖ


N
കേരളം
കോട്ടയം ജില്ല
14
13
12
11
10
9
8
7
6
5
KOTTAYAM
4
3
2
1
വൈക്കം
5
കോട്ടയം
ഉദയനാപുരം പഞ്ചായത്ത്
1
4
5
6
11
7
2
10
8
3
9

ചീഫ് എഡിറ്റർ

പ്രൊഫ: എം.ജി. രാമചന്ദ്രപ്പണിക്കർ

എഡിറ്റോറിയൽ ബോർഡ്.

| | |
|---|---|
| ജ്യോതി വാസുദേവൻ | പഞ്ചാ: പ്രസിഡന്റ് |
| കെ.ജി. രാജു | വൈസ് പ്രസിഡന്റ് |
| വി.ജി. വിജയൻ | സ്റ്റാ:ക: ചെയർമാൻ |
| കെ.പി. റോയി | പഞ്ചാ: മെമ്പർ |
| രാജമ്മ കുഞ്ഞപ്പൻ | " |
| പി. മുകുന്ദൻ | " |
| കെ.പി. ഷാജി | " |
| പി.ഡി. സീനാമോൾ | " |
| ഇ.കെ. ജോസ് | " |
| പി.ആർ. ദേവലാൽ | " |

കെ. രാജപ്പൻ

കെ. ഭാസ്കരൻ

ചെല്ലപ്പൻ കാണാകേരി

കെ. ചെല്ലപ്പൻ കായിക്കേരി

എം. കെ. സബാസ്റ്റ്യൻ

പി. ജെ. ജയിംസ് പെരിങ്ങാട്ടുപ്ലാവിൽ

പി.കെ. കാർത്തികേയൻ

പി. എൻ. നീലാംബരൻ

തോംസൺ

കവർ ഫോട്ടോ

ഇന്നൻസ് നാനാടം

കംപ്യൂട്ടർ ലേ-ഔട്ട് & പ്രിന്റിംഗ്

MICROBASE Computers, Vaikom.

വികസന രേഖയുടെ സഹായികൾ

എ. വിജയൻ

ടി. മാധവൻ

കെ. ജി മല്ലിക

എം. പി. പത്മനാഭൻ

പി. ജി. സാബു.

കെ. വി. ഉദയകുമാർ

തിലകൻ

000 8

# ഉള്ളടക്കം

1. പഞ്ചായത്തു പൊതുവിവരണം
2. ഭരണസമിതി


അധ്യായം I. ആമുഖം
II. സാമൂഹിക ചരിത്ര പശ്ചാത്തലം
III. സാമൂഹിക സാമ്പത്തിക മേഖലകൾ.

1. കൃഷിയും ജലസേചനവും
2. മത്സ്യബന്ധനവും മൃഗസംരക്ഷണവും.
3. വിദ്യാഭ്യാസം
4. പൊതുജനാരോഗ്യം, കുടിവെള്ളം പരിസര ശുചിത്വം.
5. വ്യവസായം.
6. റോഡുകൾ, ഊർ ം
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത.
10. സഹകരണം.
11. പട്ടികജാതി പട്ടികവർഗ്ഗം
12. വിഭവസമാഹരണം

IV. ഉപസംഹാരം

## പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഉദയനാപുരം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | വടക്കേമുറി, നടുവില |
| ബ്ലോക്ക് പഞ്ചായത്ത് | വൈക്കം |
| താലൂക്ക് | വൈക്കം |
| അസംബ്ലി മണ്ഡലം | വൈക്കം |
| ലോകസഭാ മണ്ഡലം | കോട്ടയം |
| ജില്ലാപഞ്ചായത്ത് | കോട്ടയം |
| വിസ്തീർണ്ണം | 20.15 കി. മീ. |
| അതിരുകൾ | കിഴക്കും, വടക്കും മൂവാറ്റുപുഴയുടെ കൈവഴികൾ, തെക്ക് കരിയാറ്, വൈക്കം മുൻസിപ്പാലിറ്റി, പടിഞ്ഞാറ് വേമ്പനാട്ട് കായൽ |
| വാർഡുകൾ | 11 |
| ജനസംഖ്യ | 25695 പു. 12736 സ്ത്രീ. 12959 |
| സാക്ഷരത | 80% |
| പ്രസിഡന്റ് | കുമാരി ജ്യോതി വാസുദേവൻ |
| വൈ. പ്രസിഡന്റ് | ശ്രീ. കെ.ജി.രാജു. |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. വി.ജി. വിജയൻ |
| സെക്രട്ടറി | ശ്രീ. എം. കെ. ജയപ്രകാശ്. |


LOCATION MAP
UDAYANAPURAM GRAMAPANCHAYAT
N
NEREKADAVU ROAD
BLOCKOFFICE
THRINAYAMKUDAMROAD
VKM-EKM ROAD
VILLAGE
OFFICE
TKM
SQRE
TEMPILE
VKM TEMPLE
KTM
PARITHIMUDI ROAD
VCHR APY ROAD
COLONY RD NE WARD
ARATTUKULAM ROAD
AREEKULAGARA
TEMPILE
UDPM PT
3 KMS FROM
YAIKOM
VALLAKAM
CHURCH
VADAYAR BRIDGE
K.T.M
THALAYOLAPARAMBU
PANCHAYATH AREA


## ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി



കുമാരി ജ്യോതി വാസുദേവൻ
പ്രസിഡൻറ്




ശ്രീ. കെ.ജി. രാജു
(വൈസ്. പ്രസിഡൻറ്)



വി.ജി. വിജയൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)

ദീർഘകാല സേവനമനുഷ്ടിച്ച



മുൻ പ്രസിഡൻറ്
എം. പവിത്രൻ




അഡ്വ. കെ.പി. റോയ്
മെമ്പർ



ശ്രീമതി. കെ. രാജമ്മ
മെമ്പർ



ശ്രീ. പി. മുകുന്ദൻ
മെമ്പർ



ശ്രീ. കെ. പി. ഷാജി
മെമ്പർ



കുമാരി സീനാമോൾ
മെമ്പർ



ശ്രീ. ഇ.കെ. ജോസ്
മെമ്പർ



ശ്രീ. ദേവലാൽ
മെമ്പർ

# ആമുഖം.

സ്വാതന്ത്ര്യാനന്തര ഭാരതം ഇതുവരെ എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ടുകഴിഞ്ഞു. ഒൻപതാം പദ്ധതിയിലേക്ക് കാൽവയ്ക്കുകയാണ്. ഇന്നലകളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇന്നിനെ വിമർശന ബുദ്ധ്യാ നോക്കിക്കണ്ട് അന്യൂനമായ ഒരു നാളെയ്ക്ക് രൂപം നൽകാനുള്ള ഉത്കടമായ ഒരു ദാഹം, വളരാനും വികസിക്കാനുമാഗ്രഹിക്കുന്ന ഒരു ജനതയ്ക്കുണ്ടാവുക സ്വാഭാവികം മാത്രമാണല്ലോ. അദമ്യമായ ആ ഒരു ദാഹമാണ് ഒൻപതാം പദ്ധതിയെ വളരെ കരുതലോടും സൂക്ഷ്മതയോടും കൂടി സമീപിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

പിന്നിട്ട പദ്ധതികളൊന്നും പരാജയമാണെന്ന് ഇതിനർത്ഥമില്ല. ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കും ഒപ്പം എത്തിച്ചേരാൻ അവയ്ക്കൊന്നും പൂർണ്ണമായി കഴിഞ്ഞിട്ടില്ല എന്നേയുള്ളു. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സങ്കല്പത്തിലുണർന്ന ഗ്രാമസ്വരാജിനെക്കുറിച്ച് ചിന്തിക്കാൻ തന്നെ നമുക്ക് പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു. നാലു വ്യാഴവട്ടങ്ങൾക്കു ശേഷമാണെങ്കിൽപ്പോലും നമ്മുടെ ആസൂത്രണ പ്രക്രിയയിൽ വിപ്ലവകരമായ ഒരു വ്യതിയാനം വരുത്താൻ സാധിക്കുന്നു എന്നത് നമുക്കാകെ അഭിമാനകരമാണ്. ലോകത്തിനാകെ മാതൃകയാണ് നമ്മുടെ ജനകീയാസൂത്രണ പരിപാടി എന്ന നമ്മുടെ രാഷ്ട്രപതി സ്ഥാനത്തുനിന്നുള്ള അഭിപ്രായം ഈ മഹത്തായ ജനകീയ യഞ്ജത്തിന്റെ പ്രാധാന്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

ഇത്രമാത്രം കൊട്ടിഘോഷിക്കപ്പെടുന്ന ഈ ഒൻപതാം പദ്ധതിയുടെ പ്രാധാന്യം എന്താണ് എന്ന് പരിശോധിക്കാം. കഴിഞ്ഞ എട്ടുപദ്ധതികളും ജനപങ്കാളിത്തത്തോടു കൂടിയല്ല ആസൂത്രണം ചെയ്യപ്പെട്ടത്. മറിച്ച് ആസൂത്രണവിദഗ്ദ്ധരും ഉദ്യോഗസ്ഥ മേധാവികളും കൂടി തയ്യാറാക്കിയ പദ്ധതികൾ മുകളിൽ നിന്നും താഴേക്ക് അടിച്ചേല്പിക്കുകയായിരുന്നു ഇന്നലെവരെ. അവയെല്ലാം അതേപടി സ്വീകരിക്കുകയല്ലാതെ നമുക്കു മറ്റു മാർഗ്ഗങ്ങളില്ലായിരുന്നു. അവയിൽ പലതും താഴേത്തട്ടിലുള്ള ജനങ്ങളുടെ ആഗ്രഹങ്ങൾക്കും താല്പര്യത്തിനും ചേർന്നതായിരിക്കണമെന്നുമില്ലല്ലൊ. അപ്പോൾ അവിടെ ജനഹിതം അവഗണിക്കപ്പെടുകതന്നെ ചെയ്യുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ആസൂത്രണവും അധികാരവും മുകളിൽനിന്ന് താഴത്തേയ്ക്ക് അടിച്ചേല്പിക്കപ്പെടുമ്പോൾ ജനഹിതം പാടേ വിസ്മൃതമായി എന്നർത്ഥം. അതുകൊണ്ടാണ് ആസൂത്രണം താഴെനിന്നു മേലോട്ട് തിരിച്ചുവിടാനും ജനഹിതം മാനിച്ചും ജനപങ്കാളിത്തത്തോടുകൂടിയതുമായ ഒരു പുത്തൻ സമീപനം സ്വീകരിക്കാനും നാം തയ്യാറായത്. ഗ്രാമങ്ങളെയാകെ ഉണർത്തി, ഗ്രാമവാസികളുടെ താല്പര്യത്തെമാനിച്ച് രൂപം കൊള്ളുന്ന വികസനത്തിനുവേണ്ടിയുള്ള ആസൂത്രണ പ്രക്രിയ പടിപടിയായി മേലോട്ടുചെന്ന് അന്തിമരൂപം കൊള്ളുമ്പോൾ അതിൽ ഓരോ ഗ്രാമത്തിന്റേയും ഹൃദയത്തുടിപ്പുകൾ നിറഞ്ഞുനിൽക്കും. സുതാര്യത അതിന്റെ പ്രത്യേകതയായിത്തീരുന്നു. ഉദ്യോഗസ്ഥ മേധാവിത്തവും അഴിമതിയും അവിടെ നിന്ന് അപ്രത്യക്ഷമാകുന്നു. പദ്ധതിച്ചെലവിൽ ചോർച്ച തീരെയുണ്ടാകുന്നില്ല. ജനപങ്കാളിത്തം, ആരോപണവും പഴിയും ഒഴിവാക്കുന്നു. അങ്ങനെ ഓരോ ഗ്രാമത്തിലേയ്ക്കും വികസനം കടന്നുചെല്ലുന്നു. ഗ്രാമം ഐശ്വര്യപൂർണ്ണമാകുന്നു. ഇന്ത്യയുടെ ആത്മാവും ചൈതന്യവും ഗ്രാമങ്ങളിലാണെന്ന ഗാന്ധിജിയുടെ വാക്കുകൾ അർത്ഥപൂർണ്ണമാകുന്നു. ഇതാണ് ഒൻപതാം പദ്ധതിയുടെ പ്രാധാന്യം.

ഈ പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ടു തന്നെയാണ് ഉദയനാപുരം പഞ്ചായത്തിലെ ജനപ്രധിനിധികളും പരിശീലനം നേടിയ സന്നദ്ധസേവകരും ഈ വികസന യഞ്ജത്തിൽ പങ്കാളികളായി എത്തിയത്. വിളിച്ചുകൂട്ടിയ വിശേഷാൽ ഗ്രാമസഭകൾ എല്ലാം തന്നെ ജനപങ്കാളിത്തം വിളംബരം ചെയ്യുന്നതും അതുകൊണ്ട് തന്നെ സജീവവും ഫലപ്രദവും ആയിരുന്നു. അവയിൽ ഉയർന്നു വന്ന ആവശ്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ടു. തുടർന്നു നടന്ന പഠനപര്യടനവും വിവരശേഖരണവും ഈ ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും നിജസ്ഥിതി വ്യക്തമാക്കുന്നവയായിരുന്നു.

പരിശീലനങ്ങളും പഠനങ്ങളും മുന്നോട്ട് പോയതോടെ ചിത്രം കൂടുതൽ വ്യക്തമായി. ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തിയപ്പോൾ അനുഭവപ്പെട്ട പല പോരായ്മകളും പിന്നീട് പരിഹരിക്കാനായി. കാരണവന്മാരുമായുള്ള ചർച്ചകളും ഉദ്യോഗസ്ഥന്മാരുടെ പദ്ധതി അവലോകനവും ദ്വിതീയ വിവരശേഖരണവും കൂടിയായപ്പോൾ ഗ്രാമസഭാറിപ്പോർട്ടിലൂടെ ഉയർന്നുവന്ന നിരവധി ആവശ്യങ്ങളിൽ ചുവടുറപ്പിച്ചു നിന്നുകൊണ്ട് പദ്ധതികൾ തയ്യാറാക്കാനുള്ള ശ്രമമാരംഭിച്ചു.

നാടിന്റെയാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ കണ്ട് അവയെ സ്കീമുകൾ ആക്കി മാറ്റുന്നതിൽ പരമാവധി ആത്മാർത്ഥതയും സത്യസന്ധതയും പുലർത്താൻ ശ്രമിച്ചിട്ടുണ്ട്. ഇതിനു ചിലവഴിക്കേണ്ടി വന്ന മനുഷ്യപ്രയത്നം വളരെയേറെയാണ്. കുറേക്കൂടി ഉത്തരവാദിത്വവും സഹകരണവും പ്രതീക്ഷിച്ചതുപോലെ ലഭിച്ചിരുന്നെങ്കിൽ കൂടുതൽ മഹത്തായ ഒരു യജ്ഞമായി ഇതു പരിണമിക്കുമായിരുന്നു. എങ്കിലും ലഭ്യമായ വിവരങ്ങളെല്ലാം സമാഹരിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

തികഞ്ഞ അപ്രമാദിത്വമൊന്നും അവകാശപ്പെടുന്നില്ലെങ്കിലും ഈ റിപ്പോർട്ട് പരമാവധി യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അന്യൂനമായ ഒരു നാളെയുടെ ചരിത്രമെനഞ്ഞെടുക്കുന്നതിനുള്ള ശ്രമത്തിൽ ഈ നാടിന്റെ പങ്ക് വഹിയ്ക്കാൻ ഈ വികസനറിപ്പോർട്ട് പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ സവിനയം ഇത് ഇവിടെ സമർപ്പിക്കുന്നു.

"Every success has thousand fathers
whereas defeat is an orphan"

ഏതൊരു വിജയത്തിനും ആയിരം പേർ
പൈതൃകമവകാശപ്പെടാനുണ്ടാകും
എന്നാൽ അനാഥനല്ലാത്ത ഒറ്റ
പരാജയവുമില്ല.

# ഭൂപ്രകൃതി- ജനപ്രകൃതി

മൂവാറ്റുപുഴയാറിന്റെ കൈവഴികളും ചെറുതും വലുതുമായ ധാരാളം തോടുകളും, വേമ്പനാട്ടുകായലിന്റെ സാമീപ്യവും ഉൾക്കൊള്ളുന്നതും വൈക്കം പട്ടണത്തോടു ചേർന്നു കിടക്കുന്നതുമായ ഗ്രാമപഞ്ചായത്താണ് ഉദയനാപുരം. ഈ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 20.15 ച: കി. മീറ്ററാണ്. കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഉദയനാപുരം പഞ്ചായത്തിൽ സമതലങ്ങളും, ചതുപ്പു പ്രദേശങ്ങളുമാണുള്ളത്. ഇത് സമുദ്രനിരപ്പിൽ നിന്നും ഉയർന്നതെന്നും സമുദ്രനിരപ്പിൽനിന്നും താഴ്ന്നതെന്നും രണ്ടായി തരം തിരിക്കാം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങൾ പാടശേഖരങ്ങളാണ്. ഈ പഞ്ചായത്തിന്റെ ചുറ്റുമായി തലയോലപ്പറമ്പ്, മറവൻതുരുത്ത്, തലയാഴം എന്നീ പഞ്ചായത്തുകളും വൈക്കം മുനിസിപ്പാലിറ്റിയും സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2025.23 ഹെക്ടർ ആണ്. 930 ഹെക്ടർ പുരയിടവും 870 ഹെക്ടർ നിലങ്ങളും 225.23 ഹെക്ടർ പുറമ്പോക്ക്, റോഡ് എന്നിവയുമാണ്. പടിഞ്ഞാറേക്കര, വല്ലകം, ഇരുമ്പൂഴിക്കര, വൈക്കപ്രയാർ, അക്കരപ്പാടം, നേരേകടവ്, ഉദയനാപുരം, പനമ്പുകാട്, മുണ്ടകാട്ട് എന്നീ പ്രദേശങ്ങൾ ഉദയനാപുരം പഞ്ചായത്തിൽ ഉൾപെടുന്നു.

പഞ്ചായത്തിന്റെ ഏകദേശം 52% പുരയിടവും 48% പാടങ്ങളുമാണ്. പഞ്ചായത്തിന്റെ പകുതിയോളം പ്രദേശം ചരൽകലർന്ന എക്കൽമണ്ണും 15% നീർവാർച്ചയുള്ള പൊടിമണ്ണും 35% കറുത്തനിറത്തിലുള്ള പൊടിമണ്ണുമാണ്. പഞ്ചായത്തിൽ കുറച്ചുഭാഗത്ത് ചെമ്മണ്ണു കാണപ്പടുന്നു.

പഞ്ചായത്തിന്റെ 9 വാർഡ് വിസ്തൃതമായ വയൽ പ്രദേശമാണ്. മറ്റു വാർഡുകളിൽ ഭാഗികമായുള്ള വയൽപ്രദേശങ്ങൾ അധികവും തരിശിട്ടിരിക്കുന്നതായി കാണപ്പെടുന്നു.

പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളായ 1,2,3, 8,9,10 എന്നീ വാർഡുകളിൽ കാലവർഷക്കാലത്ത് വെള്ളപ്പൊക്കം മൂലമുള്ള കെടുതികൾ സാധാരണയാണ്. ഇവിടുത്തെ ജനങ്ങളെ വെള്ളപ്പൊക്കസമയത്ത് മാറ്റിത്താമസിപ്പിക്കേണ്ടി വരുന്നു.

വെള്ളപ്പൊക്കഭീഷണി കാരണം പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്യാതെ തരിശിടുന്നു.

### ജലപ്രകൃതി


ജലസമ്പത്തിന്റെ കാര്യത്തിൽ ഉദയനാപുരം പഞ്ചായത്തിന്റെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണെങ്കിലും അവ വേണ്ട വിധം പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികളുടെ അഭാവം തുടർന്നുകൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് പഞ്ചായത്തിന്റെ തീരപ്രദേശങ്ങളായ അക്കരപ്പാടം, നേരേകടവ്, പനമ്പുകാട്, നേരേകടവ്, മുണ്ടകാട്, എന്നിവിടങ്ങളിൽ ഓരുവെള്ളത്തിന്റെ കാഠിന്യം ശുദ്ധജലക്ഷാമത്തിനും കൃഷിനാശത്തിനും ഇടയാക്കുന്നു.

### ജൈവവൈവിധ്യം

സമതലപ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൃഷിയാണ്. സ്വാഭാവികമായി വളർന്നു വരുന്ന വൃക്ഷങ്ങൾ പ്രധാനമായും ആഞ്ഞിലി, പ്ലാവ്, മാവ്, പൂവരശ്, ഒതളം, പുളി, പാല എന്നിവയാണ്. ജലാശയങ്ങളിലും പാടശേഖരങ്ങളിലും ആഫ്രിക്കൻ പായൽ, കുളവാഴ, മുള്ളൻ പായൽ, ആമ്പൽ തുടങ്ങിയ ജലസസ്യങ്ങൾ ധാരാളമായുണ്ട്. ഇതുമൂലം ജലാശയങ്ങളിലെ മത്സ്യസമ്പത്ത് കുറഞ്ഞുകൊണ്ടിരിക്കുന്നു. അജ്ഞാതരോഗം മൂലം കരിമീൻ, വരാൽ, കൂരി തുടങ്ങിയ മത്സ്യങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

### ജനപ്രകൃതി.

ദ്വിതീയ വിവരശേഖരണത്തിന്റെ അടിസ്ഥാനവിവരത്തിൽ പഞ്ചായത്തിലെ ജനസംഖ്യ 25695 ആണ്. ഇതനുസരിച്ച് സ്ത്രീകളുടെ എണ്ണം 12959 ഉം പുരുഷന്മാരുടെ എണ്ണം 12736 ഉം ആകുന്നു. പഞ്ചായത്തിൽ ആറു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 1852. ജനസംഖ്യയിൽ 82% സാക്ഷരതയുള്ളവരാണ്. സമൂഹത്തിൽ കണ്ടുവരുന്ന ജാതിമത അനാചാരങ്ങൾ കുറഞ്ഞു വരുന്നു. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നല്ല നിലവാരം പുലർത്തുന്നുവെങ്കിലും സാമ്പത്തികരംഗത്ത് ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു.


N
UDAYANAPURAM PANCHAYAT
ELECTION MAP
1
2
3
4
5
6
7
8
9
10
11
നിലം - 1425 ഏക്കർ
തരിശ് 750 ഏക്കർ
പുഴ
ടാർ റോഡ്
തോട്
ക്രോസ് ബാർ
പഞ്ചായത്ത് റോഡ്
1,2,4,6,7,11-വാർഡുകൾ പൂർണ്ണമായും
3,5,10. വാർഡുകൾ ഭാഗികമായും
വടക്കേമുറി വില്ലേജ്
8,9 വാർഡുകൾ പൂർണ്ണമായും
3,5,10 വാർഡുകൾ ഭാഗികമായും
നടുവില വില്ലേജ്



# സാമൂഹിക സാംസ്ക്കാരിക ചരിത്രം

നാണ്യവിളകൾക്കു കേൾവികേട്ട കോട്ടയം ജില്ലയുടെ പടിഞ്ഞാറെ അറ്റത്തായി വേമ്പനാട്ടുകായലിനെ തൊട്ടുരുമിക്കിടക്കുന്ന ഒരു ചെറിയ പട്ടണമാണ് വൈക്കം. കൊല്ലവർഷം 537 ൽ ഉണ്ടായ ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവ് 'മേദിനിയിലെ സ്വർഗ്ഗഖണ്ഡം' എന്നുവാഴ്ത്തിപ്പറഞ്ഞിട്ടുള്ളതും വെമ്പല നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്നതുമായ 'സിന്ധു ദ്വീപ്' (ഇന്നത്തെ കടുത്തുരുത്തി) ഉൾപ്പെടെയുള്ള പ്രദേശം വരെ ഒരുകാലത്ത് കടൽ ആയിരുന്നു. പിന്നീട് കടൽ വച്ചു പിന്മാറിയുണ്ടായതു കൊണ്ടാണ് ഈ പട്ടണത്തിന് വൈക്കം എന്ന പേർ ഉണ്ടായത് എന്ന് പറയപ്പെടുന്നു. ഈ പട്ടണം പഴമ കൊണ്ടും പാരമ്പര്യം കൊണ്ടും പ്രസിദ്ധമാണെങ്കിലും പതിറ്റാണ്ടുകളായി വികസനം എത്തിനോക്കാതെ ഇന്നും നിലകൊള്ളുന്നു. വൈക്കത്തഷ്ടമി മുതൽ വൈക്കം സത്യാഗ്രഹം വരെയും ദേശീയമായ ശ്രദ്ധപിടിച്ചുപറ്റിയ നിരവധി സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചതാണ് ഈ പട്ടണം. വൈക്കം പാച്ചു മൂത്തതുമുതൽ ബഷീറും, വടക്കും കൂറും ഉൾപ്പെടെ വൈക്കം ചന്ദ്രശഖരൻ നായർ വരെ എത്രയെത്ര സാഹിത്യനായകന്മാരുടെ ജന്മദേശമാണ് ഈ പട്ടണം। പണ്ഡിതന്മാരും ദേശസ്നേഹിതരുമായ നിരവധിപ്പേർ വൈക്കത്തുകാരായിട്ടുണ്ട്. കലയുടേയും സംസ്ക്കാരത്തിന്റേയും ഈറ്റില്ലമായി അറിയപ്പെടുന്ന ഒരു പട്ടണമാണിത്. എന്നിട്ടും അതിനൊത്ത് വളരാനാകാതെ, വേമ്പനാട്ടുകായലിന്റെ ചിറ്റോളങ്ങളുടെ സംഗീതലഹരിയിൽ മുഴുകി ഒരു ഏകാന്തപഥികനെപ്പോലെ ഈ പട്ടണം ഇന്നും നിലകൊള്ളുന്നു.

ഇത്രമാത്രം ചരിത്രപ്രധാനമായ വൈക്കം പട്ടണത്തിന്റെ വടക്കും കിഴക്കുമായിക്കിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് ഉദയനാപുരം. വടക്കുപടിഞ്ഞാറ് ചെമ്മനാകരി മുതൽ തെക്കുകിഴക്ക് ചെട്ടിമംഗലം വരെ നീണ്ടുകിടക്കുന്ന ഈ പഞ്ചായത്തിന്റെ വടക്ക് ഇത്തിപ്പുഴയും പടിഞ്ഞാറ് വേമ്പനാട്ടുകായലും തെക്കും കിഴക്കും കരിയാറും മൂവാറ്റുപുഴയാറും വൈക്കം പട്ടണവും ഈ പഞ്ചായത്തിനെ വലയം ചെയ്തിരിക്കുന്നു. ചതുപ്പുനിലങ്ങളും കരിനിലവും തോടും കുളവും പുഞ്ചപ്പാടങ്ങളും വെളിമ്പറമ്പുകളും ധാരാളമുള്ള ഈ പ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. വടക്കുകിഴക്കുനിന്നു തെക്ക് പടിഞ്ഞാറോട്ട് അല്പം ചാഞ്ഞുകിടക്കുന്നസമതല പ്രദേശമാണിത്. വളരെക്കുറച്ച് സമ്പന്നരും കുറച്ച് ഇടത്തരക്കാരും വളരെയേറെ ദരിദ്രരും ഈ നാടിന്റെ വൈവിധ്യത്തിനു നിറം പകരുന്നു. ഭൂരിഭാഗം കർഷകരും കർഷകത്തൊഴിലാളികളും, കയർ, കളിമൺ, തഴപ്പായ്, മത്സ്യബന്ധനം, മദ്യവ്യവസായം, നെയ്ത്ത് നൂൽനൂല്പ് തുടങ്ങിയ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഇടതിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്.

ഈ പ്രദേശത്തേയും അതിന്റെ സ്ഥലനാമത്തേയും കുറിച്ച് രസകരമായ ഒരു ഐതീഹ്യമുണ്ട്. ഉദയനായകീപുരം എന്നാണ് ഈ സ്ഥലത്തിന്റെ പേര് എന്നറിയുന്നവർ ചുരുക്കമാണ്. ഒരുകാലത്ത് ഉദയനാപുരം ക്ഷേത്രത്തിൽ ഭഗവതിയേയും കുമാരനെല്ലൂർക്ഷേത്രത്തിൽ സുബ്രഹ്മണ്യനേയും പ്രതിഷ്ഠിക്കാൻ അന്നത്തെ നാടുവാഴി തീരുമാനിക്കുകയും രണ്ടിടത്തും വിധിപ്രകാരമുള്ള ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. എന്നാൽ നാടുവാഴിയുടെ ഇംഗിതം മാനിക്കാതെതന്നെ, സുബ്രഹ്മണ്യനുവേണ്ടി പണികഴിപ്പിച്ച കുമാരനല്ലൂർ ക്ഷേത്രത്തിൽ ഭഗവതി കയറിയിരിക്കുകയും 'കുമാരനല്ല ഊര്' തനിക്കാണെന്ന് വെളിപ്പെടുത്തുകയും ചെയ്തുവത്രെ. പിന്നീട് കുമാരനല്ലഊര് എന്നതു കുമാരനല്ലൂർ എന്നായിത്തീരുകയും ചെയ്തതാണെന്ന്പറയപ്പെടുന്നു.എന്നാൽ ഭഗവതിക്കായി നാടു

വാഴി മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തിന് 'ഉദനായകൂപുരം' എന്ന പേർ പതിയുകയും പിന്നീട് അതു ലോപിച്ച് ഉദയനാപുരം എന്നാവുകയും ചെയ്തതായിരിക്കാം. താരകാസുര നിഗ്രഹം കഴിഞ്ഞ് വിജയലഹരിയിൽ മുഴുകി, അച്ഛനായ വൈക്കത്തപ്പനെ ദർശിക്കാൻ സർവ്വാലങ്കാരവിഭൂഷിതനായി എഴുന്നള്ളുന്ന ഉദയനാപുരത്തപ്പനുള്ള വരവേല്പാണ് വൈക്കത്തഷ്ടമിയുടെ ഒരു പ്രധാന ചടങ്ങ്. പ്രസിദ്ധവും മറ്റൊരിടത്തും കാണാൻ കഴിയാത്തതുമായ ആറ്റുവേല എന്ന ജലോത്സവം ഈ പഞ്ചായത്തതിർത്തിയിൽ നിന്നാണ് ആരംഭിക്കുന്നത്. പടുകൂറ്റൻ വള്ളങ്ങൾ നിരനിരയായി ചേർത്തു കെട്ടി അവയ്ക്കുമുകളിൽ പാലപ്പലക കൊണ്ട് പടുത്തുയർത്തുന്ന, കേരളീയ ക്ഷേത്രങ്ങളുടെ ശില്പചാതുരി നിറഞ്ഞതും മൂന്നുനിലകളുള്ളതുമായ ക്ഷേത്രം പുഴയിലൂടെ ഒഴുകിനടക്കുന്ന കാഴ്ച അന്യാദൃശ്യം തന്നെ. ദീപാലങ്കൃതമായടി ക്ഷേത്രം ഉറപ്പിച്ചിട്ടുള്ള വള്ളങ്ങളും ചങ്ങാടവും അതിന്റെ ദീപാലങ്കാരങ്ങൾ വെള്ളത്തിൽ പ്രതിബിംബിച്ചു നീങ്ങുമ്പോൾ അവയെ പിന്തുടരുന്ന നിരവധി ഗരുഡൻത്തൂക്കച്ചാട്ടുകൾ ഈ ജലോത്സവത്തിനു കൊഴുപ്പേകുന്നു. പ്രസ്തുത ക്ഷേത്രത്തിൽ കൊടുങ്ങല്ലൂർ ഭഗവതി കുടികൊള്ളുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. കൂടാതെ പിതൃകർമ്മങ്ങൾക്ക് പ്രസിദ്ധി നേടിയ പിതൃകുന്നം മഹാവിഷ്ണു ക്ഷേത്രവും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. വാവുതോറും പ്രത്യകിച്ച് മകരം, കർക്കിടകം മാസങ്ങളിൽ പതിനായിരങ്ങൾ ഇവിടെയെത്തി പിതൃകർമ്മമനുഷ്ഠിച്ചുവരുന്നു.

ഐതീഹ്യ കഥകൾ കൊണ്ട് സമ്പന്നമാണ് ധ്രുവപുരം ക്ഷേത്രം. ത്രേതായുഗത്തിൽ രാമ-രാവണ യുദ്ധത്തിൽ മേഘനാഥാസ്ത്രങ്ങളേറ്റു മൃതപ്രായരായിത്തീർന്ന ശാഖാമൃഗങ്ങളുടേയും രാമലക്ഷ്മണന്മാരുടേയും ജീവൻ വീണ്ടെടുക്കുന്നതിന് വേണ്ടി വിഭീഷണന്റെ നിർദ്ദേശപ്രകാരം മരുത്വാമലയിൽ മൃതിസഞ്ജീവനി തേടിപ്പോയ ഹനുമാൻ ഔഷധസസ്യത്തിന്റെ പേര് മറന്നുപോവുകയും ആയതിനാൽ മരുത്വാമല അതേപടി കൊണ്ടുപോരികയും, പോരുംവഴി അതിൽനിന്നും ഉതിർന്നുവീണുണ്ടായ 'ഉതിർവേലിക്കുന്നാണ്' 'തുറുവേലിക്കുന്ന്' ആയതെന്ന് വിശ്വസിക്കുന്നവരുണ്ട്. കുന്നിൻമുകളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രപരിസരത്തുള്ള കിണറ്റിലെ ജലത്തിന് ഔഷധഗുണമുണ്ടെന്ന് വിശ്വാസികൾ കരുതുന്നു.

ചതുശ്ശാലയുടെ ആകൃതിയിൽ പ്രസാദമുണ്ടാക്കി ദേവീബിംബത്തിൽ വീഴത്തക്കവിധം പ്രതിഷ്ഠ നടത്തിയിട്ടുള്ള അരിക്കുളങ്ങര ക്ഷേത്രത്തിലെ ബിംബം വനദുർഗ്ഗയാണ്. ആയിരം വർഷത്തിലേറെ പഴക്കമുള്ള ക്ഷേത്രത്തെ ചുറ്റിപ്പറ്റി ഒട്ടേറെ ഐതീഹ്യങ്ങളുണ്ട്. വനാവൃതമായിരുന്ന ക്ഷേത്ര പരിസരത്തെ കുളത്തിൽ തപസ്സനുഷ്ഠിച്ച മഹർഷിയുടെ തപോനിഷ്ഠ കൊണ്ട് പ്രാധാന്യമർഹിക്കുന്നതാണ് ക്ഷേത്രക്കുളമെന്ന് വിശ്വസിക്കുന്നു. ഇവിടുത്തെ രാഹുകാല പൂജക്ക് പ്രത്യേക പ്രാധാന്യം കല്പിച്ചുപോരുന്നു.

അക്കരപ്പാടം ഓങ്കാരേശ്വരം, പെരുമ്പള്ളിക്കാവ്, തോട്ടാറമുറ്റം, പരുത്തിമുടി ശ്രീനാരായണ ബാലസുബ്രഹ്മണ്യക്ഷേത്രം, ശ്രീനാരായണപുരം, കീറ്റുപറമ്പ് എന്നീ ഹൈന്ദവക്ഷേത്രങ്ങളും ശ്രീനാരായണഗുരു സന്ദർശിച്ച ചെമ്മനാകരി വേണുഗോപാലക്ഷേത്രവും, വല്യാറ അമ്പലവും ഈ പഞ്ചായത്തിന്റെ സാംസ്കാരിക സമ്പത്തിൽപ്പെടുന്നു.

വല്ലകം, ഉദയനാപുരം ഓർശലേം പള്ളികൾ ഈ പഞ്ചായത്തിനുള്ളിൽ വരുന്ന പ്രസിദ്ധങ്ങളായ ക്രിസ്തീയ ദേവാലയങ്ങളാണ്.

1877 ൽ സ്ഥാപിതമായ ഉദയനാപുരം സെന്റ് ജോസഫ് പള്ളി എല്ലാവർഷവും മെയ് മാസം ഒന്നാം തീയതി കഴിഞ്ഞുവരുന്ന ആദ്യത്തെ ഞായറാഴ്ചനടത്തുന്ന St. ജോസഫിന്റെ തൊഴിലാളി മദ്ധ്യസ്ഥതിരുനാൾ ആഘോഷവും, ജനുവരി 20 കഴിഞ്ഞുവരുന്ന ആദ്യത്തെ ഞായറാഴ്ച നടത്തുന്ന തിരുനാൾ ആഘോഷവും പ്രസിദ്ധമാണ്. വസൂരി തുടങ്ങിയ രോഗനിവാരണത്തിനായി നടത്തുന്ന കഴുന്ന് (അമ്പ്) എഴുന്നള്ളിപ്പും എല്ലാ മതവിഭാഗങ്ങളുടേയും ആദരവു പിടിച്ചുപറ്റുന്നു. ഏപ്രിൽ, ജൂൺ മാസങ്ങളിലെ ആഘോഷങ്ങളും മാർച്ച് 19 ന് നടത്തുന്ന മരണത്തിരുനാളും നേർച്ചസദ്യയും ആയിരങ്ങൾക്ക് ആത്മസംതൃപ്തി നൽകുന്നു. ഓർശലേം പള്ളിയിലെ അമലോത്ഭവ തിരുനാൾ ഡിസംബർ 8 ന് ആഘോഷിക്കപ്പെടുന്നു. 1905 ൽ സ്ഥാപിക്കപ്പെട്ടതാണ് വല്ലകം സെന്റ് മേരീസ് ദേവാലയം. എല്ലാ വർഷവും ഫെബ്രുവരി മാസം ആദ്യത്തെ ഞായറാഴ്ച ഈ പള്ളിയിൽ മാതാവിന്റെ ശുദ്ധീകരണത്തിരുനാളും മാർച്ച് 19 ന് മരണതിരിനാളും കൊണ്ടാടുന്നു. 1995 ൽ പഞ്ചായത്ത് 11-)ം വാർഡിൽ ജീവനിലയം എന്ന അനാഥാലയം CMI കാർ സ്ഥാപിച്ചതാണ്. ഇവിടെ ഇപ്പോൾ 11 അന്തേവാസികളാണുള്ളത്. 10-)ം

വാർഡിൽ അസീസി സിസ്റ്റേഴ്സ് നടത്തുന്ന നിർമ്മല ഓർഫനേജിൽ 60കുട്ടികളുമുണ്ട്. 5-ാം വാർഡിൽ ഉൾപ്പെട്ട നക്കംതുരുത്ത് ഭാഗത്ത് ഒരു മുസ്ലീം പള്ളിയും സ്ഥിതിചെയ്യുന്നു. ഈ മൂന്നു വിഭാഗക്കാരുടേയും ആരാധനാലയങ്ങൾ മതസൗഹാർദ്ദത്തിന്റെ മഹത്തായ സന്ദേശം ജനങ്ങൾക്കു പകർന്നുകൊടുക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവാണെങ്കിലും സാക്ഷരതയുടെ കാര്യത്തിൽ അത്ര മോശമല്ലാത്തൊരു സ്ഥാനം നില നിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാക്ഷര തായജ്ഞത്തിൽ പങ്കെടുത്തവർ ഈ പഞ്ചായ ത്തിൽ നിരവധിയുണ്ട്. പ്രത്യേകിച്ച് പട്ടികജാ തിക്കാരും മറ്റു പിന്നോക്കക്കാരും ധാരാളമുള്ള ഈ പഞ്ചായത്തിൽ സാക്ഷരരുടെ ശതമാനം 85% പിടിച്ചുനിർത്താൻ സാധിച്ചത് ചെറിയകാ ര്യമല്ല. വായനശാലകൾ തീരെ കുറവുള്ള ഒരു പഞ്ചായത്താണിത്. 5-ാം വാർഡിൽപ്പെട്ട നാനാ ടം മാർക്കറ്റിനോട് ചേർന്ന് നാനാടത്തുചിറ യിൽ ശ്രീ. O.C. മാധവൻ സംഭാവന ചെയ്ത മൂന്നു സെന്റ് സ്ഥലത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുപോരുന്ന വായന ശാലയിൽ ഏതാണ്ട് അയ്യായിരത്തോളം പുസ്ത കങ്ങളുണ്ട്. പഞ്ചായത്ത് ഏറ്റെടുക്കുന്നതു വരെ 1300രൂപ ഗ്രാന്റായി ലഭിച്ചിരുന്നതും പിന്നീട് നഷ്ടമായി. നാമമാത്രമായ ഒരു കമ്മറ്റി ടി ഗ്രന്ഥശാലയുടെ ദൈനംദിനഭരണം നിർവ്വഹി ച്ചുപോരുന്നു. നേരേകടവ് ഭാഗത്തുള്ള മഹാത്മാ ഗ്രന്ഥശാലക്ക് 2000 ഓളം പുസ്തകങ്ങളുണ്ട്. ഇത് ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തി ച്ചുപോരുന്നത്. ഇതോടു ചേർന്നുതന്നെ ഒരു കലാ കായിക സമിതിയും പ്രവർത്തിച്ചു വരു ന്നു.

11 വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിലെ ഭൂവിസ്തൃതി 20.15 ച:കി.മീറ്റ റും ജനസംഖ്യ 25695 ഉം ആണ്. ഇതിൽ 12736 പേർ പുരുഷന്മാരും 12959 പേർ സ്ത്രീകളുമാണ്. അവരിൽത്തന്നെ 5329 പേർ പട്ടികജാതി പട്ടി കവർഗ്ഗത്തിൽപ്പെടുന്നു. സാക്ഷരതയുടെ കാര്യ ത്തിൽ പൂർണ്ണത കൈവരുത്തിയിട്ടില്ലെങ്കിലും 10374 പുരുഷന്മാരും 9586 സ്ത്രീകളും ഉൾപ്പെടെ 19960 പേർ, അതായത് 80 ശതമാനത്തിനു മേൽ സാക്ഷരരാണ്. മൊത്തം ജനസംഖ്യയുടെ 18 ശതമാനത്തോളം പട്ടികജാതിക്കാർ നിവസിക്കുന്നു എന്നത് ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലും പട്ടികജാതിക്കാർക്ക് ഗണ്യമായ അംഗസംഖ്യയും ഉള്ളതുകൊണ്ട് പട്ടികജാതിയിൽപ്പെട്ട വനിതകൾക്കായി പ്രസിഡന്റ് സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുള്ള അപൂർവ്വം പഞ്ചായത്തുകളിൽ ഉദയനാപുരവും പെടുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പ് കമ്മറ്റികളിലെല്ലാം തന്നെ ഇടതുപക്ഷത്തിനു മുൻതൂക്കം ലഭിച്ചിട്ടുള്ള ഒരു പഞ്ചായത്താണിത്.

വൈക്കം താലൂക്കിലൊട്ടാകെ നോക്കിയാൽ ആദ്യകാലത്തുണ്ടായ അപൂർവ്വം ഇംഗ്ലീഷ് മിഡിയം സ്ക്കൂളുകളിലൊന്ന് ഈ പഞ്ചായത്തിന്റെ 4 ാം വാർഡിൽ ഇന്നു് കാണുന്ന SMUP സ്ക്കൂൾ ആണ്. കൊ:വ:1101ൽ (AD 1926) സ്ഥലത്തെ ഒരു പൊതുപ്രവർത്തകനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന മുഴയക്കോടത്തു മഠത്തിൽ ശ്രീ ഹരിഹര അയ്യർ എന്ന മണിസ്വാമി സ്ഥാപിച്ച ഈ സ്വകാര്യ മാനേജ്മെന്റ് സ്ക്കൂൾ ഇന്ന് ആതുരാശ്രമമാവുകയാണ്. അന്തരിച്ച ശ്രീ. വി.കെ വേലപ്പൻ, കണ്ടത്തിൽ ശ്രീ അഗസ്റ്റിൻ, പട്ടേരിൽ ശ്രീ വി.കെ പരമേശ്വരൻ നായർ തുടങ്ങിയവർ ആദ്യകാലത്ത് പ്രഥമ അദ്ധ്യാപകനായിരുന്ന മണിസ്വാമിയോടൊപ്പം ഇവിടെ അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. യശഃശരീരികളായ വി.കെ. വേലപ്പൻ, അമ്പലപ്പറമ്പിൽ അബു മുതലാളി, അക്കരപ്പാടം വേലു വൈദ്യർ, പുഴക്കര രാമകൃഷ്ണ പിള്ള, ശങ്കരപ്പിള്ള(പുഴക്കര കുട്ടൻ പിള്ള) തുടങ്ങിയ നിരവധിപ്പേർ ഈ നാടിന്റെ സാമൂഹ്യവും, സാംസ്ക്കാരികവുമായ വളർച്ചയിൽ പങ്കാളികളായിരുന്നിട്ടുണ്ട്.

വടക്കേമുറി, നടുവിലെ എന്നീ വില്ലേജുകളിൽ കയറിയിറങ്ങിക്കിടക്കുന്ന ഈ പഞ്ചായത്ത്-ഉദയനാപുരം പഞ്ചായത്ത് ആദ്യമായി രൂപം കൊണ്ടത് 1953 ആഗസ്റ്റ് 15 നാണ്. അന്ന് എട്ടു വാർഡുകളും 9 സീറ്റുമുള്ള പഞ്ചായത്ത് പ്രവർത്തനമാരംഭിച്ചത് പിതൃകുന്നം ക്ഷേത്രത്തിന് തെക്ക് വശമുള്ള വിദ്വാൻ എ.കെ.പത്മനാഭപിള്ളയുടെ വാടകച്ചാവടി യിലാണ്. പിന്നീടാണ് ഇത്തിപ്പുഴയിലുള്ള S.N.D.P. യോഗം വക കെട്ടിടത്തിലേക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റിയത്. അന്തരിച്ച ഉള്ളാടപ്പള്ളിൽ ശ്രീ. എം. പവിത്രനായിരുന്നു ആദ്യത്തെ പ്രസിഡന്റ്. സർവ്വശ്രീ മാലിപ്പുരയിൽ വി.മാധവൻ, പുഴക്കര രവീന്ദ്രനാഥൻനായർ, കെ.വി.വാസു, എസ്. നാരായണൻ, പാലോടിത്തറ കുമാരൻ, രാഘവൻ ഈരേപ്പാടം, ചോതി എന്നിവരായിരുന്നു മറ്റു മെമ്പറന്മാർ. ആദ്യമായി നിയമിതനായ ഏക ക്ലാർക്ക് ശ്രീ. കെ.ആർ.അരവിന്ദാക്ഷൻ നായരും. ഒരു ക്ലാർക്കും ഒരു പ്യൂണും മാത്രമായായാരംഭിച്ച നമ്മുടെ പഞ്ചായത്താഫീസിൽ ആദ്യമായി ഒരു

എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത് 1956 ൽ ആണ്. ആദ്യത്തെ ഓഫീസറാണ് ശ്രീ.ചെല്ലപ്പൻ.

രണ്ടാമത്തെ കമ്മറ്റി 1964 മുതൽ 1979 വരെ നിലനിന്നു. ശ്രീ. വാസുദേവൻ നമ്പൂതിരി പ്രസിഡന്റും, ശ്രീ. ഐപ്പോര മാത്യു വൈസ് പ്രസിഡന്റുമായ ഭരണസമിതിയിൽ പുഴക്കര രവീന്ദ്രനാഥൻ നായർ, രാമൻ നായർ, വർക്കി ഫിലിപ്പോസ്, കിഴക്കേത്തറ ഗോവിന്ദൻ, ബാലകൃഷ്ണൻ, ഉണ്യാലൻ എന്നിവർ അംഗങ്ങളായിരുന്നു.

പിന്നീട് 1979 ൽ നടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് ശ്രീ.പി.ആർ. രാമകൃഷ്ണൻ പ്രസിഡന്റും, സി.എ.ഹസ്സൻ വൈസ് പ്രസിഡന്റുമായി രൂപം കൊണ്ട പഞ്ചായത്ത് കമ്മിറ്റിയിൽ അംഗങ്ങളായി വന്നത് സർവ്വശ്രീ വി.രാമചന്ദ്രൻ, വർക്കി ഫിലിപ്പോസ്, ഗോപാലകൃഷ്ണൻനായർ, ജലജ, പരമേശ്വരൻ, എം.കെ. ശ്രീകുമാർ, തങ്കമണി, എന്നിവരാണ്. അതിനുശേഷം 1984 മുതൽ 1989 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു.

1989 ൽ നടന്ന തിരഞ്ഞെടുപ്പിലും 10 മെമ്പർമാർ തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ.എൻ. കുമാരൻ പ്രസിഡന്റും, എം.കെ. വാസുദേവൻ വൈസ് പ്രസിഡന്റുമായ കമ്മിറ്റിയിൽ സർവ്വശ്രീ നന്ദകുമാർ, തോമസ്സ് അയ്യനാം പറമ്പിൽ, ടി.പി. നാരായണൻ, കൊച്ചുതറ ദാസപ്പൻ, വി.ജി. വിജയൻ, സൈനബ, ദേവരാജൻ, സൂസമ്മ എന്നിവർ മെമ്പർന്മാരായി രൂപം കൊണ്ട ഭരണസ്മിതി 1995 വരെ ഭരണം നടത്തി.


1995ലെ തിരഞ്ഞെടുപ്പിൽ വിജയിച്ചതു പോലത്തെ ഭരണസമിതിക്കു നേതൃത്വം നൽകുന്നത് കുമാരി ജ്യോതി വാസുദേവൻ ചാത്തങ്കേരിലും, വൈസപ്രസിഡന്റ് കറുകേലിൽ ശ്രീ.കെ.ജി.രാജുവുമാണ്. സർവ്വശ്രീ വലിയപറമ്പിൽ അഡ്വ: കെ.പി.റോയി, പുത്തൻതറ രാജമ്മ, പൊരുത്തുരുത്തിക്കാട് പി.മുകുന്ദൻ, കൊല്ലേരിൽ കെ.പി. ഷാജി, പരുത്തുമുടിത്തറ കുമാരി സീനാമോൾ, വലിയതറ വി.ജി. വിജയൻ, പഴേമഠം ഇ.കെ. ജോസ്, പല്ലാട്ടിൽ ദേവലാൽ എന്നിവരാണ് മറ്റു കമ്മിറ്റി മെമ്പർമാർ. പഞ്ചായത്ത് 7-)ം വാർഡ് മെമ്പർ രാജിവച്ച ഒഴിവിൽ ടി സ്ഥാനത്തേക്കുള്ള ഉപതിരഞ്ഞെടുപ്പ് നടക്കാൻ പോകുന്നു.

1956ൽ വല്ലകം പള്ളിക്ക് സമീപമുള്ള സ്വന്തം കെട്ടിയത്തിലേക്ക് പഞ്ചായത്ത് ഓഫീസ് മാറ്റിസ്ഥാപിച്ചതുമുതൽ ഇന്നോളം അവിടെത്തന്നെ പ്രവർത്തിച്ചുപോരുന്നു. വിശാലമായ കോൺഫ്രൺസ് ഹാളും പ്രസിഡന്റ്, സെക്രട്ടറി ഇവർക്കുള്ള മുറികളും ഓഫീസ് ഹാളും ഉൾപ്പെടെ നല്ല സൗകര്യമുള്ളതും വൈക്കം കോട്ടയം റോഡിൽ സ്ഥിതിചെയ്യുന്നതുമായ മനോഹരമായ ഒരു കെട്ടിടത്തിലാണ് നമ്മുടെ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത്.

"അറിയുംതോറും നമുക്ക് ബോദ്ധ്യപ്പെടും അറിഞ്ഞത് നിസ്സാരവും അറിയാനുള്ളത് അനന്തവുമാണെന്ന്."

(വിവേകാനന്ദൻ).

# കൃഷി ജലസേചനം.



"ജീവിക്കാൻ വേണ്ടി ഭക്ഷണം കഴിക്കുക;
ഭക്ഷണം കഴിക്കാൻ വേണ്ടി ജീവിക്കരുത്".
(ഗാന്ധിജി)

## കാർഷിക ചരിത്രം.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള ഒരു കൃഷി സമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്. ഉഴവിന് കാളയും കലപ്പയും, ജലസേചനത്തിന് ചക്രവും പെട്ടകവും മാത്രമായിരുന്നു നമുക്കാശ്രയം. അതിക്കിരാഴി, മുണ്ടകക്കണ്ണൻ, ഓർ മുണ്ടകൻ, ചേന്നാളി, പാണ്ടി, തുടങ്ങിയ വിത്തിനങ്ങൾ താണ നിലങ്ങളിലും മൂപ്പുകൂടിയതും കുറഞ്ഞതുമായ കൂട്ടുമുണ്ടകൻ കൃഷി സമ്പ്രദായം കരപ്പാടങ്ങളിലും നാം സ്വീകരിച്ചിരുന്നു. മീനം മേടം മാസങ്ങളിൽ പൊടിവിതയായി ആര്യനും പത്തിനു മൂന്നു വച്ച് മുണ്ടകനും ചേർത്ത് വിതയ്ക്കുകയും കന്നിമാസത്തിൽ ആര്യൻ കൊയ്ത്ത് എടുക്കുകയും ചെയ്തുപോന്നു. അവശേഷിക്കുന്ന മുണ്ടകൻ സംരക്ഷിച്ച് പല്ലിക്കടിച്ച് കളനീക്കി ജൈവവളം ചേർത്ത് മകരമാസത്തോടെ വിളവെടുപ്പ് നടത്തുകയും ചെയ്യുന്ന കൃഷി സമ്പ്രദായമാണ് നിലവിലിരുന്നത്. എന്നാൽ ഉല്പാദന ക്ഷമത തൃപ്തികരമല്ലാതെ വന്നതോടെ കൂടുതൽ മെച്ചപ്പെട്ട കൃഷിരീതികൾ നമുക്കാവശ്യമായിവന്നു.

ഈ കാലഘട്ടങ്ങളിൽ ഭൂവുടമാവകാശം വളരെ കുറച്ചു വ്യക്തികളിൽ മാത്രം ഒതുങ്ങി നിന്നിരുന്നു. ജന്മി കുടിയാൻ വ്യവസ്ഥകൾ നിലനിന്നിരുന്നതിനാൽ വാരം, പാട്ടം എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കർഷകരും കർഷകതൊഴിലാളികളും ഈ നിലങ്ങളത്രയും കൃഷിചെയ്തിരുന്ന ഗതകാല ചരിത്രം പുത്തൻ തലമുറയെ അത്ഭുതപ്പെടുത്തിയേക്കാം. എന്നാൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ഭൂവുടമകളുടെ എണ്ണം വർദ്ധിക്കുകയും 60-70 കാലഘട്ടത്തോടെ പുതിയ കൃഷിരീതികൾ സ്വീകരിക്കുകയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള തീവ്രമായ ശ്രമം ആരംഭിക്കുകയും ചെയ്തു. തൽഫലമായി പുതിയ സങ്കരവിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും യന്ത്രവത്കരണം സ്വീകരിക്കുകയും ചെയ്തതോടെ കാർഷികരംഗത്ത് ഒരു വലിയ വിപ്ലവം സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തു.

എന്നാൽഭൂപ്രകൃതിയും പരിസ്ഥിതി പ്രശ്നങ്ങളും മൂലം ഈ മാറ്റങ്ങൾ ഇന്നും നമുക്ക് അന്യമായി നിലകൊള്ളുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടുകൃഷി സമ്പ്രദായം നടപ്പിൽ വരുത്തിയെങ്കിലും ആയതു വേണ്ടത്ര വിജയിപ്പിക്കാൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല.

## ഭൂവിസ്തൃതി.

മൊത്തം 20.15 ച:കിലോമീറ്റർ വിസ്തീർണ്ണം വരുന്ന ഉദയനാപുരം പഞ്ചായത്തിൽ 1425 ഏക്കറോളം നെൽകൃഷിയിടവും 2325 ഏക്കറിനുമേൽ പുരയിടവും 750 ഏക്കർ തരിശുഭൂമിയും 368.64 ഏക്കർ പുറമ്പോക്കുമാണ്. (പട്ടിക 1 നോക്കുക) ഇതിൽത്തന്നെ 11 നെല്ലുല്പാദക സമിതികൾ പ്രവർത്തിക്കുന്ന 293 ഹെക്ടർ ഭൂമിയിൽ 746 കർഷക കുടുംബങ്ങൾ ചേർന്നു കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക 2 നോക്കുക) ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന ഇത്തിപ്പുഴയാറിന്റെ ഇരു വശങ്ങളിലുമുള്ള പ്രദേശം ചരൽ കലർന്ന എക്കൽ മണ്ണോടുകൂടിയ ഫലഭൂയിഷ്ഠമായ നിരപ്പു ഭൂമിയാണ്. പടിഞ്ഞാറെ അതിർത്തിയിലുള്ള പ്രദേശങ്ങളാകട്ടെ, വേമ്പനാട്ടു കായലിനോട് ചേർന്നു കിടക്കുന്നതും, കായൽചെളിയും മണ്ണും കലർന്ന വെള്ളക്കെട്ടുള്ള ചതുപ്പു നിലങ്ങളും തോടുകളും ഉൾപ്പെടുന്നു. എന്നാൽ തെക്കും കിഴക്കുമുള്ള പ്രദേശമാകട്ടെ, എക്കലും, കരിമണ്ണും നിറഞ്ഞ നിലങ്ങളും, സമതലങ്ങളുമായി കാണപ്പെടുന്നു. മദ്ധ്യഭാഗം പൂഴികലർന്ന ഫലഭൂയിഷ്ഠമായ എക്കൽ മണ്ണോടു കൂടിയ സമതലപ്രദേശമാണെങ്കിലും തുറുവേലുക്കുന്നു ഭാഗം ഇതിൽ നിന്നും

വ്യത്യസ്തവും, വെട്ടുകല്ലു നിറഞ്ഞതും ഉയർന്നതുമായി കാണപ്പെടുന്നു.

ഇവിടുത്തെ ഭൂമിയുടെ കിടപ്പനുസരിച്ച് നീരൊഴുക്ക് വടക്കു കിഴക്കു ഭാഗത്തുനിന്നും തെക്കു പടിഞ്ഞാറു ദിശയിലേക്കാണ്. മാത്രവുമല്ല, നമ്മുടെ പഞ്ചായത്തിന്റെ തെക്കു കിഴക്കുഭാഗത്ത് സമുദ്രനിരപ്പിൽ നിന്ന് 5 മീറ്റർ താഴെയും തെക്കു പടിഞ്ഞാറൻ മേഖലയിൽ 2മീറ്റർ താഴെയും പാറനിരകൾ കാണപ്പെടുന്നു.ഇതര പഞ്ചായത്തുകളിൽ നിന്നും ഈ പഞ്ചായത്തിനുള്ള ശ്രദ്ധേയമായ ഒരു വ്യത്യാസം വൻമരങ്ങളുടെ എണ്ണത്തിലുള്ള കുറവാണ്.തീരപ്രദേശങ്ങളിൽ പൂവരശും, ഒതളവും വ്യാപകമായി കാണപ്പെടുന്നു.

വടക്കു കിഴക്കു നിന്നു തെക്കോട്ടും, പടിഞ്ഞാറോട്ടുമായി ഒഴുകുന്ന നിരവധി തോടുകൾ ഈ പഞ്ചായത്തിലുണ്ട്. നാരകത്തറ ചെമ്മനാകരി, വെള്ളർകാട്, പാമ്പിഴഞ്ഞി, മാടവന, ഇടയാർ, ഇത്തിപ്പുഴ, മൂത്തേരി, കണിയാൻ തോട്, കണ്ണാട്ടു തോട്, തേനാമിറ്റം, ശങ്കരാലി, മണിയൻ തോട്, തമ്പിത്തറ തോട്, വല്ലകം-വാഴമന, കണ്ടംകേരി, ഈനാം തുരുത്തിൽ, കണ്ണങ്കേരി തുടങ്ങിയ 33.5 കിലോ മീറ്റർ ദൈർഘ്യം വരുന്ന പ്രധാന തോടുകളും വിവിധ വാർഡുകളിലായി കിടക്കുന്ന എഴുപതിനുമേൽ സ്വകാര്യ കുളങ്ങളും ശ്രീ നാരായണപുരം, ഇരുമ്പൂഴിക്കര, നേരേകടവ് തുടങ്ങിയ സ്ഥലങ്ങളിലായി അര ഡസനിലധികം പൊതുകുളങ്ങളും ഉൾപ്പെടുന്ന ജലസമ്പത്ത് ഈ പഞ്ചായത്തിനു സ്വായത്തമാണ്. തോടുകൾ മിക്കവയും അനധികൃതമായി ഇരുവശവും കയ്യേറിയും കാലാകാലങ്ങളിൽ മതിയായ സംരക്ഷണം കിട്ടാതെയും ഒതുങ്ങിപ്പോവുകയും സഞ്ചാരയോഗ്യമല്ലാതായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ നീരൊഴുക്കു തടസ്സപ്പെടുന്നതുമൂലം ഈതോടുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന പല നിലങ്ങളും വെള്ളം കിട്ടാതെ കൃഷിയോഗ്യമല്ലാതായിതീർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗമായ നേരേകടവ്, അക്കരപ്പാടം, പനമ്പുകാട് തുരുത്താവേലി പ്രദേശങ്ങളിൽ ഡിസംബർ ആദ്യം മുതൽ ഓരു വെള്ളം കയറുന്നതിനാൽ കുടിവെള്ളക്ഷാമവും, കൃഷിയുടെ തടസ്സവും അനുഭവപ്പെടുന്നു. ഇവയിൽ തോടുംപുഴയും ഉൾപ്പടെ 368 ഏക്കർ 64 സെന്റും പുറമ്പോക്ക് ആണെന്നുള്ളതു ശ്രദ്ധേയമാണ്.

## ജലസേചന പദ്ധതികളും ജല ലഭ്യതയും

മൂവാറ്റുപുഴയാറിന്റെ വരദാനമെന്നു വിശേഷിപ്പിക്കാവുന്നതും ഇരു കൈവഴികൾ കൊണ്ടും വലയം ചെയ്തു അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ളതാണ് ഈ പഞ്ചായത്തെങ്കിലും യഥേഷ്ടം ഈ നീരൊഴുക്കു പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്ത ദുരവസ്ഥ നിലവിലുണ്ട്. ജലസേചനവകുപ്പിൽ നിന്നും ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ അപര്യാപ്തമാണ്. (പട്ടിക 4 കാണുക)

മേൽപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതിയോടൊപ്പം മൂവാറ്റുപുഴയാറിന്റേയും, വേമ്പനാട്ടുകായലിന്റേയും ഇടയ്ക്കു സ്ഥിതി ചെയ്യുന്ന ചെമ്മനാകരി പാടശേഖരത്തിന്റെ തെക്കുഭാഗത്ത് 110 മീറ്റർ കരിങ്കൽ കെട്ടുന്നതിനും മൂവാറ്റുപുഴയാറിന്റെ കുത്തൊഴുക്കു ഈ പാടശേഖരത്തിന്റെ ബണ്ടിൽ തട്ടുന്ന ഭാഗത്ത് പുലിമുട്ടു കെട്ടുന്നതിനും വടക്കു പടിഞ്ഞാറുഭാഗത്ത് ക്രോസ്ബാർ നഷ്ടപ്പെട്ടതു പുനസ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റു തയ്യാറാക്കുന്നതിനും ജലസേചനവകുപ്പിൽ നിന്നും വൈക്കം മൈനർ ഇറിഗേഷൻ അസി. എഞ്ചിനീയർക്കു നിർദ്ദേശം കൊടുത്തു 6 മാസമായിട്ടും എസ്റ്റിമേറ്റെടുക്കുന്നതിനു തയ്യാറായിട്ടില്ല. ഈ പാടശേഖരത്തിലെ നെൽകൃഷിയെ വെള്ളപ്പൊക്കത്തിൽ നിന്നും ഓരുവെള്ളത്തിൽ നിന്നും രക്ഷിക്കുന്നതിന് ഈ ജോലി അടിയന്തിരമായും നടത്തേണ്ടതാണ്.

വെള്ളൂർ ന്യൂസ് പ്രിന്റിലെ അവശിഷ്ടങ്ങൾ കൊണ്ട് മലിനമാകുകയും വേണ്ടത്ര മുട്ടുകളും ചീപ്പുകളും മറ്റു ജലസേചന സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ട് പ്രകൃതി കനിഞ്ഞു നല്കിയ ഈ ജലസമ്പത്ത് നമുക്ക് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ മറ്റു പല ഘടകങ്ങളേയും എന്ന പോലെ മഴയെ വീണ്ടും ആശ്രയിക്കുവാൻ നാം നിർബന്ധിതരാകുന്നു. പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി പ്രാദേശിക വിള വികസനത്തിനായി കൃഷിവകുപ്പിൽ നിന്നും 10 കിണറുകൾ നിർമ്മിച്ചതുൾപ്പെടെ നിരവധി ചെറിയ കുളങ്ങളും ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനം കിട്ടുന്നില്ല. ചിലപ്പോൾ ജലാധിക്യം മൂലവും, ചിലപ്പോൾ ജല ദൗർലഭ്യം മൂലവും

നെൽകൃഷി നശിച്ചു പോകുന്നു. തോടുകൾ തെളിക്കാതിരിക്കുന്നതു മൂലവും വിസ്തൃതി കുറയുന്നതു മൂലവും അവയും കൃഷിക്കു വേണ്ടത്ര സഹായകമാകുന്നില്ല. ഉദയനാപുരം പഞ്ചായത്തിന്റെ 3-ാം വാർഡിന്റെ കിഴക്കേ അറ്റത്ത് ശാസ്താംപറമ്പു പുരയിടത്തിൽ ഏകദേശം 50 മീറ്ററോളം താഴ്ത്തിയിട്ടുള്ളതും ഒരടി വ്യാസമുള്ളതുമായ ഒരു കുഴൽ കിണർ ഏതാണ്ട് 2 പതിറ്റാണ്ട് മുൻപ് ഭൂഗർഭജല വകുപ്പ് നിർമ്മിച്ചിട്ടുള്ളതു് വലിയ ഒരു പ്രദേശത്തെ ജലസേചനത്തിനു പ്രാപ്തിയുള്ള താണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറയോ ശ്രദ്ധ വേണ്ടത്ര പതിയാത്ത ഈ വലിയ ജലസ്രോതസ്സ് ഇന്നും അവഗണിക്കപ്പെട്ടു കിടക്കുന്നു. ഈ ജലസ്രോതസ്സ് റോഡരുകിൽ നിലവിലുള്ള ഓട കോൺക്രീറ്റ് ചെയ്ത് പടിഞ്ഞാറോട്ടു പമ്പുചെയ്തു ഒഴിക്കിവിട്ട് ഏകദേശം 50 ഏക്കറോളം വരുന്ന ഈ പാടശേഖരങ്ങളിൽ കൃഷി ഭംഗിയായി നടത്തുന്നതിനും സഹായകമാകുന്നതും ഈ പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പര്യാപ്തമാണ്.

## തെങ്ങുകൃഷി

നെൽപ്പാടങ്ങൾ നീക്കി ഏതാണ്ട് 2315 ഏക്കറോളം വരുന്ന ഭൂമിയിൽ ഭൂരിഭാഗവും തെങ്ങുകൃഷി നടത്തുന്നവയാണ്. പഞ്ചായത്തിലെ 11 കേരവികസന സമിതികളിൽ നിന്നും ശേഖരിച്ച കണക്കു പ്രകാരം 1,85,252 തെങ്ങുകൾ ഉള്ളതിൽ എഴുപത്തിയഞ്ചു ശതമാനം തെങ്ങുകളും കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലമഞ്ഞളിപ്പ്, കുലവാട്ടം, വേരുരോഗം, ചെല്ലിക്കുത്ത് തുടങ്ങിയ രോഗങ്ങൾ ബാധിച്ച് ഉല്പാദന ക്ഷമത കുറഞ്ഞു കൊണ്ടിരിക്കുന്നു. എന്നാൽ പടിഞ്ഞാറൻ കായൽതീരത്തും വൈക്കപ്രയാർ വല്ലകം ഭാഗങ്ങളിലും വടക്കും കിഴക്കും പുഴയോരങ്ങളിലും സാമാന്യം മെച്ചപ്പെട്ട രീതിയിൽ ഉല്പാദനക്ഷമത കാണപ്പെടുന്നു. മദ്ധ്യഭാഗം ഉൾപ്പെടുന്ന ഇരുമ്പുഴിക്കര, വൈക്കപ്രയാറിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിലും നാനാടം ഭാഗത്തും ഉല്പാദന ക്ഷമത താരതമ്യേന കുറവാണ്.

നെല്ല്, തെങ്ങ് എന്നിവയ്ക്ക് പുറമേ വാഴ, മരച്ചീനി, പയറ്, എള്ള്, പച്ചക്കറി, പൈനാപ്പിൾ എന്നിവ ഇടവിളയായും കമുക്, കൊക്കോ, ജാതി, കുരുമുളക് തുടങ്ങിയവയും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായി വ്യാപകമായി കൃഷി ചെയ്യുന്നു. നേരിയ തോതിൽ കുറ്റിമുല്ല തുടങ്ങിയ പുഷ്പകൃഷിയും പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ ചെയ്തു വരുന്നു. ഇവയ്ക്കാവശ്യമായ കൃഷിഭവൻെറ സഹായം പട്ടിക 5ൽ രേഖപ്പെടുത്തിയിരിക്കുന്നു. (പട്ടിക 5 നോക്കുക)

## കൃഷിഭവൻ

ഈ പഞ്ചായത്തിലുള്ള കൃഷിഭവൻെറ ആസ്ഥാനം ഉദയനാപുരം ക്ഷേത്രത്തിനു പടിഞ്ഞാറുവശം ആകുന്നു. ഒരു കൃഷി ഓഫീസറും, കൃഷി അസിസ്റ്റൻറും മാത്രമുള്ള ഈ കൃഷിഭവൻെറ സഹായം പഞ്ചായത്തിലൊട്ടാകെ ഫലപ്രദമായി ലഭിക്കുന്നതിനു പരിമിതികളുണ്ട്. ഈ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ 11 നെല്ലുല്പാദകസമിതികളും (പട്ടിക 2 കാണുക) അത്രയും തന്നെ കേരവികസന സമിതികളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിസ്തൃതമായ ഈ പഞ്ചായത്തിൻെറ കാർഷിക മേഖലയിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾക്ക് മതിയായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും, മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷിമെച്ചപ്പെടുത്തുന്നതിനും കൃഷിഭവൻെറ ഇപ്പോഴത്തെ ഘടനയിൽ മാറ്റം വരുത്തി പ്രവർത്തനം കർഷകർക്കു പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയണം.
(പട്ടിക 6 കാണുക)

## വളം കാർഷിക ഉപകരണങ്ങൾ

സഹകരണമേഖലയിൽ ഉദയനാപുരത്തുള്ള 1321 ാം നമ്പർ സൊസൈറ്റിയും അതിൻെറ വല്ലകത്തുള്ള ബ്രാഞ്ചും, പ്രൈവറ്റു മേഖലയിൽ വൈക്കപ്രയാർ ആർ. സുരേഷിന്റേയും അവിടെത്തന്നെയുള്ള ശ്രീ ദുർഗ്ഗാ എന്റർപ്രൈസസും ഉൾപ്പെടെ നാലു വളം വിപണനകേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. മണ്ണു പരിശോധന വേണ്ടവിധം നടത്താത്തതുകൊണ്ട് ശാസ്ത്രീയമായ അടിസ്ഥാന വളത്തിൻെറ ഉപയോഗം സാദ്ധ്യമല്ലാതായിരിക്കുന്നു. ആധുനികരീതിയിലുള്ള കാർഷിക ഉപകരണങ്ങൾ വേണ്ടത്ര ലഭിക്കാനുള്ള ബുദ്ധിമുട്ട് പഞ്ചായത്തിൽ ഉടനീളം അനുഭവപ്പെടുന്നു. കൃഷിഭവനിൽനിന്നും വിതരണം ചെയ്തിട്ടുള്ള കാർഷിക

ഉപകരണങ്ങൾ (പട്ടിക 7 കാണുക) ട്രാക്റ്റർ, ട്രില്ലർ, തെങ്ങുകയറ്റയന്ത്രം, പൗവ്വർ സ്പ്രെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏറ്റവും കൂടുതൽ ആവശ്യമായിത്തീർന്നിരിക്കുന്നു. കർഷകത്തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഈ പ്രശ്നത്തിന്റെ ഗൗരവത്തിലേക്കു വിരൽ ചൂണ്ടുന്നു. തൊഴിലാളികളുടെ എണ്ണം പൊതുവെ കാർഷികമേഖലയിൽ പ്രത്യേകിച്ച് കുറഞ്ഞുവരുന്നു. വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതിയും ലഭിക്കുന്ന കൂലിയുടെ അപര്യാപ്തതയും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പഞ്ചായത്തിൽ കൂലിക്ക് ഒരു ഏകീകൃത സ്വഭാവമില്ലെങ്കിലും പഞ്ചായത്തിൽ പലയിടത്തും കർഷക ത്തൊഴിലാളികൾക്ക് 5 മണിക്കൂർ നേരത്തേക്ക് പുരുഷന് 60 രൂപയും സ്ത്രീതൊഴിലാളിക്ക് 30 രൂപയും മിനിമം കൂലി ലഭിക്കുന്നു. തന്മൂലം മെച്ചപ്പെട്ട വേതനം ലഭിക്കുന്ന നിർമ്മാണ പ്രവർത്തന മേഖല പോലുള്ളയിടങ്ങളിലേക്ക് കർഷകത്തൊഴിലാളികൾ തിരിയുകയും ചെയ്യുന്നു. (പട്ടിക 8 കാണുക)

## കാർഷിക വായ്പ.

1321 ഉദയനാപുരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കും അതിന്റെ വല്ലകം ബ്രാഞ്ചും നാനാടത്തുള്ള സിൻഡിക്കേറ്റ് ബാങ്കും ആണ് കർഷകർക്കു വായ്പ നൽകുന്ന ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ കൂടാതെ വൈക്കം ടൗണിലുള്ള കാർഷിക വികസന ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വൈക്കം, കുലശേഖരമംഗലം, തലയോലപ്പറമ്പ്, കടുത്തുരുത്തി ശാഖകളും അർബൻ കോപ്പറേറ്റീവ് ബാങ്കും, ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്കും, സൗത്തിൻഡ്യൻ ബാങ്ക് തുടങ്ങിയകൊമേഴ്സ്യൽ ബാങ്കുകളും നൽകുന്ന വായ്പകൾ ഈ പഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

പഞ്ചാത്തിന്റെ വടക്കും കിഴക്കും ഭാഗങ്ങളിലുള്ള മൂവാറ്റുപുഴയാറിന്റെ കൈവഴി യായ ഇത്തിപ്പുഴയുടെ തീരം ഒഴുക്കുകൂത്തു കൊണ്ടും കൊല്ലി ഉപയോഗിച്ചുള്ള മണൽ വാരുമൂലവും ഇടിഞ്ഞ്പൊയ്ക്കൊണ്ടിരിക്കുന്നു. ഇത് പുഴയോരവാസികളെ സംബന്ധി ച്ചിടത്തോളം വലിയൊരു ഭീഷണിയായി നിലകൊള്ളുന്നു. ഇത് വൈക്കം എറണാകുളം റോഡിലുള്ള ഇത്തിപ്പുഴപാല ത്തിന്റെ നിലനില്പിനെത്തന്നെ ബാധിക്കുകയും ചെയ്യാനിടയുണ്ട്.

1. മണൽവാരൽ നിയന്ത്രിച്ചും ആവശ്യമായ ഇടങ്ങളിലെല്ലാം വേണ്ടത്ര പുലിമുട്ടുകൾ നിർമ്മിച്ചും മേജർ ഇറിഗേഷന്റെ സഹായത്തോടെ കുത്തൊഴുക്കുള്ള ഇടങ്ങളിൽ കൽക്കെട്ടു നിർമ്മിച്ചും ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കാവുന്നതാണ്.

2. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഓരുവെള്ള ഭീഷണി നേരിടാൻ ആവശ്യമായ ബണ്ടുകളും ക്രോസ് ബാറുകളും നിർമ്മിക്കുകയും മണ്ണു പരിശോധന നടത്തി പരിഹാരം കണ്ടെത്തുകയും തരിശായിക്കിടക്കുന്ന നിലങ്ങളിൽ കൃഷിയിറക്കുവാൻ കർഷകരെ ബോധവൽക്കരിക്കുകയും കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യണം.
മേൽപ്പറഞ്ഞവയിൽ ആദ്യത്തേത് ഒഴിച്ചുള്ളവ പഞ്ചായത്തിനാകമാനം ബാധകമാണ്. ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടിയൊഴുകുന്ന കരിയാറിന്റെ വല്യാനപ്പുഴ ഭാഗത്ത് സ്പിൽവേ നിർമ്മിക്കുകയും പുത്തൻ തോട്ടിൽ മുൻപുണ്ടായിരുന്ന ചീപ്പ് പുന സ്ഥാപിക്കുകയും ചെയ്താൽ കിഴക്കൻ മേഖലയിലുള്ള വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. ജലസേചനത്തിന് ആവശ്യമായ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുകയും വളം കീടനാശിനികൾക്ക് സബ്സിഡികൾ പുനസ്ഥാപിക്കുകയും കൂലി നിജപ്പെടുത്തുകയും ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള സംഭരണം, വിപണനം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ മെച്ചപ്പെട്ട ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും കൂടി ചെയ്താൽ ഒരു പരിധിവരെ നെൽകൃഷി മെച്ചപ്പെടുത്താം.

3. നിലവിലുള്ള പ്രവർത്തനക്ഷമതയില്ലാത്ത നെല്ലുല്പാദന സമിതികളുടേയും കേരവികസന സമിതികളുടേയും പ്രവർത്തനം കുറ്റമറ്റതാക്കുയോ അല്ലാത്തപക്ഷം തൽസ്ഥാനത്ത് കാര്യശേഷിയുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുകയോ വേണം.

### പട്ടിക 2

85 ശതമാനം സബ്സിഡി നൽകി പാടശേഖരസമിതികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് PMSP പ്രകാരം നടത്തിയ പദ്ധതിസംബന്ധിച്ച വിവരം

| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | കൃഷിക്കാരുടെ എണ്ണം | അനുവദിച്ച തുക | ചെലവാക്കിയതുക | അനുവദിച്ചിട്ടുള്ളതും ചെയ്തു തീർത്തിട്ടുള്ളതുമായ പദ്ധതികൾ |
|---|---|---|---|---|---|---|
| 1 | ഇരുമ്പുഴിക്കര ചാലകം | 30 ഹെ. (2 കൃഷി) | 78 | 3,31,500 | പണിചെയ്തിട്ടില്ല | പുറംബണ്ടുനിർമ്മാണം എഞ്ചിൻതറ, പെട്ടിയും പറയും 20 HP മോട്ടോർ |
| 2 | ചാലകം ചെമ്പക്കര | 6 ഹെ. (2 കൃഷി) | 19 | 1,58,000 | 27600 (പണിപൂർത്തിയായില്ല) | പുറം ബണ്ട്, എഞ്ചിൻതറ മോട്ടോർ, പെട്ടിയും പറയും |
| 3 | വാഴന നോർത്ത് ബ്ലോക്ക് | 35 ഹെ (2 കൃഷി) | 104 | 6,92,000 | 6,16,654 പണി തീർന്നു) | പുറംബണ്ട് എഞ്ചിൻതറ |
| 4 | വാഴന സൗത്ത് ബ്ലോക്ക് | 40 ഹെ (2) | 112 | 8,55,000 | 5,93,935 (പണിതുടരുന്നു) | പുറം ബണ്ട് 50എച്ച്.പി. മോട്ടോർ പെട്ടിയുംപറയും |
| 5 | കണ്ടംകരി | 22ഹെ | 51 | 2,80,000 | 2,38,000 പണിതീർന്നു) | പുറം ബണ്ട് |
| 6 | മേനാപ്പള്ളി | 100 ഹെ | 220 | 9,30,000 | 9,90,500(പണിതീർന്നു) | പുറം ബണ്ട് |
| 7 | ചെമ്മനാകരി | 15 ഹെ | 36 | 1,26,000 | 92,540 (പണിതീർന്നു) | പുറം ബണ്ട് |
| 8 | വേമ്പനാകരി | 16 ഹെ. | 43 | ഫണ്ട് അനുവദിക്കാത്തതുകൊണ്ട് പണിതുടങ്ങിയിട്ടില്ല | | - |
| 9 | മുട്ടർ | 7 ഹെ | 17 | ഫണ്ട് അനുവദിക്കാത്തതുകൊണ്ട് പണിതുടങ്ങിയിട്ടില്ല | | |
| 10 | വരമ്പിനകം ചെട്ടിമംഗലം | 10 ഹെ | 25 | ഫണ്ട് അനുവദിക്കാത്തതുകൊണ്ട് പണിതുടങ്ങിയിട്ടില്ല | | |
| 11 | തുരുത്തോവേലി(പനമ്പുകാട്) | 12 ഹെ | 43 | ഫണ്ട് അനുവദിക്കാത്തതുകൊണ്ട് പണിതുടങ്ങിയിട്ടില്ല | | |

അവലംബം നെൽകൃഷി സബ്സിഡി വിതരണ രജിസ്റ്റർ

### പട്ടിക 6

പഞ്ചായത്തിൽ കൃഷിഭവനിൽനിന്നും നടപ്പിലാക്കിയ വിവിധസ്കീമുകളെ സംബന്ധിച്ച വിവരം

| സ്കീമിന്റെ വിവരം | 1993 1995 | 1994 1995 | 1995 1996 |
|---|---|---|---|
| നെൽകൃഷിബോണസ്സ് (ഗ്രൂപ്പ് ഫാമിംഗ്) | | | |
| വിരിവ് | 2270 രൂപ | 16953 രൂപ | |
| മുതുകൻ | | 46497 രൂപ | |
| ആകെ | 2270.00 | 63497.00 | |
| നാളികേര വികസന പദ്ധതി | | 75 M.T. 1351കർഷകർക്ക് | 63M.T. 1350 കർഷകർക്ക് |
| രാസവളം | | | |
| കേടുവന്ന തെങ്ങുകൾ വെട്ടിയതിന് | | | 1000 തെങ്ങ് 2,00,000 |
| ഇടവിള വാഴവിത്ത് | | | 3965 എണ്ണം 13,997 |
| ചേന, ചേമ്പ്, കാച്ചിൽ | | 5700 | |
| സമഗ്ര നാളികേര വികസന പദ്ധതി (കമ്മ്യൂണിറ്റി ഇറിഗേഷൻ) പദ്ധതികളുടെ എണ്ണം തുക | വിസ്തീ: എണ്ണം തുക | വിസ്തീ: എണ്ണം തുക<br>14.93 ഹെ 2 3.92ലക്ഷം | വിസ്തീ: എണ്ണം തുക<br>16.06ഹെ 2 3.07ലക്ഷം |
| പയർവർഗ്ഗങ്ങളുടെ വികസനം (വിത്ത്,വളം,കീടനാശിനി,സബ്സീഡി | 2349.00 | 3080.00 | 815.00 |
| പച്ചക്കറി വികസനം (വിത്ത്, സന്താനങ്ങൾ) | 1100.00 | 711 650.00 | 570 800.00 |
| ജൈവവളവികസനം | 2035 | 7800.00 | 3755.00 |
| പ്രകൃതിക്ഷോഭ ധനസഹായം | | 32.14ഹെ 32140.00 | |
| ബയോഗ്യാസ് വികസനപദ്ധതി | | പ്ലാന്റ് 2400.00 | പ്ലാന്റ് 2400.00 |
| മണ്ണുപരിശോധന | 300 സാമ്പിൾ | 300 സാമ്പിൾ | 250 സാമ്പിൾ |

അവലംബം കൃഷിഭവൻ രജിസ്റ്ററുകൾ

പട്ടിക.6

പ്രായാധിക്യം ചെന്നതൊഴിലാളികർഷകത്തൊഴിലാളി

പെൻഷൻ സംബന്ധിച്ചവിവരം 1995വരെ.

| വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | വിതരണം ചെയ്ത തുക |
|---|---|---|---|
| പടക്കേമുറി | 343 | 210 | 72030 |
| നടുവില | 601 | 210 | 126210 |
| ആകെ | 944 | | 1,98,240 |

(അവലംബം ജില്ലാലേബർ ഓഫീസ് രജിസ്റ്റർ)

പട്ടിക 4

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ പദ്ധതികളുടെ വിവരങ്ങൾ.

| ക്ര. നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റു തുക | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| | കോട്ടവാടിച്ചിറ തുരുത്താവേലി പാടശേഖരത്തിനുസമീപം വേമ്പനാടു കായലിന്റ് തീരസംരക്ഷണണം. | 2 1 96 | പണി പുരോഗമിക്കുന്നു | 197350.00 | വെള്ളപ്പൊക്ക സംരക്ഷണം |
| | തുരുത്താവേലി പാടശേഖരത്തിനു സമീപം കണിയാൻതോടിന്റ് അഭിവൃദ്ധിപ്പെടുപത്തൽ | പണി ആരംഭിച്ചിട്ടില്ല എഗ്രിമെന്റ് വച്ചിട്ടുണ്ട് | | 2,97444.00 | ഉൾനാടൻ ജലഗതാഗതം |

നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്ര. നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| | ആറ്റുവേലക്കടവിന് അടുത്ത് മൂവാറ്റുപുഴയാറിന്റ് തീര സംരക്ഷണം | 125 ഹെ. | 10 ലക്ഷം | വെള്ളപ്പൊക്ക നിയന്ത്രണം |
| | വടയാർ ഫ്ലഡ്ബങ്ക് ഇത്തിപ്പുഴ പ്പാലത്തിലേക്കു നീട്ടലും അഭിവൃത്തിപ്പെടുത്തലും | 120 ഹെ. | 8 ലക്ഷം | വെള്ളപ്പൊക്ക നിയന്ത്രണം. |

പട്ടിക 3

കഴിഞ്ഞ ആറു വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവ്

| വർഷം | ജനു. | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ. | സെപ്റ്റ. | ഒക്ടോ. | നവം. | ഡിസം. | വാർഷിക ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | | 6.0 | 6.74 | 99.4 | 151.8 | 1477.3 | 512.6 | 351.0 | 145.9 | 221.7 | 45.8 | | 256.5 |
| 92 | | | | 44.0 | 437.1 | 851.6 | 787.6 | 452.3 | 297.0 | 305.0 | 295.6 | | 289.18 |
| 93 | | 12.3 | 3.6 | 39.8 | 130.4 | 782.8 | 712.6 | 115.5 | 103.5 | 619.2 | 115.5 | 40.4 | 226.3 |
| 94 | 32.8 | 54.2 | 44.2 | 140.0 | 198 | 706.4 | 586.4 | 543.4 | 235.6 | 323.0 | 116.8 | 45.2 | 252.1 |
| 95 | 7.6 | 45.8 | 171.6 | 301.4 | 479.6 | 511.6 | 421.4 | 366.0 | 228.0 | 112.4 | 237.1 | | |
| 96 | 7.0 | 7.0 | 11.0 | 121.0 | 44.8 | 373.3 | 472.1 | 198.2 | 265.2 | 273.9 | 250.5 | | 168.6 |
| ശരാശരി | 7.0 | 7.0 | 13.25 | 109.6 | 210.5 | 768.5 | 597.1 | 347.3 | 235.5 | 328.3 | 156.1 | 14.2 | |
| ജില്ല | 24.0 | 24.0 | 52.0 | 125.0 | 310.0 | 697.0 | 640 | 400.0 | 285.0 | 331.0 | 188.0 | 55.0 | |
| സംസ്ഥാനം | 140.0 | 170.0 | 39.0 | 112.0 | 256.0 | 691.0 | 760.0 | 433.0 | 247.0 | 288.0 | 163.0 | 42.0 | |

91 മുതൽ 94 വരെയുള്ള 4 വർഷത്തിനുള്ളിൽ ജൂൺമാസത്തിലാണ് മഴയുടെ തോതു കൂടിയിരുന്നതെങ്കിൽ 95,96 വർഷങ്ങളിൽ ജൂലൈ മാസത്തിലാണ് വർദ്ധനവുണ്ടായതെന്ന പട്ടിക 3 ൽ നിന്നും മനസ്സിലാക്കാം.

പട്ടിക. 5

നടീൽവസ്തുക്കളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|
| തെങ്ങിൻതൈ | 300എണ്ണം | 135 എണ്ണം | 1250 എണ്ണം |
| തെങ്ങിൻ വിത്ത് | | 1243 കി. | 2000കി. |
| ഫലവർഗ്ഗതൈകൾ | | 60എണ്ണം | 235 എണ്ണം |
| പയർവിത്ത് | 324കി. | 160കി. | 388കി. |
| ചേന | | 339 കി. | |
| കാച്ചിൽ | | 12കി. | |
| ചേമ്പ് | | 13 കി. | |
| പച്ചിലവളവിത്ത് | | 872 കി. | 317കി. |
| പച്ചക്കറിവിത്ത് (വഴുതിന, വെള്ളരി,വെണ്ട,പയർ,ചീര) | 122 കിറ്റ് (250 ഗ്രാം) | | |

(അവലംബം കൃഷിഭവൻ നടീൽ വസ്തുക്കളുടെ രജിസ്റ്റർ)

പട്ടിക. 1

| ഇനം | വിസ്തീർണ്ണം | നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| പുരയിടം | 2325ഏക്കർ | 1 | 1ഹെക്ടറിൽ താഴെ | 4000 |
| നിലം | 1425ഏക്കർ | | | |
| കൃഷിയോഗ്യതരുശ് | 500ഏക്കർ | 2 | 1മുതൽ2ഹെക്ടർവരെ | 420 |
| കൃഷിയോഗ്യമല്ലാത്തതരിശ് | 250ഏക്കർ | | | |
| പുറമ്പോക്ക് | 368.64ഏക്കർ | 3 | 2ഹെക്ടറിനുമുകളിൽ | 130 |

(അവലംബം കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ)

പട്ടിക 7

കൃഷി ഭവനിൽ നിന്നും വിതരണം ചെയ്ത കാർഷിക ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | 1/3 സബ് സിഡി | 50% സബ് സിഡി | ഫുൾ സബ് സിഡി | 1/3 സബ് സിഡി | 50% സബ് സിഡി | ഫുൾ സബ് സിഡി | 1/3 സബ് സിഡി | 50% സബ് സിഡി | ഫുൾ സബ് സിഡി |
| റോക്കർസ്പ്രെയർ | 7 | - | 10 | - | 2 | 9 | - | 4 | 30 |
| നാപ്സാക്ക് സ്പ്രെയർ | - | - | 2 | - | - | 2 | - | - | 7 |
| അരിവാൾ | - | - | 18 | - | - | - | - | - | - |
| പമ്പുസെറ്റ് | 7 | - | - | 34 | - | - | 46 | - | 1 |
| പൗവ്വർസ്പ്രെയർ | - | - | - | - | - | - | 2 | - | |
| ട്രില്ലർ | | 7 | - | - | - | - | - | - | |
| നാടൻ കലപ്പ | | 2 | - | - | 2 | - | | | |
| മെതിയന്ത്രം | 18 | | | | | | | | |

4. തെങ്ങുകൃഷിക്ക് ഭീഷണിയായ രോഗങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുകയും അതിനാവശ്യമായ ഗവേഷണ സൗകര്യം ഉണ്ടാക്കുകയോ വേണം. രോഗബാധിതമായ തെങ്ങുകളിൽ ഒന്നോ രണ്ടോ മാത്രം വെട്ടിമാറ്റി പകരം തൈകൾ വെക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. മറിച്ച് പഞ്ചായത്തിലെ ഓരോ വാർഡും തെരെഞ്ഞെടുത്ത് രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും നശിപ്പിച്ച് പകരം നല്ലയിനം തൈകൾ വച്ചുപിടിപ്പിക്കാൻ ഉള്ള പദ്ധതി നടപ്പിലാക്കണം. അങ്ങനെ ചെയ്താൽ ഇപ്പോൾ നടത്തുന്ന പാഴ്ശ്രമം ഒഴിവാക്കാം.

5. ഫലപ്രദമായ വിള ഇൻഷ്വറൻസ് നടപ്പാക്കുകയും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനമായ വാഴകൃഷിക്കുള്ള ഇൻഷ്വറൻസ് സംരക്ഷണം കൂടുതൽ ഉദാരമാക്കുകയും ചെറുകിട വാഴക്കർഷകർക്കുകൂടി അതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്യണം.

6. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ നെൽകൃഷിയിടങ്ങളിൽ ഇടവിളയായി ഓരുജല മത്സ്യകൃഷിയും മറ്റു മേഖലകളിൽ ശുദ്ധജല മത്സ്യകൃഷിയും നടത്തുന്ന പക്ഷം മത്സ്യകൃഷിയിൽ നിന്നുള്ള ആദായത്തിനു പുറമെ അടുത്ത നെൽകൃഷിക്കുള്ള ജൈവവളം ഒരു പരിധിവരെ നൽകുവാനും നെല്ലുല്പാദനം വർദ്ധിപ്പിക്കുവാനും സാദ്ധ്യതയുണ്ട്.

7. തരിശായിക്കിടക്കുന്ന ഭൂമികളിൽ ഫലപ്രദമായി കൃഷി നടത്തി കാർഷികോല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യകാര്യത്തിൽ നാടിനെ സ്വയം പര്യാപ്തമാക്കുന്നതിനും ഉതകത്തക്കവിധം കാർഷിക വികസന ജനകീയ സമിതികൾ പ്രാദേശിക അടിസ്ഥാനത്തിൽ രൂപീകരിച്ച് തരിശുഭൂമിയെ വിളഭൂമിയാക്കി മാറ്റുന്നതിന് ശ്രമിക്കാവുന്നതാണ്. ഇതിന്റെ ഫലമായി ഉല്പാദന വർദ്ധനവിനു പുറമെ തൊഴിലവസരങ്ങളും വർദ്ധിക്കുന്നതാണ്.

8. നിത്യോപയോഗത്തിനുള്ള പച്ചക്കറികൾക്കു വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ച് കഴിയാതെ പഞ്ചായത്തിനെ ഈ രംഗത്തും സ്വയം പര്യാപ്തം ആക്കിതീർക്കാൻ ശ്രമിക്കേണ്ടതാണ്. സ്ക്കൂൾതലത്തിലും അടുക്കളത്തോട്ട നിർമ്മാണത്തിനും പുറമേ വൻ തോതിൽ പോലും സഹകരണാടിസ്ഥാനത്തിൽ നല്ലയിനം പച്ചക്കറി വിത്തുകൾ സംഭരിച്ച് ലഭ്യമായ മനുഷ്യപ്രയഗ്നം ചൂഷണം ചെയ്തു മതിയായ വിപണന സംവിധാനം ഉണ്ടാക്കി ഈ രംഗത്തു പുരോഗതി നേടാവുന്നതാണ്.

ഇതിനെല്ലാം പുറമേ നിലവിലുള്ള കശുമാവുകൃഷിയെ പ്രോത്സാഹിപ്പിച്ചും എല്ലാ വൃക്ഷങ്ങളിലും കുരുമുളക് പടർത്തിക്കയറ്റിയും നമ്മുടെ നാട്ടിൽ സുലഭമായ ഔഷധ സസ്യങ്ങൾ കൂടുതൽ വച്ചു പിടിപ്പിച്ചും ഈ രംഗം വികസിപ്പിക്കാൻ കഴിയും . കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകർക്കു കൂടുതൽ പ്രോത്സാഹനം നല്കിയും നല്ല കർഷകരെ അംഗീകരിക്കുന്ന അവാർഡുകളും ഇൻസെന്റീവുകളും ഏർപ്പെടുത്തിയും അനായാസമായി വളർത്താവുന്ന തേക്ക്, മാഞ്ചിയം, കശുമാവ്, തുടങ്ങിയവ ധാരാളമായി വച്ചുപിടിപ്പിച്ചും കാർഷിക രംഗത്ത് ഈ പഞ്ചായത്തിനെ സ്വയം പര്യാപ്തവും സമൃദ്ധവും ആക്കുന്നതുൾപ്പെടെ നിരവധി നിരവധി നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ പങ്കാളികളാകാൻ നമുക്കു കഴിയുമെന്നു പ്രതീക്ഷിക്കാം.

## ഉദയനാപുരം ഗ്രാമപഞ്ചായത്ത് രോഗവിവരങ്ങൾ 1995 -96

| | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായ | 700 | 15 | 250 | 45 | 200 | 3000 | 2000 |
| 2. | ശ്വാസനകോശസംബന്ധം | 200 | -- | 200 | -- | - | - | - |
| 3. | ഉപാപചയസംബന്ധം | 650 | 30 | 350 | 50 | 50 | 200 | 100 |
| 4. | ത്വക്ക് രോഗങ്ങൾ | 400 | - | 100 | - | 200 | -- | -- |
| 5 | ധാതുലവണങ്ങളുടെ അഭാവം | 552 | - | 150 | - | - | - | - |
| 6. | പരാദരോഗങ്ങൾ | 150 | - | 56 | - | - | - | - |
| 7. | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 458 | | 100 | - | - | - | - |
| 8. | വന്ധ്യത | 55 | | | | | | |
| 9. | അകിടുവീക്കം | 211 | | | | | | |
| 10 | മുടന്തൻ പനി | 156 | | | | | | |
| 11 | പകർച്ചവ്യാധികൾ | 215 | - | 110 | - | 16 | 196 | 212 |

### ഉദയനാപുരം ഗ്രാമപഞ്ചായത്ത്
### വളർത്തുപക്ഷി സംഖ്യ 1995 96 പട്ടിക 4

| ഇനം | ആൺ | പെൺ | മുട്ടയിടുന്നത് | മുട്ടയിടാത്തത് | മറ്റുള്ളവ |
|---|---|---|---|---|---|
| മുട്ടക്കോഴി | 1100 | 5300 | 3500 | 1800 | |
| താറാവ് | 750 | 9000 | 1050 | 950 | |
| ഇറച്ചിക്കോഴി | | | | | 85,000 |
| കൾഗൻ | 8 | 10 | | | |
| ഗിനി | 12 | 38 | | | |
| പാത്ത | 21 | 119 | | | |
| കാട | 50 | 210 | | | |
| ലൗ ബേർഡ് | | | | | 850 |
| മാടത്ത, തത്ത | | | | | 245 |
| പ്രാവ് | | | | | 450 |
| മുയൽ | 15 | 95 | | | |

# മത്സ്യബന്ധനവും മൃഗസംരക്ഷണവും



## 1. മത്സ്യബന്ധനം

ഉദയനാപുരം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഉദ്ദേശം മൂന്നു കി:മീറ്റർ നീളത്തിൽ വേമ്പനാട്ടുകായലിന്റെ തീരമാണ്. വടക്കുഭാഗം ഇത്തിപ്പുഴയാറും അതിന്റെ കൈവഴികളായ തോടുകളും സ്ഥിതി ചെയ്യുന്നു. കിഴക്കും തെക്കും കരിയാറും മൂവാറ്റുപുഴയുടെ മറ്റൊരു കൈവഴിയും കിടക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ കായലും പുഴയുമായി ജലാശയത്താൽ വലയം ചെയ്യപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ മത്സ്യബന്ധനത്തിന് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം ഉള്ള പഞ്ചായത്താണിത്. ഇതിനും പുറമെ ധാരാളം ഉൾതോടുകളും ചാലുകളും വൻ കുളങ്ങളും ഉൾപ്പടെ ഒട്ടേറെ ഉൾനാടൻ ജലാശയവും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിലാകെ മത്സ്യബന്ധനവുമായി നേരിട്ട് ബന്ധപ്പെടുന്ന 300 -ൽ പരം കുടുംബങ്ങളിലായി 3624 പേർ പണിയെടുക്കുന്നു. വിപണനം ഉൾപ്പെടെ പരോക്ഷമായി ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെയെണ്ണം ഇതിനേക്കാൾ എത്രയോ കൂടുതലാണ്. ആ നിലയ്ക്കു നോക്കുമ്പോൾ ഈ രംഗം നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെയേറെ ശ്രദ്ധേയമായ ഒന്നാണന്നു കാണുന്നു. തൊഴിൽ രംഗത്ത് വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണ് മത്സ്യബന്ധനം, വിശേഷിച്ചും പഞ്ചായത്തിന്റെ കായൽ തീരത്തു കിടക്കുന്ന പനമ്പു കാട് നേരേകടവ്, ചെമ്മനാകരി മുതലായ പ്രദേശങ്ങൾ. (പട്ടിക 1 കാണുക)

ഒരു കാലത്ത് മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്നത് ഉണ്ടവല, വട്ടവല, പറ്റുകണ്ണി, വടിവല,വീശുവല, ഓടുവല, എന്നിവയായിരുന്നു. ഇവയെല്ലാം തന്നെ കായലിൽ ഉപയോഗിച്ചിരുന്നെങ്കിലും പുഴയിലും ഉൾനാടൻ തോടുകളിലും പറ്റുകണ്ണിയൊഴികെയുള്ള വലകൾ മാത്രം ഉപയോഗിച്ചിരുന്നു. ഇവ കൂടാതെ ചെറിയ തോതിലാണങ്കിലും കൂട്, ഒറ്റാൽ, ചൂണ്ട, തെറ്റാൽ, വല്ലം, പടല്, ..മുതക്കുപൈപ്പ്, മടവെപ്പ്, തുടങ്ങിയ രീതികളും പഴയകാലത്ത് പ്രയോഗത്തിലുണ്ടായിരുന്നു.

കൊഞ്ച്, കൊക്കൻകൂരി, തിരുത, കണമ്പ്, കാളാഞ്ചി, നെയ്മീൻ, ചുറക്, പൂമീൻ, കൊമ്പൻ, തിരണ്ടി, ചെമ്പല്ലി, കരിമീൻ, കൂടാതെ ചെറുമത്സ്യങ്ങളായ കുറിച്ചിൽ, പള്ളത്തി, പ്രാഞ്ജി, കോലാ, നങ് എന്നിവയും ചെമ്മീൻ ഇനത്തിൽപ്പെട്ട നാരൻ, കാരചൂടൻ, തെള്ളി,കൂന, കൊഞ്ച് എന്നീ ഇനങ്ങൾ കായലിലും, കാരി, കൂരി, വരാൽ, അണ്ടികള്ളി, മുഴി, പരൽ, കുറുവ, കണ്ണി തുടങ്ങിയവ ഉൾനാടൻ ജലാശയങ്ങളിലും ധാരാളമായി ഒരു കാലത്തുണ്ടായിരുന്നു. ഇവയിൽ പലതും പിൽക്കാലത്ത് വിരളമായിത്തീരുകയും ചിലതിനെങ്കിലും വംശനാശം സംഭവിക്കയും ചെയ്യതായിക്കാണുന്നു.

ഒരുകാലത്ത് തീരെ അവഗണിക്കപ്പെട്ടിരുന്ന ഞണ്ടുകൾക്ക് പിൽക്കാലത്ത് പ്രിയമേറുകയും വിദേശങ്ങളിൽ അവയ്ക്ക് വിപണി കണ്ടെത്താൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമേ കക്കായിറച്ചിക്ക് ഉള്ള വിപണനസാദ്ധ്യതയും ഏറിയിട്ടുണ്ട്. എന്നാൽ കക്കാവ്യവസായം കൂടുതൽ കൂടുതൽ വികസിച്ചുവന്നതോടെ പൂർണ്ണ വളർച്ചയെത്തുന്നതിനു മുൻപു തന്നെകക്കാ വാരി പോകുന്നതുകൊണ്ട് ഇവ വേണ്ടത്ര ലഭ്യമാകുന്നില്ല. മുൻകാലങ്ങളിൽ ചീനവലകളും ഊന്നിയും ഉപയോഗിച്ച് കായലിൽ നിന്ന് വൻതോതിൽ മത്സ്യബന്ധനം നടത്തിയിരുന്ന പഴയ രീതി ഇപ്പോഴും തുടർന്നു പോരുന്നു. എന്നാൽ ഈ പറഞ്ഞ ഊന്നിയും കമ്പവലയും രാത്രികാലമത്സ്യബന്ധനത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്. 28 കമ്പവലകളും 215 ഊന്നിവലകളും ഈ പഞ്ചായത്തുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്.

പതിറ്റാണ്ടുകളായി ഈ പ്രദേശത്തുനിന്നും ചെമ്മീൻ പരിപ്പ് കയറ്റുമതി ചെയ്തിരുന്നു. മറ്റു

മത്സ്യങ്ങൾ വിപണനം കഴിച്ചു മിച്ചം വരുന്നവ ഉണക്കി സൂക്ഷിച്ച് പിന്നീട് വിറ്റഴിച്ചു പോന്നിരുന്നു.

പഞ്ചായത്തിലുണ്ടായിരുന്ന ഓളിചന്തയിലും പിന്നീട് നാനാടം മാർക്കറ്റിലും പഞ്ചായത്തിനു പുറത്തുള്ള ചെമ്പ്, കോവിലകത്തും കടവ് തുടങ്ങിയ മാർക്കറ്റുകളിലും ഇവയ്ക്കു വിപണി കണ്ടെത്തിയിരുന്നു. ഈ പഞ്ചായത്തിന് കടൽത്തീരമില്ലാത്തതുകൊണ്ട് ബോട്ടുപയോഗിച്ചുള്ള മത്സ്യബന്ധനം തീരെയില്ല.

മത്സ്യബന്ധനത്തിനുപയോഗിച്ചിരുന്ന ഉപകരണങ്ങൾ സാമ്പത്തികശേഷിയുള്ള ചില വ്യക്തികളുടെ ഉടമസ്ഥതയിൽ ആയിരുന്നു. വള്ളം, വല, ഊന്നി, കമ്പവല തുടങ്ങിയവ ഉടമസ്ഥരിൽ നിന്നും പാട്ടത്തിന് എടുത്തോ, അവർക്കു വേണ്ടി ഇത്തരക്കാർ കൂലിപ്പണിചെയ്തോ, മത്സ്യബന്ധനം നിർവഹിച്ചുപോന്നു. എന്നാൽ കാലാന്തരത്തിൽ ഇവയിൽ പലതും ഈരംഗത്തു പണിയെടുക്കുന്നവരുടെ ഉടമസ്ഥതയിൽ വന്നു ചേർന്നു.

എന്നാൽ നമ്മുടെ മത്സ്യ സമ്പത്തിന് വിശേഷിച്ചും കൊഞ്ച്ഇനത്തിൽ പെട്ടവയ്ക്ക് ഗണ്യമായകുറവ് സംഭവിച്ചിരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇതിന്റെ പ്രധാനകാരണം തണ്ണീർമുക്കം ബണ്ട് ആണെന്ന് ചൂണ്ടികാണിക്കപ്പെടുന്നു.

അച്ചൻ കോവിൽ, മണിമല, പമ്പ തുടങ്ങിയ നദികളിൽനിന്നും വൃശ്ചിക മാസത്തോടെ ഒഴുകി വരുന്ന ശുദ്ധജലവും കടലിൽ നിന്നു കയറി വരുന്ന ഓരുജലവും കൂടി ഒരു പ്രത്യേക അനുപാദത്തിൽ കൂടി കലരുന്ന പ്രദേശത്തെത്തി മുട്ടയിടുന്നതിനുവേണ്ടി ഒഴുകി ഇറങ്ങി വരുന്ന ഈ മത്സ്യങ്ങൾക്ക് തണ്ണീർ മുക്കം ബണ്ടിന്റെ ഷട്ടറുകൾ മാർഗ്ഗ തടസ്സം സൃഷ്ടിക്കുകയും തന്മൂലം അവയുടെ വംശവർദ്ധന തടയുകയും ചെയ്യുന്നു. ബണ്ടിനു തെക്കുവശം ഓരില്ലാത്ത ജലമായതുകൊണ്ട് ഇവയുടെ മൊട്ടയിടീൽ ഫലപ്രദമാകുന്നുമില്ല. ഈ പ്രക്രിയ ആവർത്തിക്കപ്പെടുകയും നാലു വർഷം കൊണ്ടു ഇവ നശിച്ചു പോവുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കൊഞ്ചിനത്തിൽപ്പെട്ട മത്സ്യത്തിന്റെയെണ്ണം കുറഞ്ഞു പോകുന്നു.അതുപോലെ ഞണ്ട് മേൽ പ്രസ്ഥാവിച്ച ശീതജലത്തിന്റെ മേഖലയിൽ (P.P.T) മുട്ടയിട്ടതിനു ശേഷം കയറിപ്പോരുകയും പിന്നീട് കയറി വരുന്ന ഞണ്ടിൻ കുഞ്ഞുങ്ങൾ ചെമ്മീൻ പിടിക്കാൻ ഉപയോഗിക്കുന്ന പറ്റു കണ്ണിവലയിൽ കുരുങ്ങുകയും ചെയ്യുന്നു. ചെമ്മീൻ പിടിച്ചെടുത്ത ശേഷം വലയിൽ കുരുങ്ങിപ്പോയ ലാർവയായ ഇവയെ വലക്കാർ ചതച്ചുനശിപ്പിക്കുകയും ചെയ്യുന്നു. ഇത് ഇവയുടെ വംശനാശത്തിനു വഴിവെക്കുന്നു.

കുട്ടനാടൻ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിൽ അടിക്കുന്ന മാരകമായ കീടനാശിനികൾ കലർന്ന വെള്ളം മത്സ്യവർഗ്ഗത്തിന്റെ രോഗത്തിനും മരണത്തിനും ആക്കം വർദ്ധിപ്പിക്കുന്നു. എന്നാൽ ഭാഗ്യമെന്നു പറയട്ടെ കുട്ടനാടൻ പ്രദേശങ്ങളിൽ നെൽകൃഷിക്കു കീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി നടത്തുന്ന പരീക്ഷണം ഫലപ്രദമായി കണ്ടുവരുന്നത് മത്സ്യബന്ധനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആശ്വാസദായകം തന്നെ.

ഐസിന്റെ ഉപയോഗം വ്യാപകമായതോടെ മത്സ്യബന്ധനരംഗത്തും അനുകൂലമായ കാറ്റുവീശാൻ തുടങ്ങി.. വിറ്റഴിച്ചു മിച്ചംവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണിയും ഐസും പ്രയോജനപ്പെടുത്താൻ തുടങ്ങിയതോടെ ഈ രംഗം കൂടുതൽ സജീവമായി.

മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ സൗകര്യം വർധിച്ചതോടെ വിപണനമേഖല വലുതാവുകയും മത്സ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുകയും ചെയ്തു. ഇതോടെ മത്സ്യത്തിന്റെയാവശ്യം വർദ്ധിച്ചു. കൂടുതൽ മത്സ്യം സംഭരിക്കുന്നതിനുള്ള നൂതനമാർഗ്ഗങ്ങൾ ആവശ്യമായിവന്നു. ഇതിന്റെ ഫലമായി ഊന്നു വലകൾ കൂടുതൽ ആഴങ്ങളിലേക്ക് താഴ്ത്തികെട്ടുകയും വലയുടെ കണ്ണികൾ ചെറുതാക്കുകയും ചെയ്തത് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് വഴിവെച്ചു. ചെമ്മീനുള്ള അന്താരാഷ്ട്ര വിപണി വിസ്തൃതമായതോടെ നൈലോൺ വലകളും, വൈശാലിവലകളും രംഗപ്രവേശം ചെയ്തു. ഇങ്ങനെ സംഭരിക്കുന്ന ചെമ്മീൻ ഈ പ്രദേശത്തുനിന്നും കായലിനപ്പുറമുള്ള അരൂർ സംസ്കരണ കേന്ദ്രങ്ങളിലേക്ക് വിവിധ ഏജൻസികൾ മുഖേന എത്തിച്ചുകൊടുക്കാൻ തുടങ്ങിയതോടെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിച്ചുവെങ്കിലും മത്സ്യത്തിന്റെ ലഭ്യത കുറയുകയും ചെമ്മീൻപരിപ്പുകയറ്റുമതി

നിലയ്ക്കുകയും ചെയ്തു. ഇത് ഈ രംഗത്തുള്ള തൊഴിലാളികൾക്ക് ഒരു വലിയ ഭീഷണിയായി നിലകൊള്ളുന്നു.

മേൽ പ്രസ്താവിച്ചകാരണങ്ങളാൽ ഈ പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ വരുമാനം അനുക്രമമായി കുറഞ്ഞുവരികയും അവരുടെ ദൈനംദിനജീവിതം ക്ലേശകരമായിത്തീരുകയും ചെയ്തു. ഇതര മേഖലകളിൽ വേണ്ടത്ര പരിചയമോ പാരമ്പര്യമോ ഇല്ലാത്തതുകൊണ്ട് ജീവിത സന്ധാരണത്തിന് മറ്റു മേച്ചിൽപ്പുറങ്ങളെ ആശ്രയിക്കാനും കഴിയാതെ അവർ നിരാലമ്പരായിത്തീർന്നു. എന്നാൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും മത്സ്യത്തൊഴിലാളി സഹകരണ സംഘവും ഈ തൊഴിലാളികൾക്ക് സഹായവുമായി എത്തിയതോടെ ഇവരുടെ നില മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം.

തണ്ണീർമുക്കം ഷട്ടറുകൾ താഴ്ത്തിയിടുന്ന കാലത്ത് ജലം സ്തംഭിക്കുകയും കടലിൽനിന്ന് മത്സ്യം കുറഞ്ഞു കുറഞ്ഞു വരികയും ഉദയം പേരൂർ പഞ്ചായത്തിന്റെ പടിഞ്ഞാറുവശ മാകുമ്പോഴേക്കും തീർത്തും വരവു നിലയ്ക്കുകയും ചെയ്യുന്നു. അതിനിപ്പുറമുള്ള ഭാഗത്ത് മത്സ്യം ഒട്ടും തന്നെ ലഭിക്കാതെ വരുന്നു. തീരെ ചെറിയമത്സ്യങ്ങളൊക്കെ ചെറുകണ്ണിയുള്ള വലകൾ ഉപയോഗിച്ച് പിടിച്ചുപോകുന്നതുമൂലം ഇവയുടെ വംശം തന്നെ നശിച്ചുകൊണ്ടിരിക്കുന്നു.

ഇത്രമാത്രം മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനസൗകര്യങ്ങളുമുള്ള ഈ പ്രദേശത്ത് ഒരു മത്സ്യസംസ്കരണ കേന്ദ്രത്തിന്റെയഭാവം ഒരു കുറവുതന്നെയാണ്. ഉൾനാടൻ ജലാശയങ്ങളിൽ ഉല്പാദന ക്ഷമത കൂടുതലുള്ള മത്സ്യവിത്തുകൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി വിതരണം ചെയ്യുകയും നിലങ്ങളിൽ ഒരുപ്പുനെൽകൃഷി ചെയ്യുന്നതിനുശേഷം മത്സ്യകൃഷി നടത്തുകയും ചെയ്യുന്നത് മത്സ്യകൃഷിക്കുപുറമെ നെൽകൃഷിക്കും കൂടി സഹായകരമായിരിക്കും. മറ്റു കരി നിലങ്ങളിൽ വിരിപ്പുകൃഷിക്കുശേഷം ചെമ്മീൻ കെട്ട് നടത്തുന്ന രീതി പുനരാവിഷ്കരിക്കുകയും ചെയ്താൽ ഈ രംഗത്ത് വൻപിച്ച പുരോഗതിക്കുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്.

ഇവക്കെല്ലാം പുറമെ നമ്മുടെ സവിശേഷമായ ശ്രദ്ധപിടിച്ചു പറ്റുന്ന സജീവമായ ഒരു പ്രശ്നം അവശേഷിക്കുന്നു. ഈ പഞ്ചായത്തിൽ രണ്ടു മാർക്കറ്റുകളുണ്ടെങ്കിലുംനേരെകടവിലുള്ള മത്സ്യമാർക്കറ്റ് ഫലപ്രദമായി ഉപയോഗിക്കാതിരിക്കുന്നതും താരതമ്യേന പ്രാധാന്യമർഹിക്കുന്ന നാനാടം മാർക്കറ്റ് ഇന്നത്തെ ശോച്യാവസ്ഥയിൽ നിന്ന് മെച്ചപ്പെടാതിരിക്കുന്നതും ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. നാനാടം മാർക്കറ്റിൽ നിലവിലുള്ള മാംസവില്പനശാലയുടെ ശുചിത്വമില്ലായ്മയും മാർക്കറ്റിലെ മൊത്തം അവശിഷ്ടങ്ങളുടെ കൂനകൾ ഉണ്ടാക്കുന്ന രോഗസാദ്ധ്യതകളും പരിസ്ഥിതി പ്രശ്നവും ഓടകളുടെ അഭാവത്തിൽ വെള്ളം കെട്ടികിടന്നുണ്ടാക്കുന്ന സാംക്രമിക രോഗസാദ്ധ്യതകളും പഞ്ചായത്തിന്റെ ഗൗരവാവഹമായ പരിഗണനയർഹിക്കുന്നു. നിലവിലുള്ള ഷെഡ്ഡുകൾ പൊളിച്ച് മാറ്റി മദ്ധ്യഭാഗത്ത് കിഴക്കുപടിഞ്ഞാറായി ഇരുവശവും ദർശനമുള്ള മുറികളാക്കി കെട്ടിടം നിർമ്മിക്കുകയും ഓട കെട്ടി മാർക്കറ്റിലെ വെള്ളത്തിന് നിർഗ്ഗമനമാർഗ്ഗമുണ്ടാക്കുകയും മാലിന്യങ്ങൾ അന്നന്ന് നീക്കം ചെയ്യുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ നിർമ്മിക്കുന്ന മാർക്കറ്റിന്റെ ഒരു ഭാഗം മത്സ്യമാർക്കറ്റായി ഉപയോഗിക്കാവുന്നതുമാണ്.

പട്ടിക 1

ഉദയനാപുരം ഗ്രാമപഞ്ചായത്ത് മത്സ്യബന്ധനം

| കായൽ മത്സ്യം | | | | | ഉൾനാടൻമത്സ്യം | | മത്സ്യബന്ധനഉപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| മത്സ്യബന്ധന തൊഴിലാളികൾ | | മറ്റുതൊഴിലാളികൾ | | | വിസ്തീർണ്ണം ഏക്കർ | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| ധീവരർ | ഇതര വിഭാഗം | മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യ സംസ്കരണം | | | | | |
| 1328 | 1495 | 786 | 415 | - | - | 815 | - | - | 198 |

## 2. മൃഗസംരക്ഷണം.

ഉദയനാപുരം പഞ്ചായത്തിൽ 1992ൽ നടത്തിയ കന്നുകാലിസെൻസസ് അനുസരിച്ചും തുടർന്ന് മൃഗസംരക്ഷണ വകുപ്പിൽനിന്നും ലഭിച്ച സ്ഥിതിവിവരക്കണ ക്കുകളനുസരിച്ചും ഈ പഞ്ചായത്തിലെ മൃഗങ്ങളെ സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരങ്ങൾ പട്ടികയായി ചേർത്തിരിക്കുന്നു. (പട്ടിക 1 ശ്രദ്ധിക്കുക)

പട്ടികയിൽ വിവരിച്ച കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ ഇന്നുള്ള ആടുമാടുകളുടെ എണ്ണം 2903 ആണെന്നു കാണാം.

നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളുടെ മുൻകാലചരിത്രം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ട്.പിന്നിട്ട രണ്ടു പതിറ്റാണ്ടുകൾക്കു മുൻപ് നാടൻ ജനുസുകളിൽപ്പെട്ട കാലിവർഗ്ഗം മാത്രമാണ് നമുക്കുണ്ടായിരുന്നതു്. ഇന്നത്തെപോലെയുള്ള അത്യുല്പാദന ശേഷിയുള്ള കാലികൾ മുൻപുണ്ടായിരുന്നില്ലായെങ്കിലും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും സംസ്ഥാനത്തിന്റെയൊട്ടാകെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതുമായ വെച്ചൂർ പശുക്കൾ നമ്മുടെ ഒരു വിശിഷ്ട സമ്പാദ്യമായിരുന്നു. പുല്ലും, വൈക്കോലും, തവിടും, തേങ്ങാപിണ്ണാക്കും മാത്രമായിരുന്നു ഇവയുടെ മുഖ്യാഹാരം. ഇവയുടെ ശരാശരി പാലുല്പാദനം ഒന്നര ഇടങ്ങഴി മുതൽ രണ്ടിടങ്ങഴി വരെ (2 മുതൽ 3 ലിറ്റർ വരെ) ആയിരുന്നു. അന്നൊക്കെ പാലിന്റെ ഉപഭോഗം പരിമിതവും ഉൽപാദന ചെലവ് കുറവുമായിരുന്നു. എന്നാൽ എൺപതുകളിൽ എത്തിയപ്പോഴേക്കും ജെഴ്സി,സിന്ധി തുടങ്ങിയ സങ്കരയിനത്തിൽപ്പെട്ട പശുക്കൾ വന്നെത്തിയതോടെ പാലുൽപ്പാദനരംഗത്ത് ഒരു വലിയ മാറ്റം ഉണ്ടായി. ഇതോടു കൂടി കാലിവളർത്തൽ ആദായകരമായി നടത്താവുന്ന ഒരു കൃഷിയായി മാറുകയും പാൽ ഉൽപന്നങ്ങൾ വ്യാവസായിക മേഖലക്ക് വഴി തുറന്നു കൊടുക്കുകയും ചെയ്തു. എന്നാൽ പഴയതിൽനിന്ന് വ്യത്യസ്തമായി പുതിയ തരത്തിൽപ്പെട്ടതും കൂടുതൽ പോഷക മൂല്യങ്ങൾ അടങ്ങുന്നതുമായ കാലിത്തീറ്റകൾ ആവശ്യമായി വന്നു. ഇതും പുതിയ വ്യവസായ മേഖലക്ക് വഴിതുറന്നു. ഇങ്ങനെ വർദ്ധിച്ച ഉൽപാദന ചെലവിന് ആനുപാതികമായ പാലുൽപ്പാദനവും സാദ്ധ്യമായതോടെ പുതിയയിനം പശുക്കൾക്ക് പ്രിയമേറി. അതോടെ അത്യുൽപ്പാദന ശേഷിയുള്ള ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ശേഖരിച്ച്, നാടൻ പശുക്കളിൽ അവ നിക്ഷേപിച്ച് സങ്കരയിനത്തിൽപ്പെട്ട പശുക്കളെ ഉൽപ്പാദിപ്പിക്കുവാൻ ശ്രമമാരംഭിച്ചു. ഇതു കൂടുതൽ ആദായകരമായി ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി ഈ രംഗം സജീവമാകുകയും നാടൻ ഇനത്തിൽപ്പെട്ട കാലികൾക്രമേണ അപ്രത്യക്ഷമാകുകയും ചെയ്തു. എന്നാലെന്തുകൊണ്ടോ ഈ ഒരു മാറ്റം ആടുകളുടെ കാര്യത്തിൽ സംഭവിച്ചില്ല.

സങ്കരയിനത്തിന്റെ എണ്ണവും ഗുണവും വർദ്ധിച്ചതോടെ മറ്റു പലയിടത്തുമെന്നതുപോലെ ഇവിടെയും പാലുല്പാദനത്തിലും അഭൂതപൂർവ്വമായ വർദ്ധനവുണ്ടായി.

ഈയൊരു ധവളവിപ്ലവത്തിന്റെ ഫലമായി പ്രാദേശികമായി പാൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ഇവ മുഖേന വൻതോതിൽ സംഭരണവും വിതരണവും ആരംഭിക്കുകയും ചെയ്തു. ഇവ മുഖേന തന്നെ വിതരണമിച്ചം വരുന്ന പാൽ മിൽമയ്ക്ക് വിൽക്കുവാനും തുടങ്ങി. ഇങ്ങനെ പശുക്കളുടെ ഇനത്തിൽ വന്ന മാറ്റം പാലുല്പാദനത്തിലെ വർദ്ധനയ്ക്കു കാരണമായതോടെ കാലിവളർത്തൽ ആദായകരമായ ഒരുതൊഴിലായി മാറുകയും അതേതുടർന്നുള്ള അനുബന്ധ വ്യവസായങ്ങൾ പലതും ആരംഭിക്കുന്നതിനു വഴിവെയ്ക്കുകയും ചെയ്തു. (പട്ടിക 2 കാണുക)

ഈ സാഹചര്യത്തിൽ കൃത്രിമ ബീജസങ്കലന പരിപാടി കൂടുതൽ വ്യാപകമാക്കേണ്ടത് ആവശ്യമായി വന്നതിന്റെ ഫലമായി ആലുവ, കാഞ്ഞിരപ്പള്ളി, വൈക്കം, മാവേലിക്കര എന്നീ നാലു കേന്ദ്രങ്ങൾ സംസ്ഥാന ഗവഃ ആരംഭിക്കുകയും ചെയ്തു. ഇവയിൽ മാവേലിക്കരയൊഴികെ ബാക്കി മൂന്നു കേന്ദ്രങ്ങളിലും ജഴ്സിയിനങ്ങൾക്ക് വേണ്ടിയുള്ള ബീജസംഭരണമാണു നടക്കുന്നത്. ഇവയുടെ കീഴിൽ വിവിധ കേന്ദ്രങ്ങളിൽ മൃഗാശുപത്രികളും I.C.D.P. സബ്സെന്ററുകളും നിലവിൽ വരുകയും ചെയ്തു.

എന്നാൽ ആടുകളുടെ കാര്യത്തിൽ തികച്ചും വിഭിന്നമായൊരവസ്ഥയാണ് ദൃശ്യമാകുന്നത്. ആടുകളെ വളർത്തുന്നതു മാംസത്തിന്റെ ആവശ്യത്തിനുമാത്രമായി. ഇവയുടെ പാലിന്ന് വിപണി വേണ്ടത്രയില്ലാത്തതിനാൽ ഈരംഗത്ത് താൽപര്യവും സ്വാഭാവികമായി കുറഞ്ഞു.

നമ്മുടെ പഞ്ചായത്തിൽ പാൽ ഉല്പാദക സഹകരണസംഘങ്ങളും സ്വകാര്യ വ്യക്തികളുടെതായ ഏതാനും പാൽ സംഭരണ വിതരണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ടി സഹകരണസംഘങ്ങൾ വഴി നിത്യേന ശരാശരി 1500 ലിറ്റർ സംഭരിക്കുകയും ഇതിൽ 45 ശതമാനത്തോളം വരുന്ന 675 ലിറ്റർ പ്രാദേശികമായി വിതരണം ചെയ്യുകയും ബാക്കി 825 ലിറ്റർ മിൽമയ്ക്ക് മൊത്തമായി കയറ്റി അയയ്ക്കുകയും ചെയ്യുന്നു. പ്രാദേശിക വിതരണത്തിൽ തന്നെ ഏതാണ്ട് 400നും 450നും ഇടയ്ക്ക് ലിറ്റർ (30ശതമാനം) പഞ്ചായത്തിനു പുറത്തുള്ള ടൗൺ മേഖലയിലേയ്ക്കാണ് പോകുന്നത്. സ്വകാര്യ വ്യക്തികൾ നടത്തുന്ന വിതരണം കൂടി കണക്കാക്കിയാലും ഇവിടെ സംഭരിക്കുന്ന പാലിൽ ചെറിയൊരംശം മാത്രമെ (15%) തദ്ദേശവാസികൾ ഉപയോഗിക്കുന്നുള്ളു വെന്നർത്ഥം (പട്ടിക 3 കാണുക)

ഇതിനു പുറമെ നല്ലയിനത്തിൽപ്പെട്ടതും നല്ല ആരോഗ്യമുള്ളതുമായ കിടാരികളെ തിരഞ്ഞെടുത്ത് സൗജന്യ ഇൻഷ്വറൻസ് ആനുകൂല്യം നൽകി 4 മാസം മുതൽ 9മാസം വരെ 50 ശതമാനം സൗജന്യനിരക്കിൽ പ്രതിമാസം 75 കിലോ വീതം കാലിതീറ്റയും നൽകി പ്രത്യേകപരിഗണനയോടുകൂടി വളർത്തുന്നതിനുള്ള ഒരുപദ്ധതിയും പാൽസഹകരണസംഘങ്ങളുടെ ചുമതലയിൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. കാലിത്തീറ്റയ്ക്കുള്ള സൗജന്യം പൊതുവിൽ 50% ആണെങ്കിലും പട്ടികജാതിയിൽപ്പെട്ടവർക്ക് ഇത് 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നാടൻമുയൽ വളർത്തൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നിലവിലുണ്ടെങ്കിലും ഒരു വ്യവസായത്തെ നിലയിൽ അതു വിപുലമായിട്ടില്ല. (പട്ടിക 4 കാണുക)

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വിശേഷിച്ചും പടിഞ്ഞാറൻ മേഖലകളിൽ ഇറച്ചിക്കോഴി വളർത്തൽ വ്യാപകമായിത്തന്നെ നടന്നുവരുന്നു. ജില്ലാസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള ഒരു മുട്ടക്കോഴി വളർത്തൽ നേഴ്സറിയും പടിഞ്ഞാറൻ മേഖലയിൽപ്പെട്ട നേരേകടവ് ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും കഴിഞ്ഞ 6 വർഷമായി ജില്ലയിലെ വിവിധ മൃഗാശുപത്രികൾ വഴി അത്യുല്പാദകശേഷിയുള്ള രണ്ടു മാസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നു. നാടൻകോഴികൾ മിക്കവാറും വീടുകളിൽ കാണപ്പെടുന്നുവെങ്കിലും കോഴിവസന്ത എന്ന മാരകമായ രോഗം ഇവയുടെ എണ്ണത്തെസാരമായി കുറയ്ക്കുന്നു. സങ്കരയിനം കോഴികളോടുള്ള താല്പര്യവും ഇവയുടെ എണ്ണം കുറയുവാൻ കാരണമാകുന്നു. ഇവയ്ക്കാണെങ്കിൽ രോഗപ്രതിരോധശക്തി ഉള്ളതിനാൽ വംശനാശം സംഭവിക്കുന്നുമില്ല.

മുട്ട വിപണനത്തിന് ധാരാളം സാദ്ധ്യതകൾ ഉണ്ടെങ്കിലും എന്തുകൊണ്ടോ പലരും മുട്ടക്കോഴി വളർത്തൽ രംഗത്തേക്കുവരാൻ മടിക്കുന്നു.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും താറാവുകൃഷി കാണപ്പെടുന്നു. ഇവയെ ബാധിക്കുന്ന താറവുവസന്ത ഈ രംഗത്തേക്കു വരുന്ന പലരും അറച്ചുനില്കാൻ കാരണമാകുന്നു.

## പ്രശ്നങ്ങൾ സാദ്ധ്യതകൾ

നിത്യേനയെന്നോണം പാലിനു വില വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ഉൽപ്പാദകനുലഭിക്കുന്നില്ല. ഉപഭോക്താവ് ഉൽപ്പന്നത്തിന് കൂടുതൽ വിലനൽകുകയും ഉൽപ്പാദകന് അതനുസരിച്ചുള്ള പ്രയോജനം നിഷേധിക്കുകയും ചെയ്യുകയെന്നാൽ ഇടനിലക്കാർ ഇരുവരേയും ചൂഷണം ചെയ്യുന്നുവെന്നാണല്ലോ അർത്ഥം. സൊസൈറ്റികളിൽനിന്ന് പാൽ സംഭരിക്കുമ്പോൾ മിൽമാ നൽകുന്ന 8രൂ.18 പൈസാ പോലും ഉൽപ്പാദകന് സൊസൈറ്റി നൽകുന്നില്ല. മിൽമാ ഈ വിലക്ക് എടുക്കുന്ന പാലിൽ നിന്ന് രണ്ടര ശതമാനം കൊഴുപ്പു വെട്ടിയെടുത്തതുനുശേഷം SNF പൗഡർ ചേർത്ത് മിൽക്കുമാർക്കറ്റിംഗ് ഫെഡറേഷൻവഴി സോളിഡ് മിൽക്ക് 11 രൂപയ്ക്കും പാസ്ചറൈസ്ഡ് മിൽക്ക് 13 രൂപയ്ക്കും വിൽക്കുമ്പോൾ ഉൽപ്പാദകനു ലഭിക്കുന്നത് 7നും 8നും ഇടയിലുള്ള വിലയാണ്. അതായത് 1ലിറ്റർ പാലിന്ന് 8 രൂപാ 18 പൈസാ മുടക്കുമ്പോൾ നെയ്ക്കുപുറമെ 5രൂ. 80സ. ഫെഡറേഷൻ ലാഭംഎടുക്കുന്നു. അതേസമയം പാലിനുകൂടുതൽ ഡിമാന്റു വരുന്ന കാലങ്ങളിൽ തമിഴ്നാട്, കർണ്ണാടകം എന്നീ നാടുകളിലെ സംഭരണകേന്ദ്രങ്ങൾക്ക് 9 മുതൽ 9.50 സ വരെ ഉള്ള വില മുഴുവൻ മുൻകൂറായി നൽകികൊണ്ട് പാൽ വാങ്ങി കൂടിയവിലയ്ക്കു ഫെഡറേഷൻ കേരളത്തിൽ വിൽപ്പന നടത്തുന്നു. എന്നാൽ ഈ വർദ്ധിച്ച വില ഇവിടുത്തെ യഥാർത്ഥകർഷകനു ലഭിച്ചിരുന്നെങ്കിൽ ഇവിടത്തെ ഉൽപ്പാദനം തീർച്ചയായും വർദ്ധിക്കുമായിരുന്നു.

ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് കെ.എൽ.ഡി.ബോർഡ് KCMM ബോർഡ് എന്നീ നാലു വിഭാഗങ്ങളും പരസ്പര പൂരകങ്ങളല്ലാത്ത തിനാലും ഡിപ്പാർട്ടുമെന്റലിസം തടസ്സം സൃഷ്ടിക്കുന്നതിനാലും ഉൽപ്പാദകന് ഈ വിലവർദ്ധനകൊണ്ടൊന്നും യാതൊരു ഗുണവും ലഭിക്കുന്നില്ല. പുൽകൃഷിക്കായി പ്രതിവർഷം ചെലവിടുന്ന 72 കോടിയോളം രൂപ യഥാർത്ഥകർഷകന്റെ കൈകളിൽ എത്തുന്നില്ല. മൂന്നു മേഖലകളിലായി പ്രവർത്തിക്കുന്ന മിൽമായൂണിറ്റുകൾ ഫെഡറേഷന് നൽകേണ്ട 18X3=54 ലക്ഷം രൂപാ യഥാർത്ഥകർഷകനു ലഭിക്കേണ്ട ആനുകൂല്യങ്ങളിൽപ്പെടുന്നതാണ്. ഇവയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

പശുക്കൾക്ക് ഗ്രൂപ്പിൻഷുറൻസ് ഏർപ്പെടുത്തുന്നതിൽ വന്നിട്ടുള്ള വികലതകൾ ഇൻഷ്വറൻസ് കൃത്യമായിഅടച്ചവർക്കും അടയക്കാത്തവർക്കും ഒരു പോലെ ബാധകമാകുന്ന ഇന്നത്തെ രീതിയിൽ മാറ്റം വരുത്തിയേ തീരു. യഥാർത്ഥ ക്ഷീരകർഷകർക്ക് മതിയായ ബോധവത്കരണം നൽകുവാൻ ബന്ധപ്പെട്ടവർ കൂട്ടാക്കുന്നില്ല. മൃഗപരി പാലനത്തിനുള്ള `നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

മൂന്നു പശുക്കൾ വീതമുള്ള യൂണിറ്റുകൾ ഓരോ വീട്ടിലും ഡയറിയൂണിറ്റായി പരിഗണിച്ചാൽ അവിടെ ഒരു ഗോബർ ഗ്യാസ് പ്ലാന്റ് സർക്കാർ ആനുകൂല്യത്തോടെയാരംഭിച്ച് രൂക്ഷമായ ഇന്ധനക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും.

കൃഷിയും, മൃഗപരിപാലനവും, ക്ഷീരോല്പാദനവും, വ്യവസായവും, തൊഴിലും എല്ലാം തന്നെ പരസ്പരപൂരകങ്ങളാണെന്ന് മേൽപറഞ്ഞ കാര്യങ്ങൾകൊണ്ട് വ്യക്ത മാകുമല്ലോ. മെച്ചപ്പെട്ട കൃഷിസമ്പ്രദായം സ്വീകരിച്ചാൽ പ്രത്യേകിച്ചും ഹ്രസ്വകാല വിളകളായ നെല്ല് മുതലായവ, മൃഗപരി പാലനവും അതിലൂടെ ഇന്ധനലഭ്യതയും തൊഴിൽ സാദ്ധ്യതയും സർവോപരി വ്യവസായ വികസന മാർഗ്ഗങ്ങളും വളരെയേറെ വർദ്ധിക്കുവാൻ ഇടയുണ്ട് എന്നതുതന്നെ ഈ വിഷയത്തിന്റെ പ്രാധാന്യത്തെ വിളിച്ചറി യിക്കുന്നു. ഇതെല്ലാം ബന്ധപ്പെട്ടവരുടെ സജീവമായ പരിഗണനക്ക് വിഷയമായി തീരേണ്ടതാണ്. ഇതിൻറ ഫലമായി പഞ്ചായത്തിന്റെ ആകമാനം അഭിവൃദ്ധി ഉറപ്പുവരുത്താൻ കഴിയും. അതിനുവേണ്ടി പരിമിതമെങ്കിലും ഈ റിപ്പോർട്ടു സമർപ്പിച്ചു കൊള്ളുന്നു.

### ഉദയനാപുരം പഞ്ചായത്ത് വളർത്തു മൃഗ സംഖ്യ

പട്ടിക 1

| കാള സങ്കരം | | കാള നാടൻ | | പശു സങ്കരം | | പശു നാടൻ | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുളളവ | വംശ വർദ്ധനവ് | മറ്റുളളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | 13 | 1 | 11 | 448 | 168 | 1150 | 364 | 19 | 4 | 29 | 695 | 511 |



# വിദ്യാഭ്യാസം

വിദ്യാധനം സർവ്വധനാൽ പ്രധാനം.

മൂവാറ്റുപുഴയാറിന്റെ കൈവഴികളാൽ ആലിംഗനം ചെയ്യപ്പെട്ട് വേമ്പനാടിന്റെ തലോടലേറ്റ് വൈക്കം പട്ടണത്തെ തൊട്ടുരുമ്മി കിടക്കുന്ന മനോഹരമായ ഒരു ഭൂപ്രദേശമാണ് ഉദയനാപുരം പഞ്ചായത്ത്.ഈ പ്രദേശത്ത് നെടുകയും കുറുകയും ധാരാളം തോടുകളും ചാലുകളും ഊടും പാവും പോലെ കാണപ്പെടുന്നു. തെങ്ങ്, കമുക്, വാഴ, നെല്ല്, ജാതി, കൊക്കോ, മരച്ചീനി മുതലായ വിളകൾ കൊണ്ട് സമൃദ്ധമാണ് ഈ പ്രദേശം. ഭൂപ്രകൃതിയനുസരിച്ച് പ്രധാന തൊഴിലുകൾ കൃഷിയും മത്സ്യബന്ധനവും മറ്റുമാകയാൽ ആദ്യകാലം മുതൽ കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളി കളുമാണ് ഇവിടുത്തെ ജനസംഖ്യയിൽ 90%. അക്ഷരാഭ്യാസത്തിന് അവസരം നിഷേധിക്ക പ്പെട്ടിരുന്ന അവർണ്ണരായ പ്രസ്തുത ജനവിഭാഗങ്ങൾക്കിടയിൽ ദേശീയ പ്രസ്ഥാനത്തോടൊപ്പം ഉടലെടുത്ത സാമൂഹ്യ പരിഷ്കരണപ്രവർത്തനങ്ങൾ ഉണർവ്വിന്റെ അലകൾ സൃഷ്ടിക്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്തും ഈ ദൃശ്യം പ്രകടമാകാൻ തുടങ്ങി. കുടിപ്പള്ളിക്കൂടങ്ങളിൽ നിലത്തെഴുത്തശാന്മാ രാണ് ഇതിനു തുടക്കം കുറിച്ചത്. വൈക്കം സത്യാഗ്രഹവും, ക്ഷേത്ര പ്രവേശന വിളംബരവും ഇതിന് ആക്കം കൂട്ടി. നാടിന്റെ പല ഭാഗങ്ങളിലും ആശാൻകളരികൾ രൂപം കൊണ്ടു. ആദ്യകാലത്ത് അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഈ ആശാൻകളരി കളല്ലാതെ മറ്റ് യാതൊരു ഏജൻസിയും ഈ പ്രദേശത്ത് ഇല്ലായിരുന്നു. തുടർന്ന് സവർണ്ണ വിഭാഗങ്ങളിൽപ്പെട്ട ധനികരും, പ്രമാണികളുമായ ചില മാന്യ വ്യക്തികളും N.SS, SNDP മുതലായ പ്രസ്ഥാനങ്ങളും ചില പട്ടികജാതി സംഘടനകളുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങൾ ആരംഭിച്ചത്. ഇന്നു കാണുന്ന ഒൻപതു സ്കൂളുകളിൽ ആറെണ്ണവും സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് തന്നെ സ്ഥാപിക്കപ്പെട്ടവയാണ്.

ഉദ്ദേശം 90 സംവത്സരങ്ങൾക്ക് മുൻപ് ഈ പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തുള്ള ഇരുമ്പുഴിക്കരയിലാണ് ആദ്യത്തെ സരസ്വതീ മന്ദിരം രൂപം കൊള്ളുന്നത്. നായർ സമുദായത്തിൽപ്പെട്ട ധനികനും കരപ്രമാണിയും മനുഷ്യസ്നേഹിയുമായിരുന്ന പുഴക്കര ശങ്കരപ്പിള്ളയാണ് ഇതിന്റെ സ്ഥാപകൻ. 1995 ൽ ഒരു ഓല ഷെഡ്ഡിലാണ് തുടക്കം അദ്ദേഹം തന്നെയായിരുന്നു സ്കൂളിന്റെ പ്രഥമ മാനേജരും. 1914 ൽ പ്രസ്തുത വിദ്യാലയം നായർസമാജം ഏറ്റെടുത്തു. തുടർന്ന് 1916 ൽ സർക്കാരിലേക്ക് സറണ്ടർ ചെയ്യപ്പെടുകയുണ്ടായി. ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊടുത്ത ഈ വിദ്യാലയ മുത്തശ്ശി യഥാകാലം വേണ്ടത്ര പരിചരണം ലഭിക്കാതെ പഴകി ദ്രവിച്ച് നനഞ്ഞൊലിച്ച് ഇരുമ്പുഴിക്കര ഗവ.LP സ്കൂൾ എന്ന പേരിൽ നിലകൊള്ളുന്നു

ശ്രീമാൻ പുഴക്കര ശങ്കരപ്പിള്ളയുടെ സംരംഭം പഞ്ചായത്തിലെ മറ്റു പല മാന്യ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഈ രംഗത്തേക്ക് ആകർഷിക്കുകയുണ്ടായി. 1913 ൽ ഉദയനാപുരത്ത് ക്രിസ്ത്യൻ മാനേജ്മെന്റിൽ സ്ഥാപിക്കപ്പെട്ട ഹോളി എയ്ഞ്ചൽ LP സ്കൂളാണ് പിന്നീട് സർക്കാരിലേക്ക് സറണ്ടർ ചെയ്യപ്പെട്ട് ഉദയനാപുരം ഗവ. യു.പി സ്കൂളായി അറിയപ്പെടുന്നത്. വടക്കേമുറി വില്ലേജിൽ ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട മണിപ്പാടം കുടുംബക്കാരാണ് പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈയ്യെടുത്ത് സ്ഥലവും മറ്റും നല്കിയത്.

1916 ൽ വല്ലകത്ത് പനക്കൽ അച്ചൻ സ്ഥാപിച്ച സെന്റ് മേരീസ് UP സ്കൂളാണ് (അവലംബം സെന്റ് മേരീസ് ചർച്ച് സൊവനീർ 96). വളർന്ന് സെന്റ് മേരീസ് ഹൈസ്കൂളായി

നിലകൊള്ളുന്നത്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളാണിത് തുടർച്ചയായി രണ്ടു വർഷം SSLC പരീക്ഷക്ക് 100% വിജയം കൈവരിച്ച കോട്ടയം ജില്ലയിലെ ഏക സ്കൂളാണിത്. എന്നാൽ അടുത്ത വർഷങ്ങളിൽ വിജയശതമാനം തീരെകുറഞ്ഞു വരുന്നതായി കാണപ്പെടുന്നു

ഉദയനാപുരം പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറേമൂലയിൽ മൂവാറ്റുപുഴയാറിന്റെ ശാഖയാൽ വേർപെടുത്തപ്പെട്ട് കിടക്കുന്ന ഒരു ഉപദ്വീപാണ് പഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട അക്കരപ്പാടം ചെമ്മനാകരി പ്രദേശം. 1935 ൽ ശ്രീ നാരായണഗുരുവിന്റെ അനുഗ്രഹത്തോടുകൂടി അക്കരപ്പാടത്ത് SNDP സ്ഥാപിച്ച രാമചന്ദ്ര വിലാസം LP സ്കൂളാണ് ഇപ്പോൾ അക്കരപ്പാടം ഗവ. UP സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നത്. പഴക്കം കൊണ്ട് മൂന്നാം സ്ഥാനത്ത് നില്കുന്ന ഈ സ്കൂളിന്റെ ആദ്യത്തെ മാനേജർ കളത്തിൽ ശ്രീ ആനന്ദൻ ശങ്കു ആയിരുന്നു ഈ സ്കൂളിന്റെ ആരംഭം ജനസംഖ്യയിൽ 99% വും പിന്നോക്ക സമുദായങ്ങളിൽപ്പെടുന്ന തദ്ദേശവാസികൾക്ക് ഒരു അനുഗ്രഹമായിത്തീർന്നു.

1926 ൽ നാനാടത്ത് സ്ഥാപിക്കപ്പെട്ട SM ഇംഗ്ലീഷ് UP സ്കൂളാണ് ഈ പഞ്ചായത്തിലെ പ്രഥമ ഇംഗ്ലീഷ് വിദ്യാലയം. ഉദയനാപുരത്ത് മോഴെക്കോടത്ത് ശ്രീമാൻ എസ്. ഹരിഹരയ്യരാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. പഞ്ചായത്തിനകത്തും പുറത്തുമുള്ള ധാരാളം വിദ്യർത്ഥികൾക്ക് ആദ്യകാലത്ത് ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിനുള്ള സൗകര്യം ഈ സ്കൂളിന്റെ ആരംഭത്തോടുകൂടി കരഗതമായി. ദീർഘകാലം വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സ്കൂൾ ഇപ്പോൾ അൺ എക്കണോമിക്ക് വിഭാഗത്തിൽപ്പെടത്തക്ക അവസ്ഥയിൽ എത്തിയിരിക്കുന്നു.

വടയാർ പടിഞ്ഞാറേക്കര ഭാഗത്ത് ലക്ഷ്മി വിലാസം നായർസമാജം സഹകരണ സംഘം 1933 ൽ സ്ഥാപിച്ച ലോവർ പ്രൈമറി സ്കൂളാണ് പിന്നീട് ഗവൺമെന്റിലെക്ക് സറണ്ടർ ചെയ്യപ്പെട്ട പടിഞ്ഞാറേക്കര ഗവ. L.P.S ആയി നിലകൊള്ളുന്നത്.

1955 കാലഘട്ടത്തിൽ വൈക്കം താലൂക്കിലെ പട്ടികജാതി സംഘടനകൾ മുൻകൈയ്യെടുത്ത് രൂപീകരിച്ച സ്കൂളുകളാണ് വാഴമന ഹരിജൻ വെൽഫയർ LP സ്കൂളും നെരേകടവ് ഹരിജൻ വെൽഫെയർ LP സ്കൂളും. ഇവ ആദ്യകാലത്ത് പയൽ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നാണ് ആദ്യകാലത്ത് അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നത്. എന്നാൽ പിന്നീട് ഈ സ്കൂളുകൾ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കകയുണ്ടായി.

വൈക്കപ്രയാർ ഭാഗത്ത് SNDPP മാനേജ്മെന്റിൽ 1978 സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന സ്കൂളാണ് വൈക്കപ്രയാർ SNLP സ്കൂൾ. പ്രസ്തുത സ്കൂളാണ് ഈ പഞ്ചായത്തിൽ ഏറ്റവും ഒടുവിൽ സ്ഥാപിക്കപ്പെട്ടത്.

സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന വല്ലകം സെന്റ് മേരീസ് UP സ്കൂൾ ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായും സർക്കാർ മേഖലയിലെ അക്കരപ്പാടം LP സ്കൂൾ ഉദയനാപുരം LP സ്കൂൾ എന്നിവ UP സ്കൂളായും 1980,81,82 കാലങ്ങളിൽ അന്ന് നിലവിലിരുന്ന ഇടതുപക്ഷ സർക്കാരിന്റെ വിദ്യഭ്യാസ നയത്തിന്റെ ഫലമായി അപ്ഗ്രേഡ് ചെയ്യപ്പെടുകയുണ്ടായി. അങ്ങനെ സ്വകാര്യ മേഖലയിൽ ഒരു ഹൈസ്കൂളും ഒരു യു.പി സ്കൂളും ഒരു എൽ.പി സ്കൂളും പൊതുമേഖലയിൽ 2 യു.പി സ്കൂളുകളും 4 എൽ.പി സ്കൂളുകളും ഉൾപ്പെടെ ആകെ 9 വിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി മുൻകൈയ്യെടുത്തു പ്രവർത്തിച്ച സാരഥികളായ പുഴക്കര ശങ്കരപ്പിള്ള, മണിപ്പാടത്ത് ജോസഫ് മാത്യു, പനക്കലച്ചൻ കളത്തിൽ ആനന്ദൻ ശങ്കു, എസ് ഹരിഹര അയ്യർ (മണിസ്വാമി) തുടങ്ങിയ ധന്യാത്മാക്കളെ ഇത്തരുണത്തിൽ നന്ദി പൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു.
വിദ്യാലയ വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. ( പട്ടക 1 കാണുക)

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ 4 പാരലൽ കോളെജുകൾ, മൂന്ന് ടൈപ്പ് റൈറ്റംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 14 അംഗനവാടികൾ,2 അൺ എയ്ഡഡ് നേഴ്സറി സ്കൂളുകൾ, ഒരു മദ്രസ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതീക വിദ്യലയങ്ങളോ, ഉപരി പഠനത്തിനുള്ള മറ്റു കോളെജുകളോ ഒന്നും തന്നെ ആ പഞ്ചായത്തിലില്ല. നാനാടത്തും നേരേകടവിലും ഓരോ ഗ്രന്ഥശാലയും ഓരോ

വായനശാലയും ഉണ്ട്.

വൈക്കം താലൂക്കിലെ പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പഞ്ചായത്താണ് ഇത്. പട്ടികജാതിക്കാരും മറ്റു പിന്നോക്ക വിഭാഗങ്ങളും ആണ് ജനസംഖ്യയിൽ ഭൂരിപക്ഷവും ആവശ്യമായ വിദ്യാലയങ്ങളുടെ അപര്യാപ്തത ഒരു ശാപമായി ഇന്നും നിലനിലക്കുന്നു. ഈപഞ്ചായത്തിൽ ഉള്ള സ്കൂളുകളിൽ അധ്യയനം നടകത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 1 ൽ നിന്നും മനസ്സിലാകും. ആകെ 2662 വിദ്യാർത്ഥികളാണ് ചെറുതും വലുതുമായ 9 വിദ്യാലയങ്ങളിൽ ഇപ്പോൾ പഠനം നടത്തുന്നത്. എൽ.പി വിഭാഗത്തിൽ 646 ആൺകുട്ടികളും 602 പെൺകുട്ടികളും യു.പി വിഭാഗത്തിൽ 488 ആൺകുട്ടികളും 427 പെൺകുട്ടികളും പെ വിഭാഗത്തിൽ 293 ആൺകുട്ടികളും 176 പെൺകുട്ടികളും അദ്ധ്യയനം നടത്തുന്നു. മൊത്തം വിദ്യാർത്ഥികളിൽ 45.76% പെൺകുട്ടികളാണ്. ( പട്ടിക 1B കാണുക.)

പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ കണക്ക് പട്ടിക 1B യിൽ നിന്നും മനസ്സിലാക്കാം. തജ വിഭാഗത്തിൽ 261 വിദ്യാർത്ഥികളും യു.പി വിഭാഗത്തിൽ 162 വിദ്യർത്ഥികളും HS വിഭാഗത്തിൽ 68 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 491 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നിർസ്സഹിക്കുന്നു. മൊത്തം വിദ്യാർത്ഥികളുടെ കണക്കുമായി തട്ടിച്ചു നോക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 18.6% ആണ്. ഇതിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വെറും 2 മാത്രമാണ്.

പഠന നിലവാരം പരിശോധിക്കുമ്പോൾ മൊത്തം വിദ്ധ്യാത്ഥികളിൽ 30 ശതമാനത്തിൽ താഴെ മാർക്കു ലഭിച്ചവർ 155 ഉം 30%നും 40%നും ഇടക്കു മാർക്ക് ലഭിച്ചവർ 824 ഉം 40%നും 50%നും മാർക്ക് ലഭിച്ചവർ 625 ഉം 50%നും 60%നും ഇടക്കു മാർക്കു ലഭിച്ചവർ ലഭിച്ചവർ 316ഉം 60%നുമുകളിൽ മാർക്കു ലഭിച്ചവർ 116ഉം ആണ്. (1996ൽ നടത്തിയ കാൽപാദ പരീക്ഷയിൽ ഈപഞ്ചായത്തിലെ സ്കൂളുകളിലെ മൂന്നു മുതൽ പത്തുവരെയുള്ള സ്റ്റാൻഡാർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ സ്ഥിതിവിവര കണക്കനുസരിച്ചുള്ളത്. പട്ടിക 2 കാണുക)

പഞ്ചായത്തിനകത്ത് ഹൈസ്കൂളുകൾ കുറവായതിനാൽ ഏകദേശം ആയിരത്തോളം വിദ്ധ്യാർത്ഥികൾ പഞ്ചായത്തിനു പുറത്തുള്ള വൈക്കം ഗവഃ ബോയ്സ് ഹൈസ്കൂൾ, വൈക്കം ഗവഃ ഗേൾസ് ഹൈസ്കൂൾ, വൈക്കം വെസ്റ്റ് ഗവഃ ഹൈസ്കൂൾ, വൈക്കം ലിറ്റിൽഫ്ലവർ ഗേൾസ് ഹൈസ്കൂൾ, കുലശേഖരമംഗലം ഗേൾസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ ദീർഘയാത്രചെയ്തു പഠനം നടത്തിവരുന്നു. ഈപഞ്ചായത്തിലെ 3,7,11 വാർഡുകളിൽ വിദ്യാലയങ്ങൾ ഒന്നും ഇല്ലാത്തതിനാൽ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിനു വേണ്ടി പിഞ്ചുകുട്ടികൾ അന്യവാർഡുകളിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര ചെയ്യേണ്ടിവരുന്ന ഗതികേടുണ്ട്.

പട്ടിക 3 ലെ കണക്കനുസരിച്ച് കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കുകളുടെ കുറവ് ഇംഗ്ലീഷ്മീഡിയം ഭ്രമം ഇവയൊക്കെ ഇതിന് കാരണമായി കാണാവുന്നതാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായി കുറവു വന്നിരിക്കുന്നത് വല്ലകം സെന്റ് മേരീസ് ഹൈസ്കൂളിലാണ്.

തോറ്റു പഠിക്കുന്നവരുടെ കണക്ക് പട്ടിക 1Dയിൽ കൊടുത്തിരിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ 81 ആൺകുട്ടികളും 29 പെൺകുട്ടികളും ഉൾപ്പെടെ 110 പേരും മറ്റു വിഭാഗത്തിൽ 74 ആൺകുട്ടികളും 43 പെൺകുട്ടികളും ഉൾപ്പെടെ 117 വിദ്യാർത്ഥികളും തോറ്റു പഠിക്കുന്നതായി മനസ്സിലാക്കാം.

പട്ടിക 1 അനുസരിച്ച് മൊത്തം സ്കൂളുകളിൽ ആകെ അദ്ധ്യാപകരുടെ എണ്ണം 102 ആണ്. ഇതിൽ 24 പുരുഷന്മാരും 78 സ്ത്രീകളുമാണ്.

വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു. (പട്ടിക 3 കാണുക) മിക്ക വിദ്യാലയങ്ങളിലും ക്ലാസ്സുമുറികൾ പ്രത്യേകം തിരിച്ചിട്ടില്ല. അത് അദ്ധ്യയനത്തെ ദോഷകരമായി ബാധിക്കുന്നു. സർക്കാർ സ്കൂൾ കെട്ടിടങ്ങൾ മിക്കതും കാലപ്പഴക്കം മൂലം പഴകിദ്രവിച്ചു തുടങ്ങിയിരിക്കുന്നു. യഥാസമയം അറ്റകുറ്റപണികൾ ചെയ്യാത്തതുമൂലം വർഷകാലങ്ങളിൽ നനഞ്ഞൊലിക്കുന്നത് സധാരണമാണ്. മൂത്രപ്പുര, കക്കൂസ് ഇവ മിക്ക സ്കൂളുകൾക്കുമില്ല. ഉള്ളവതന്നെ ഉപയോഗ യോഗ്യമല്ല. കുടിവെള്ളം ലഭിക്കുന്നതിന് മിക്ക

സ്കൂളുകളിലും കിണറുകളാണ് ഉപയോഗിക്കുന്നത്. വൈദ്യുതി മൂന്ന് സ്കൂളുകൾക്ക് മാത്രമേ ഉള്ളൂ. സാനിട്ടറി സൗകര്യം ഒരു സ്കൂളിനുമില്ല. വിദ്യാർത്ഥികൾക്ക് യഥേഷ്ടം കളിക്കുന്നതിനുള്ള കളിസ്ഥലങ്ങൾ ഭൂരിപക്ഷം സ്കൂളുകൾക്കും ഉള്ളതായി ക്കാണുന്നില്ല. സ്കൂൾ റീട്ടെയിനിംഗ് വാൾ കെട്ടാത്തതിന് സ്കൂൾ പുരയിടങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ചുറ്റുമതിലുകൾ ഒരുസ്കൂളിനും ഉള്ളതായി ക്കാണുന്നില്ല. തൻമൂലം സന്ധ്യകഴിഞ്ഞാൽ സാമൂഹ്യ വിരുദ്ധന്മാരുടെ വിഹാരകേന്ദ്രങ്ങളായി സ്കൂളുകൾ മാറുന്നു. സ്റ്റാഫ് റൂം, ലബോറട്ടറി, ലൈബ്രറി എന്നിവ ഗുണകരമായി പ്രവർത്തിക്കുവാൻ പ്രത്യേകം മുറികളോ സാമഗ്രികളോ ഇല്ല. വിദ്യാർത്ഥികൾക്ക് കഞ്ഞി പാകം ചെയ്യുന്നതിനുള്ള സ്ഥിരമായ കെട്ടിടം ഒരു സ്കൂളിനുമില്ല. അക്കരപ്പാടം യുപിസ്കൂൾ, ഉദയനാപുരം യു.പി. സ്കൂൾ എന്നീ വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ ആവശ്യമാണ്. കെട്ടിടത്തിന്റെ അഭാവംമൂലം അക്കരപ്പാടം യു.പി. സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്.

ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ പൂർണ്ണമായുള്ള സ്ക്കൂളുകൾ ഒന്നും തന്നെയില്ല. പഠനോപകരണങ്ങൾ വർഷങ്ങൾക്കുമുൻപ് ലഭിച്ചിട്ടുള്ളവ നാമമാത്രമായുണ്ട് (പട്ടിക 4 കാണുക). എല്ലാ സ്കൂളുകളിലേയും പഠന നിലവാരം സാമാന്യം തൃപ്തികരമാണ്. എന്നാൽ വല്ലകം സെന്റ് മേരീസ് ഹൈസ്കൂളിലെ വിജയശതമാനം ക്രമേണ കുറഞ്ഞുവരുന്നതായി സർവ്വേ സൂചിപ്പിക്കുന്നു. അവാർഡുകളെ സംബന്ധിച്ചിടത്തോളം ഈ പഞ്ചായത്തിലെ സ്കൂളുകൾ വളരെ മോശം നിലവാരമാണ് പുലർത്തുന്നത്. സബ്ജില്ലാതലത്തിന് മുകളിലുള്ള അവാർഡുകളൊന്നും ഒരു സ്കൂളിനും ലഭിച്ചിട്ടില്ല. തോറ്റു പഠിക്കുന്നവരുണ്ടെങ്കിലും പഠനം നിർത്തിയവർ പൊതുവേ കുറവാണ്.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 14 അംഗനവാടികൾ ഉള്ളതിൽ 4എണ്ണത്തിനു സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. അംഗനവാടികളിൽ വേണ്ടത്ര കളിക്കോപ്പുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

### വാർഡുതല ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

വാർഡ് 1

അക്കരപ്പാടം യു.പി.സ്കൂളിൽ വാർഷികാഘോഷം നടത്താറില്ല. ഒരു വായനശാല, വനിതാ ലൈബ്രറി എന്നിവ വേണം. വനിതാ ലൈബ്രറി മുഖാന്തിരം പുസ്തകം വീടുകളിൽ എത്തിച്ചു കൊടുക്കണം.

വാർഡ് 2

നേരേകടവ് LPS ന് കളിസ്ഥലമില്ല. പാചകപ്പുര, സാനിട്ടറി സൗകര്യം, ടി.വി, റേഡിയോ, വൈദ്യുതി എന്നിവ വേണം. പഠനോപകരണങ്ങൾ സ്പോർട്ട്സ് സാമഗ്രികൾ എന്നിവ അത്യാവശ്യമാണ്. അംഗനവാടികളിൽ പഠനോപകരണങ്ങളൊ, കളിക്കോപ്പുകളോ ഒന്നും തന്നെയില്ല. ക്ലാസ്സ് മുറികൾ ഭിത്തി കെട്ടി വേർതിരിക്കണം.

വാർഡ് 3

പ്രാഥമിക വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. കിഴക്കും പടിഞ്ഞാറും ഓരോ അംഗനവാടികൾ കൂടി സ്ഥാപിക്കണം. ഒരു വായനശാലയും ഗ്രന്ഥശാലയും അത്യാവശ്യമാണ്. നിലവിലുള്ള അംഗനവാടികൾക്ക് കെട്ടിടങ്ങളോ, ആവശ്യമായ പഠനോപകരണങ്ങളോ ഇല്ല. ഒരു എൽ. പി സ്കൂൾ സ്ഥാപിക്കണം.

വാർഡ് 4

നേഴ്സറി സ്കൂൾ വേണം. വായനശാലയും, ഗ്രന്ഥശാലയും അത്യാവശ്യമാണ്. സ്കൂളുകളിലേക്കുള്ള നടപ്പാതകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. സ്കൂൾകെട്ടിടങ്ങൾ പഴക്കം മൂലം തകർച്ച ബാധിച്ചവയാണ്. ഉച്ചക്കഞ്ഞി മുടക്കം കൂടാതെ ലഭിക്കാത്തതും, ശാസ്ത്രീയ ബോധനരീതിയുടെ അഭാവവും പഠന നിലവാരത്തെ ബാധിക്കുന്നു. ഉപരി പഠനത്തിനു വേണ്ടി വിദ്ധ്യാർത്ഥികൾ 5 കി.മി. ദൂരം സഞ്ചരിക്കേണ്ടി വരുന്നു. എസ്.എം.യു.പി സ്കൂളിൽ കുട്ടികളുടെ എണ്ണം വളരെക്കുറവാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പഠന നിലവാരം കുറവാണ്.

വാർഡ് 5

സ്കൂളുകൾ ഒന്നും ഇല്ല. വായനശാലയിൽ വേണ്ടത്ര പുസ്തകങ്ങൾ ഇല്ല, വായനശാലയിൽ ടി.വി സ്ഥാപിക്കണം. ഒരു എൽ.പി സ്കൂളും യു.പി സ്കൂളും വേണം. വാർഡിന്റെ എല്ലാഭാഗത്തു നിന്നും ഒരു കി.മി.ദൂരം സഞ്ചരിച്ച് വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം നടത്തേണ്ടി വരുന്നു. 2 അംഗനവാടികൾ ഉള്ളതിൽ ഒന്നിന് സ്വന്തമായി കെട്ടിടം ഇല്ല.

വാർഡ് 6

ഇരുമ്പുഴിക്കര യു.പി സ്കൂൾ കെട്ടിടം വളരെ പഴക്കം ചെന്നതാണ്. കുടിവെള്ളം ലഭ്യമല്ല. കക്കൂസ്, മൂത്രപ്പുര എന്നിവയില്ല. സ്കൂളിന് ചുറ്റുമതിലുകളോ, വേലികളോ ഇല്ല. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. വെള്ളപ്പൊക്ക ശല്യമുണ്ട്.

വാർഡ് 7

രണ്ട് അംഗനവാടികൾ ഉണ്ട്, പഠനോപകരണങ്ങൾ കളിക്കോപ്പുകൾ എന്നിവയില്ല. ഒരു ഗ്രന്ഥശാലയും വായനശാലയും വേണം. യു.പി സ്കൂൾ ഹൈസ്കൂൾ വിദ്യാഭ്യസത്തിന് രണ്ടു കി.മി. ദൂരം സഞ്ചരിക്കണം. സ്കൂളിന്റെ സുരക്ഷിതത്വക്കുറവും സഞ്ചാരയോഗ്യമായ വഴിയില്ലാത്തതും സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. അടിയന്തിരമായി ഒരു കെട്ടിടം ആവശ്യമാണ്. കക്കൂസുകൾ വേണം

വാർഡ് 8

ഈ വാർഡിൽ സ്ഥിതിചെയ്യുന്ന പടിഞ്ഞാറെക്കര എൽ.പി സ്കൂൾ വളരെ പഴക്കം ചെന്നതാണ്. കുടിവെള്ളം ലഭ്യമല്ല. മൂത്രപ്പുര, കക്കൂസ് എന്നിവയില്ല. വായനശാലയും ഗ്രന്ഥശാലയും വേണം.

വാർഡ് 10

പി.ടി.എ പ്രവർത്തനം മെച്ചപ്പെടുത്തി കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാൻ സഹകരിക്കണം. ഉച്ചക്കഞ്ഞി കൃത്യമായി നടത്തുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. അംഗനവാടിക്ക് സ്വന്തമായി കെട്ടിടവും, പഠനോപകരണങ്ങളുമില്ല. അംഗനവാടികളോടനുബന്ധിച്ച് മാതൃസംഘടനകൾ രൂപീകരിക്കണം. അംഗനവാടി ജീവനക്കാർക്ക് വേതന വർദ്ധനവ് അത്യവശ്യമാണ്. വൈദ്യപരിശോധന എല്ലാ വർഷവും യഥാസമയം നടത്തണം. ഒരു വായനശാലയും ഗ്രന്ഥശാലയും പഞ്ചായത്ത് കേന്ദ്രത്തിൽ സ്ഥാപിക്കണം

## പ്രശ്നങ്ങൾ

1. ഇംഗ്ലിഷ്മീഡിയം വിദ്യാലയങ്ങളിലേക്കു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
2. സ്ക്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ തോതിൽ നിലനില്കന്നു.
3. എല്ലാസ്ക്കുളുകളിലും അക്കാഡമിക്ക സൗകര്യങ്ങൾ കുറവാണ്.
4. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുപോലുമില്ല.
5. 3,5,11 വാർഡുകൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ അന്യസ്ഥലങ്ങളിലേക്കുപോകുന്നു.
6. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികളൊന്നും നടപ്പാക്കുന്നില്ല.
7. ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾഇല്ല.
8. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറെമൂലയിൽ 10ം വാർഡിൽ ഹൈസ്ക്കൂൾ ഇല്ലാത്തതിനാൽ ഉപരിപഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
9. പഞ്ചായത്തിന്റെ മദ്ധ്യത്തിൽ ഉദയനാപുരംഭാഗത്ത് പൊതുമേഖലയിൽ ഒരു ഹൈസ്ക്കൂൾ ഇല്ല.
10. സ്ക്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമല്ല.
11. ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ അഭാവം ബോധനത്തെ ബാധിക്കുന്നു.
12. ക്ലാസ്സുമുറികൾ പ്രത്യേകം തിരക്കപ്പെട്ടിട്ടില്ല.
13. അംഗനവാടികളിലും സ്ക്കൂളുകളിലും രക്ഷാകർത്തൃസംഘടനയും മാതൃസംഗവും സജീവമല്ല.
14. ഉച്ചക്കഞ്ഞി വിതരണം മുടങ്ങാതെ നടക്കുന്നില്ല.
15. കലാകായിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതിയില്ല.
16. വിദ്യാലയങ്ങൾക്കു ചുറ്റുമതിലുകൾഇല്ല.
17. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല.
18. പഠനോപകരണങ്ങൾ ആവശ്യത്തിന് ഇല്ല.

## സാദ്ധ്യകൾ

1. സർക്കാർ എയിഡഡ് സ്ക്കൂളുകളിലെ അധ്യനനിലവാരവും അച്ചടക്കനിലവാരവും പാഠ്യേതരപ്രവർത്തനങ്ങളും ഗണ്യമായവിധം മെച്ചപ്പെടുത്തുക.
2. സാക്ഷരത തുടർ വിദ്യാഭ്യാസപ്രവർത്തനങ്ങൾ സജീവമാക്കുന്ന പക്ഷം നിരക്ഷരത വളരെക്കുറക്കാൻ സാധിക്കും.
3. ഈ പഞ്ചായത്തിനെ കേന്ദ്രീകരിച്ച് ഏതാണ്ട് മദ്ധ്യഭാഗത്തായി തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ ഹൈസ്കൂൾ ആരംഭിച്ചാൽ പഞ്ചായത്തിനു വെളിയിലുള്ള കുട്ടികൾക്കു പോലും അതുസഹായകമാകും. ഉദയനാപുരം ഗവ: യു.പി സ്കൂൾ അപ്ഗ്രേഡ് ചെയ്താൽ ഇത് പരിഹരിക്കാവുന്നതാണ്.

41

4. വിദ്യാലയമില്ലാത്ത വാർഡുകളിൽ ലോവർപ്രൈമറിസ്ക്കൂൾ ആരംഭി ക്കേണ്ടതാണ്.

5. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പരിഗണിച്ച് അംഗനവാടികളെ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നല്കണം.

6. ആവശ്യമായ കെട്ടിടവും വേണ്ടത്ര പഠനോപകരണങ്ങളും അംഗനവാടികൾക്ക് നേടികൊടുക്കാൻ കഴിഞ്ഞാൽ ഈ തലത്തിലുള്ള L.K.G., U.K.G. സ്ക്കുളുകളിലേക്കുള്ള ഒഴുക്കുതടയുന്നതിനും നമ്മുടെ സംസ്കാരത്തിന് അനുയോജ്യമായ വിദ്യാഭ്യാസസമ്പ്രദായത്തിന് അടിത്തറ പാകുവാനും കഴിയും.

7. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ ഹൈസ്ക്കൂളുകൾ ഒന്നുംതന്നെ ഇല്ലാത്തിതിനാൽ ഉപരിവിദ്യാഭ്യാസത്തിന് അവിടുത്തെവിദ്യാർത്ഥികൾ ക്ലേശിക്കുന്നുണ്ട്. എന്നാൽ അക്കരപ്പാടത്തുള്ള സർക്കാർ യു.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പി.റ്റി.എ. നടത്തുന്ന ശ്രമവും ചിലവിശിഷ്ടവ്യക്തികളിൽ നിന്ന് സമാഹരിക്കാൻ കഴിയുന്ന ഭൂമിയുടേയും സാമ്പത്തികസഹായത്തിന്റേയും സാധ്യതകൾ പരിഗണിക്കുമ്പോൾ ഒരു ഹൈസ്ക്കൂളായി ഉയരുവാനും വികസിക്കുവാനും ഏറ്റവും സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണിത്.

8. വിദ്യാലയങ്ങൾക്ക് ചുറ്റുമതിലുകളും പ്രവർത്തനക്ഷമങ്ങളായ സഹകരണ സംഘങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ വിഭവസമാഹരണത്തിന്റെ മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു. അദ്ധ്യാപകരക്ഷകർതൃ സമതികൾ ഇതിനുമുൻകൈഎടുക്കേണ്ടതാണ്.

9. ഓരോസ്ക്കൂളിലേയും ക്ലാസ്സുമുറികൾ ഭിത്തികൊട്ടിവേർതിരിച്ചെങ്കിൽ മാത്രമെ ചിട്ടയായും ഫലപ്രദമായും അദ്ധ്യായനം സാധ്യമാകു. ആവശ്യമായ വൈദ്യുതിസൗകര്യം നൽകുന്നതിന് സ്ക്കൂളുകൾക്ക് മുൻഗണന നൽകണം.

10. കായിക കലാരംഗങ്ങളിൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നതിന് മതിയായ സംവിധാനം അടിസ്ഥാനതലത്തിൽ ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

11. ഈ മേഖലയിലെ വിദ്യാത്ഥികളിലധികവും ദാരിദ്രരേഖക്കു് താഴെയുള്ളവരാണെന്ന പ്രത്യേകത പരിഗണിച്ച് ഉച്ചകഞ്ഞി ഒരു കാരണവശാലും മുടങ്ങാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

12. വിദ്യാഭ്യാസരംഗം സജീവമാക്കുന്നതിനാവശ്യമായ വിവിധപദ്ധതികൾ പഞ്ചായത്തുതലത്തിൽതന്നെ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ഇവയിൽ ഏറ്റവും പ്രധാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും കായിക പരിശീലനത്തിനും നൽകുന്നതുനന്നായിരിക്കും. ബുക്ക് ബയന്റിംഗ്, നോട്ട്ബുക്ക്നിർമ്മാണം, ചോക്ക്നിർമ്മാണം, പച്ചക്കറിതോട്ടനിർമ്മാണം, ഔഷധസസ്യകൃഷി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളിലും കലാസമിതികൾ സാഹിത്യസമാജങ്ങൾ ചിത്രരചന കരകൗശല പരിശീലനം സ്ക്കൂൾപാർലമെന്റുകൾ തുടങ്ങിയ പാഠ്യേതരവിഷയങ്ങളിലും പരിശീലനം നൽകുന്നതിന് കൂടി ഉതകത്തവിധമുള്ള സ്ക്കൂൾകോംപ്ലക്സ് ആരംഭിക്കുന്നത് നന്നായിരിക്കും അതാതു തലങ്ങളിൽ പ്രാവീണ്യം നേടിയ വിദ്യാർത്ഥികൾക്ക് തുടർന്നുള്ള വിദ്യാഭ്യാസത്തിന് സഹായകമാം വിധം പ്രോത്സാഹനങ്ങളും സാമ്പത്തികസഹായങ്ങളും നൽകുന്നത് ഇതരവിദ്യാർത്ഥികൾക്കുകൂടി പ്രചോദകമായിത്തീരും. ഇതിനുവേണ്ടി പി.റ്റി.എകൾ സ്പോൺസർമാരെ കണ്ടുപിടിക്കുന്നതു നന്നായിരിക്കും

13. സ്ക്കൂൾതലത്തിൽ ചരിത്രപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായി പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളിലേക്ക് പഠനയാത്രാപരിപാടി സംഘടിപ്പിക്കുന്നത് നന്നായിരിക്കും

14. യഥാകാലം നടത്തുന്ന വൈദ്യ പരിശോദനകളും മാസാന്ത്യപരീക്ഷകളും വിദ്യാർത്ഥികളുടെ കയികവും ബൗദ്ധികവുമായ വികാസത്തിന് സഹായകമായിരിക്കും

നമ്മുടെ വിദ്യാഭ്യാസരംഗം ഇന്നത്തെ വികലതകൾ പരിഹരിച്ച് അന്യൂനമായ ഒരു നിലവാരം ഉണ്ടാക്കുന്നതിന് അതിലൂടെ ജീവിത്തതിൽ ലാളിത്യവും ചിന്തയിൽ ഔന്നത്ത്യവും ദേശസ്നേഹവും തനതു സംസ്കരത്തോടു് മതിപ്പും സമൂഹത്തോട് പ്രതിബദ്ധതയുമുള്ള ഒരു പുരിയതലമുറക്ക് രൂപം നൽകുന്നതിന് പുതിയ ആസൂത്രണ പ്രക്രീയ സഹായകമാകുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം.

42

പട്ടിക 1

വിദ്യാലയ വിവരങ്ങൾ (സ്കൂൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ)

| ക്ര.ന | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെന്റ് മേരീസ് H.S. വല്ലകം | | | | | | | |
| | L.P. | | 146 | 131 | 277 | | | |
| | U.P. | | 187 | 175 | 362 | 5 | 35 | 40 |
| | H.S. | | 293 | 176 | 469 | | | |
| 2. | ഗവഃ U.P.S. അക്കരപ്പാടം | | | | | | | |
| | L.P. | | 89 | 88 | 177 | | | |
| | U.P. | | 81 | 73 | 154 | 6 | 8 | 13 |
| 3. | ഗവഃ U.P.S. ഉദയനാപുരം | | | | | | | |
| | L.P. | | 160 | 140 | 300 | | | |
| | U.P. | | 180 | 166 | 366 | 3 | 18 | 21 |
| 4. | S.M.U.P.S. നാനാടം | | 40 | 23 | 63 | 4 | 3 | 7 |
| 5. | L.P.S. ഇരുമ്പുഴിക്കര | | 64 | 59 | 123 | 2 | 2 | 4 |
| 6. | L.P.S. പടിഞ്ഞാറെക്കര | | 54 | 43 | 97 | 1 | 4 | 5 |
| 7. | L.P.S. വാഴമന | | 27 | 43 | 70 | 0 | 4 | 4 |
| 8. | H.W.L.P.S. നേരേകടവ് | | 43 | 48 | 91 | 2 | 2 | 4 |
| 9. | S.N.L.P.S. വൈക്കപ്രയാർ | | 63 | 50 | 113 | 2 | 2 | 4 |
| | ആകെ | | 1427 | 1235 | 2662 | 24 | 78 | 102 |

പട്ടിക 2

## പഠന നിലവാരം . കാൽപാദ പരീക്ഷ 1996

| ക്ലാസ്സുകൾ | 30% താഴെ മാർക്കു ലഭിച്ചവർ | 30%നു 40%നും ഇടയ്ക്ക് മാർക്കു ലഭിച്ചവർ | 40%നു 50%നു ഇടയ്ക്ക് മാർക്ക് ലഭിച്ചവർ | 50%നു 60%നും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ | 60%ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 35 | 140 | 105 | 52 | 18 |
| IV | 30 | 120 | 90 | 45 | 15 |
| V | 30 | 120 | 90 | 45 | 15 |
| VI | 20 | 130 | 100 | 35 | 15 |
| VII | 20 | 125 | 100 | 50 | 20 |
| VIII | 10 | 60 | 45 | 32 | 10 |
| IX | 10 | 85 | 60 | 30 | 10 |
| X | - | 44 | 35 | 25 | 13 |
| ആകെ | 155 | 824 | 625 | 314 | 116 |

(അവലംബം ദ്വിതീയ വിവര ശേഖരണം)

പട്ടിക III

## ഭൗതികസാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | സെന്റ് മേരീസ് ഹൈസ്കൂൾ വല്ലകം | 3 ഏക്കർ 50 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | സ്ഥിരമല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | ഗവ: യു. പി. സ്കൂൾ അക്കരപ്പാടം | 1 ഏക്കർ | ഉണ്ട് | ഇല്ല | പ്രത്യേക മുറി ഇല്ല | പ്രത്യേക മുറി ഇല്ല | ഉണ്ട് | ഇല്ല | " | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | ഗവ: യു. പി. സ്കൂൾ ഉദയനാപുരം | 1 ഏക്കർ 1 സെ. | ഉണ്ട് | ഇല്ല | " | " | ഉണ്ട് | ഉണ്ട് | " | ഉണ്ട് | ഇല്ല | ഉണ്ട് |
| 4. | എസ്സ്. എം. യു. പി. സ്കൂൾ മാനാടം | 1 ഏക്കർ 2 സെ. | ഉണ്ട് | ഇല്ല | " | " | ഉണ്ട് | ഇല്ല | " | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ഗവ: എൽ. പി. സ്കൂൾ ഇരുമ്പുഴിക്കര | 33 സെ. | ഉണ്ട് | ഇല്ല | " | " | ഇല്ല | " | " | ഇല്ല | ഇല്ല | ഇല്ല |
| 6. | ഗവ: എൽ. പി. സ്കൂൾ പടിഞ്ഞാറെക്കര | 1 ഏക്കർ | ഉണ്ട് | ഇല്ല | " | " | ഇല്ല | " | " | ഇല്ല | ഇല്ല | ഇല്ല |
| 7. | ഗവ: എൽ. പി. സ്കൂൾ വാഴമന | 15 സെ. | ഉണ്ട് | ഇല്ല | " | " | ഇല്ല | " | " | ഇല്ല | ഇല്ല | ഇല്ല |
| 8. | ഹരിജൻവെൽഫയർ എൽ. പി. സ്കൂൾ നേരേകടവ് | 14 സെ. | ഉണ്ട് | ഇല്ല | " | " | ഇല്ല | " | " | ഇല്ല | ഇല്ല | ഇല്ല |
| 9. | എസ്. എൻ. എൽ. പി. സ്കൂൾ വൈക്കപ്രയാർ | 1 ഏക്കർ 5 സെ. | ഉണ്ട് | ഇല്ല | " | " | ഉണ്ട് | " | " | ഇല്ല | ഇല്ല | ഉണ്ട് |

പട്ടിക 4

## അക്കാഡമിക് സൗകര്യങ്ങൾ (ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി സെറ്റ് | വി.സി. ആർ / വി.സി.പി. | സിനിമ പ്രൊജക്റ്റർ | ഓവർ ഹെഡ് പ്രൊജക്റ്റർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് | പഠനോപകരണങ്ങൾ | പിടി.എ. | മാതൃ സംഗമം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | വല്ലകം സെന്റ് മേരീസ് ഹൈ സ്കൂൾ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ആവശ്യത്തിനില്ല | ആവശ്യം തികയില്ല | ഉണ്ട് | ഉണ്ട് |
| 2 | ഗവ: യു. പി. എസ്സ്. അക്കരപ്പാടം | ഇല്ല | " | ഇല്ല | " | " | " | " | " | " | ഉണ്ട് | സജീവമല്ല |
| 3 | ഗവ: യു. പി. എസ്സ്. ഉദയനാപുരം | ഉണ്ട് | " | " | " | " | " | " | " | " | സജീവമല്ല | " |
| 4 | എസ്സ്. എം. യു. പി. എസ്സ്. നാനാടം | ഇല്ല | " | " | " | " | " | " | " | " | " | " |
| 5 | ഗവ: എൽ. പി. സ്കൂൾ ഇരുമ്പുഴിക്കര | ഇല്ല | " | " | " | " | " | " | " | " | " | " |
| 6 | ഗവ: എൽ. പി. സ്കൂൾപടിഞ്ഞാറെക്കര | ഇല്ല | " | " | " | " | " | " | " | " | " | " |
| 7 | ഗവ: എൽ. പി. സ്കൂൾ വാഴമന | ഇല്ല | " | " | " | " | " | " | " | " | " | " |
| 8 | ഹരിജൻ വെൽഫയർ എൽ. പി. സ്കൂൾ നേരേകടവ് | ഇല്ല | " | " | " | " | " | " | " | " | " | " |
| 9 | എസ്സ്. എൻ. എൽ.പി. സ്കൂൾ വൈക്കപ്രയാർ | ഇല്ല | " | " | " | " | " | " | " | " | " | " |
| | | | | | | | | | | | | |

(അവലംബം ദ്വിതീയ വിവര ശേഖരണം)

## പട്ടിക III

### വിദ്യാലയവിവരങ്ങൾ - വിദ്യാർത്ഥികളുടെ എണ്ണം

### എണ്ണം തുടർച്ചയായ വർഷം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | 94-95 | 95-96 | 96-97 |
| 1. | സെന്റ് മേരീസ് എച്ച്. എസ്, വല്ലകം | എയ്ഡഡ് | 1116 | 1132 | 1108 |
| 2. | ഗവ. യു. പി. എസ്സ്. അക്കരപ്പാടം | സർക്കാർ | 364 | 323 | 331 |
| 3. | ഗവ. യു. പി. എസ്സ്. ഉദയനാപുരം | സർക്കാർ | 647 | 643 | 636 |
| 4. | എസ്സ്. എം. യു. പി. എസ്സ്., നാനാടം | എയ്ഡഡ് | 90 | 78 | 63 |
| 5. | ഗവ. എൽ. പി. എസ്സ്., ഇരുമ്പുഴിക്കര | സർക്കാർ | 111 | 113 | 123 |
| 6. | ഗവ. എൽ. പി. എസ്സ്., പടിഞ്ഞാറെക്കര | സർക്കാർ | 109 | 101 | 96 |
| 7. | ഗവ. എൽ. പി. സ്ക്കൂൾ, വാഴമന | സർക്കാർ | 75 | 75 | 70 |
| 8. | ഗിരിജൻ വെൽഫയർ എൽ. പി. എസ്സ് നേരേ കടവ് | സർക്കാർ | 84 | 87 | 91 |
| 9. | എസ്സ്. എൻ. എൽ. പി. എസ്സ്, വൈക്കപ്രയാർ | എയ്ഡഡ് | 114 | 115 | 113 |

## പട്ടിക I B

### L.P, U.P, H.S വിഭാഗങ്ങളുടെ പെൺകുട്ടികളുടെ വിവരണം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | H.S | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 2662 | 666 | 602 | 48.2 | 488 | 427 | 46.6 | 293 | 176 | 37.5 |

പെൺകുട്ടികൾ 45.7%

അവലംബം ദ്വിതീയ വിവരം ശേഖരണം

## പട്ടിക I C

### പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| | LP | | UP | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1248 | 261 | 20.9 | 915 | 162 | 17.5 | 475 | 68 | 14.5 |

ആകെ 18.6%

അവലംബം ദ്വിതീയ വിവരം ശേഖരണം


## പട്ടിക I D

### തോറ്റു പഠിക്കുന്നവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ |
| 81 | 29 | 110 | 74 | 43 | 117 | 227 |

അവലംബം ദ്വിതീയ വിവരം ശേഖരണം

# കുടിവെള്ളവും പൊതുജനാരോഗ്യവും പരിസരശുചിത്വവും.



" ആരോഗ്യമാർന്നൊരുദിനം മമകിട്ടുമെങ്കിൽ
ആ രാജ രാജ നില ഞാൻ തൃണമായ്ഗണിക്കും"

എന്ന ചൊല്ല് മലയാളികൾക്ക് പരിചിതമാണല്ലോ. മനുഷ്യജീവിതത്തിൽ ആരോഗ്യത്തിനുള്ള പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ആശയം. ആരോഗ്യമുള്ള ഒരു തലമുറ നാടിന്റെ ഏററവും വലിയ സമ്പത്താണ്. ഈ സമ്പത്തിന് 3 കാര്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ശുചിയായ പാർപ്പിടം, ശുദ്ധമായ വെള്ളം, നല്ല വായു ഇവയാണ് ആരോഗ്യപരിപാലനത്തിന് അവലംബമായി നിൽക്കുന്ന ഘടകങ്ങൾ.

ഉദയനാപുരം പഞ്ചായത്തിലുള്ള പാർപ്പിടങ്ങളുടെ ശുചിത്വം നിലനിർത്തണമെങ്കിൽ ശുദ്ധമായ ജലം ലഭ്യമായേതീരൂ. ഈ പഞ്ചായത്തിലെ കായൽതീരപ്രദേശങ്ങളിയ ചെമ്മനാകരി, അക്കരപ്പാടം, മുണ്ടുകാട്, പനമ്പുകാട്, നേരേകടവ് എന്നീ പ്രദേശങ്ങളൊഴികെ മററ് ഇടങ്ങളിലെ ജനങ്ങളിൽ 80% വും കിണറുകളെ ആശ്രയിച്ചാണ് കുടിവെള്ളപ്രശ്നം പരിഹരിക്കുന്നത്. മേൽപറഞ്ഞ പ്രദേശങ്ങളിൽ കിണറുകളിൽനിന്നോ, കുളങ്ങളിൽനിന്നോ ലഭിക്കുന്ന വെള്ളം ഉപ്പുരസം കലർന്നതായതിനാൽ കുടിവെള്ളമായി ഉപയോഗിക്കാൻ പററാത്തവയാണ്. അതുകൊണ്ടുതന്നെ അവിടെയുള്ളവർ കുടിവെള്ളത്തിനു പൈപ്പുകളെമാത്രം ആശ്രയിക്കുന്നു. അവിടെയാകട്ടെ പഞ്ചായത്തു ടാപ്പുകളുടെ എണ്ണം ആവശ്യത്തിന് മതിയാവുന്നില്ല. കൂടുതൽ പബ്ലിക്കുടാപ്പുകൾ ഈ പ്രദേശങ്ങളിൽ അനിവാര്യമായിതീർന്നിരിക്കുന്നു. വളരെക്കുറച്ചുവീടുകളിൽ മാത്രമേ ഈ പ്രദേശത്തു സ്വകാര്യടാപ്പുകളുള്ളൂ. 4,5,6 വാർഡുകളുടെ ഭൂരിഭാഗം സ്ഥലവും 10,11 വാർഡുകളും 7ന്റെ കിഴക്കുഭാഗത്തും ആണ് ഈ പഞ്ചായത്തിൽ സ്വകാര്യകിണറുകൾ കൂടുതലായി കാണുന്നത്. പഞ്ചായത്തിനാകെ 13 പൊതു കിണറുകളാണുള്ളത്. ഇവയിൽ 8 എണ്ണം ഉപയോഗയോഗ്യമല്ല. അതുകൊണ്ട് പടിഞ്ഞാറൻ മേഖലയെപോലെതന്നെ കിഴക്കുഭാഗത്തുള്ള ചെട്ടിമംഗലം, കൊടിയാട്ട്, മൂത്താക്കോൺ, പടിഞ്ഞാറെക്കര, വൈക്കപ്രയാർ ഭാഗങ്ങളിലും, പ്രത്യേകിച്ച് തുറവേലിക്കുന്നിനു വടക്കുവശത്തുള്ള കോളനി ഭാഗത്തും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. 4 ാം വാർഡിന്റെ വടക്കുഭാഗത്തായി കിടക്കുന്ന തുരുത്തിക്കാട് പ്രദേശത്തേയും സ്ഥിതി ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. മുൻസിപ്പൽ പ്രദേശത്തോടു തൊട്ടുകിടക്കുന്നതാണെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ പരുത്തിമുടി ഭാഗത്തിനും അവഗണനതന്നെ. മൂന്നാം വാർഡിന്റെ വടക്കുകിഴക്കേഭാഗത്തുള്ള ശാസ്താംപറമ്പിൽ 70 കളിൽ കേന്ദ്രഗവൺമെന്റിന്റെ ഭൂഗർഭ ജല വിഭാഗം സ്ഥാപിച്ചിട്ടുള്ള ഒരു കുഴൽകിണർ സ്ഥിതിചെയ്യുന്നു. ഉദ്ദേശം 50 മീററിനുമേൽ താഴ്ന്നിറങ്ങി പാറതുരന്ന് പോയിട്ടുള്ള ഈ കുഴൽകിണററിൽ നിന്നും ഒരു വലിയ പ്രദേശത്തെയാകമാനം നനയ്ക്കാൻ മതിയായ ശുദ്ധജലം ലഭിക്കുമെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതു ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ ആ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹൃതമാകും.

അതുപോലെ ശുചിത്വമില്ലാത്ത പാർപ്പിടപ്രദേശങ്ങൾ ഈ പ്രദേശത്തിന്റെയൊരു ശാപമാണ്. കെട്ടികിടക്കുന്ന മലിനജലവും ജലനിർഗ്ഗമനമാർഗ്ഗമില്ലാത്ത തോടുകളിലേക്ക് ഇറക്കികെട്ടിയിട്ടുള്ള കക്കൂസുകളും, വെള്ളക്കെട്ടുള്ള ചതുപ്പു പ്രദേശങ്ങളും പലതരം സാംക്രമിക രോഗങ്ങൾക്കും, അനാരോഗ്യത്തിനും മരണത്തിനുപോലും കാരണമായിത്തീരുന്നു.

ജനസാന്ദ്രതയേറിയ ഇരുമ്പുഴിക്കര ഭാഗം പഞ്ചായത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തായി വരും. അവിടെയൊരു പൊതുശ്മശാനം ഉണ്ടായാൽ കോളനിവാസികൾ കൂടുതലുള്ള പ്രദേശം എന്ന കാര്യം കൂടി പരിഗണിക്കുമ്പോൾ ആരോഗ്യപരിപാലനത്തിന് സഹായകമായിരിക്കും.

അതുപോലെതന്നെ കായൽ തീരപ്രദേശമായ നേരേകടവുഭാഗത്തും കിഴക്കൻമേഖലയിൽപ്പെട്ട 7,8,10,11 വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്തും ഓരോ ശ്മശാനംകൂടിയുണ്ടാകുന്നത് മേൽ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

പരസ്പരപൂരകങ്ങളായ പൊതുജനാരോഗ്യവും, പാർപ്പിടവും, കുടിവെള്ളവും പഞ്ചായത്തിന്റെ വികസനപദ്ധതികളിൽ പ്രമുഖമായസ്ഥാനം അർഹിക്കുന്നു. പരിസ്ഥിതിപ്രശ്നത്തെ മുൻനിറുത്തി ശുചിത്വവും മാലിന്യനിർമ്മാർജ്ജനവും ഫലപ്രദമായി നടപ്പാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ സഹായം കൂടിയേതീരൂ. ഈ കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ സവിശേഷമായ ശ്രദ്ധ ആവശ്യമായ ഒരു കാര്യമുണ്ട്. വെള്ളൂരിലുള്ള പേപ്പർ നിർമ്മാണ ശാലയിൽനിന്നും പുറത്തേക്കൊഴുകുന്ന മാരകമായ മലിനജലം മൂവാററുപുഴയാററിലൂടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കടന്നും കയറിയും ആരോഗ്യരംഗത്തു ഭീഷണിയുയർത്തി നിലകൊള്ളുന്നു. നെൽകൃഷി, മത്സ്യബന്ധനം എന്നീ മേഖലകളിലും കുടിവെള്ളത്തിന്റെ കാര്യത്തിലും ഈ മാലിന്യം കലർന്ന വെള്ളം നമ്മെ ഭയപ്പെടുത്തുന്നു. ഇതിനൊരു ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതുവരെ തദ്ദേശവീസികളെ അനാരോഗ്യവും രോഗവും ഗ്രസിച്ചു കൊണ്ടേയിരിക്കും.

പഞ്ചായത്തിലാകെക്കൂടി പൊതുമേഖലയിലുള്ളത് ഇരുമ്പൂഴിക്കരയിലുള്ള ഹോമിയോ ഡിസ്പൻസറിയും, പടിഞ്ഞാറെക്കരയിലും വൈക്കപ്രയാറിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളും മാത്രമാണ്. ഇത് ഈ പഞ്ചായത്തിന്റെ ആരോഗ്യപരിപാലനത്തിന് തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ഈ പഞ്ചായത്തിലെ ജനങ്ങൾ വൈക്കം താലൂക്കാശുപത്രി, ഇൻഡോഅമേരിക്കൻ ആശുപത്രി, ആയുർവേദാശുപത്രി, പടിഞ്ഞാറെക്കരയിലുള്ള ആയുർവേദക്ലിനിക്ക്, നാനാടത്തുള്ള മണിമെമ്മോറിയൽ ആശുപത്രി, അശോകാ, ദീപ്തി, S.D. ഫാർമസി, പ്രിയദർശിനി എന്നീ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. ഇരുമ്പൂഴിക്കരയിലുള്ള ഹോമിയോ ഡിസ്പൻസറി വാടകകെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്ക് മാററുന്നതിനുള്ള സജ്ജീകരണങ്ങൾ പഞ്ചായത്തു പൂർത്തിയാക്കികൊണ്ടിരിക്കുന്നു. പടിഞ്ഞാറൻ മേഖലയിൽ ചെമ്മനാകരിഭാഗത്ത് ബാഹുലേയൻ ട്രസ്റ്റ് ആരംഭിച്ചിട്ടുള്ള ഇൻഡോഅമേരിക്കൻ ആശുപത്രിയുടെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്നു.

യാത്രാസൗകര്യങ്ങൾ പരിമിതമായ നേരേകടവുഭാഗത്തെ കേന്ദ്രീകരിച്ച് ഒരു പ്രാഥമികാരോഗ്യകേന്ദ്രം ഉണ്ടാകേണ്ടതാവശ്യമാണ്.

6353 കുടുംബങ്ങളിൽ 2652 എണ്ണത്തിന് കക്കൂസുകളില്ലാത്തയവസ്ഥ നമ്മുടെ ആരോഗ്യരംഗത്തെ ഒരു വലിയ പ്രശ്നമാണ്. വേണ്ടത്ര E.S.P. കക്കൂസുകൾ ഇക്കൂട്ടർക്ക് നിർമ്മിക്കുന്നതിനുള്ള സത്വരനടപടികൾ കൈകൊള്ളേണ്ടതാണ്. ഇവയുടെ വിവരം അന്യത്രചേർത്തിരിക്കുന്നു.

ആരോഗ്യരംഗത്തെ അതിപ്രധാനമായൊരാവശ്യമാണ് കായികപരിശീലന സൗകര്യം. ഈ രംഗത്തു ഉയർന്നുവരാൻ സാദ്ധ്യതയുള്ള ഒട്ടനവധി പ്രതിഭകൾ ഇവിടെയുണ്ടെങ്കിലും അവരെ പരിശിലിപ്പിക്കുന്നതിനുപററിയ ഒരു പൊതുകളിസ്ഥലം നമുക്കില്ല. കുറഞ്ഞപക്ഷം പഞ്ചായത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തായി സൗകര്യപ്രദമായ ഒരു പൊതുകളിസ്ഥലം നിർമ്മിക്കേണ്ടിയിരിക്കുന്നു. അതുപോലെ പാരമ്പര്യ വൈദ്യരംഗത്തു ഫലപ്രദമായിഉപയോഗിക്കാൻ പററുന്ന ഔഷധസസ്യങ്ങൾ വൻതോതിൽ വച്ചുപിടിപ്പിക്കുന്നതിന് അനുകൂലമായ കാലാവസ്ഥയും മണ്ണും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇക്കാര്യവും പ്രത്യേക പരിഗണനയർഹിക്കുന്നു. ഒരു വിഷചികിത്സാ കേന്ദ്രത്തിന്റെ അഭാവം നമ്മെ വല്ലാതെയലട്ടുന്നുണ്ട്.

ഈ പഞ്ചായത്തിലെ ആരോഗ്യനിലവാരത്തെഇടിച്ചുതാഴ്ത്തുന്ന ഒരവസ്ഥയിലാണ് പഞ്ചായത്തിലെ ഏകമാർക്കററായ നാനാടം ചന്ത. മത്സ്യത്തിന്റേയും മാംസത്തിന്റേയും അവശിഷ്ടങ്ങളും ചീഞ്ഞപച്ചക്കറികളും മററു മലിനപദാർത്ഥങ്ങളും കുമിഞ്ഞുകൂടിക്കിടന്ന് പരിസരമാകെ മലിമസമാക്കുന്നു. ഈച്ചകളും മററു ക്ഷുദ്രജീവികളും ഈ കൂനകളിൽനിന്നും പറന്നുയർന്ന് ഭക്ഷ്യവസ്തുകളിൽ ചെന്നിരിക്കുക വഴി അവിടെനിന്ന് വിതരണം ചെയ്യപ്പെടുന്ന ഭക്ഷണസാധനങ്ങൾക്ക് ശുചിത്വം നഷ്ടപ്പെടുന്നു. അവിടെ കെട്ടിക്കിടക്കുന്ന വെള്ളത്തിന് ബഹിർഗ്ഗമനമാർഗ്ഗമുണ്ടാക്കിയും ചപ്പുചവറുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിത്യേന നീക്കംചെയ്തും യഥാസമയം ലോഷൻ മുതലായവ തളിച്ചും മാർക്കററ് ശുചിയായും വൃത്തിയായും സൂക്ഷിക്കുന്നതു ആരോഗ്യപരിപാലനമുറപ്പുവരുത്തുന്നു.

**സാദ്ധ്യതകൾ:**

പഞ്ചായത്തിൽ കുറഞ്ഞപക്ഷം ഒരു പൊതുശ്മശാനമെങ്കിലും ഉണ്ടായാൽ ചത്താൽ കുഴിച്ചിടാൻ മണ്ണില്ലാത്ത കോളനിവാസികളുടെ ദുരിതത്തിനും ആരോഗ്യപരിപാലനത്തിനും പരിഹാരമാകും.

ഉൾനാടൻ തോടുകൾക്ക് ജല നിർഗ്ഗമന മാർഗ്ഗങ്ങളുണ്ടാക്കി വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതെയിരുന്നാൽ വളരെയൊരളവുവരെ ശുചിത്വവും രോഗനിവാരണവും സാദ്ധ്യമകും.

പരമാവധി E.S.P. കക്കൂസുകൾ നിർമ്മിച്ചുകൊടുത്ത് മലിനീകരണത്തിന് ഒട്ടൊക്കെ പരിഹാരം കണ്ടെത്താം.

കുടിവെള്ളക്ഷാമമുള്ള മേൽപ്രസ്താവിച്ച മേഖലകളിൽ വേണ്ടത്ര ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

പൊതുകളിസ്ഥലത്തിന് ഏററവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത കായികപരിശാലനസൗകര്യം വർദ്ധിപ്പിക്കുന്നതു ആരോഗ്യരംഗത്തെ ഒരു പ്രധാനകാൽവെപ്പായിരിക്കും.

ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വേണ്ടത്ര പ്രോത്സാഹനവും സഹായവും നൽകുന്നത് ആരോഗ്യരംഗത്തെയെന്നപോലെ വ്യവസായികരംഗത്തെയും വളർത്തും.

ഈ പഞ്ചായത്തിനെ കേന്ദ്രമാക്കി ഒരു ശുദ്ധജലവിതരണപദ്ധതിക്ക് ഇരുമ്പുഴിക്കരയിലുള്ള പൊതുകുളമോ തിരുവേലിക്കുന്നിലുള്ള കുളമോ പ്രയോജനപ്പെടുത്തുവാനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

കൊതുകു നിർമ്മാർജ്ജനത്തിന് ആരോഗ്യവകുപ്പിന്റെ കാര്യക്ഷമമായ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

വെള്ളൂർ പേപ്പർനിർമ്മാണശാലയിലെ മലിനജലത്തിന്റെ പ്രവാഹം ഏററവും കൂടുതൽ ബാധിക്കുന്നതു ഈ പഞ്ചായത്തിനെയാണ്. ഈ പഞ്ചായത്തിലെ മിക്ക എല്ലാവാർഡുകളിലും കയറിയിറങ്ങി പരിസരമാകെ മലിനമാക്കുന്ന ദുരവസ്ഥക്ക് പരിഹാരമുണ്ടാക്കണം.

മൂന്നാം വാർഡിലെ കുഴൽകിണറ് ഉപയോഗിച്ച് കുടിവെള്ളക്ഷാമപരിഹാരത്തിനുള്ള നടപടികൾ കൈക്കൊള്ളുക.

# വ്യവസായം

ഏതു രാജ്യത്തിന്റെയും പുരോഗതിയുടെ പ്രധാന ഘടകം എന്നും വ്യവസായം തന്നെയാണ്. വ്യവസായത്തെ വൻകിട വ്യവസായം എന്നും ചെറുകിടവ്യവസായം എന്നും കുടിൽവ്യവസായം എന്നും മൂന്നായി തിരിക്കാം. വൻകിടവ്യവസായങ്ങൾക്ക് വൻ മുതൽമുടക്ക് ആവശ്യമാണ്. സ്വകാര്യ മേഖലയിലും ലിമിററഡ് കമ്പനി മേഖലയിലും ഇത് ബന്ധപ്പെട്ടു കിടക്കുന്നു. ചെറുകിട വ്യവസായം കുടിൽ വ്യവസായം എന്നിവയ്ക്ക് വൻമുതൽ മുടക്ക് ആവശ്യമില്ല. ഇന്ത്യ ഒരു കാലത്ത് വിദേശ വിപണികൾ കീഴടക്കിയിരുന്നത് ഇവിടത്തെ പരമ്പരാഗത മായ കുടിൽവ്യവസായം മൂലമാണ്. യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടെ വ്യവസായ മേഖല യിൽ വലിയ മാററങ്ങൾ ഉണ്ടായി. ഇന്ത്യയിലെ വിദേശീയരുടെ ഭരണം എല്ലാം നശിപ്പിച്ചു. ഇന്ന് നാം വ്യവസായത്തിൽ പുരോഗമി ക്കുന്നുണ്ട്.

കേരത്തിന്റെ തലം പിന്നീട് കേരളം എന്ന് അറിയപ്പെടുവാൻ തുടങ്ങി. കൊളമ്പിൽ നിന്നോ ഇൻഡോനേഷ്യയിൽനിന്നോ ആയിരിക്കണം ആദ്യം തേങ്ങാ ഇവിടെ എത്തിയത്. പോർച്ചുഗീസുകാരുടെ വരവോടെ ഈ കൃഷി വികസിച്ചു നാടിന്റെ പേരായി തീർന്നു. തെങ്ങും തേങ്ങായും അധികവും ഉണ്ടാകുന്നത് കേരളത്തിന്റെ ഇടനാടിലും തീരപ്രദേശ ങ്ങളിലുമാണ്. ഏതുതരം മണ്ണും കേരളത്തിലെ കാലാവസ്ഥയും ഈ കൃഷിക്ക് യോജിച്ച താണ്. നൂററാണ്ടുകളായി തെങ്ങും തേങ്ങായും അതിനോടനുബന്ധിച്ച് വളർന്നുവന്ന വ്യവസായവും കേരളത്തിന്റെ പാരമ്പര്യ വ്യവസായത്തിന്റെ ഭാഗമായി. നമ്മുടെ ആഹാരം മുതൽ പാർപ്പിടനിർമ്മാണം വരെ ഇത്രമാത്രം പ്രയോജനപ്പെടുന്ന വേറൊരു വൃക്ഷം കേരളത്തിലില്ല. "സമ്പത്തുകാലത്തു തൈ പത്തു വച്ചാൽ ആപത്തുകാലത്തു കാപത്തുതിന്നാം " എന്ന പഴംചൊല്ല് തെങ്ങിനേയും തേങ്ങയെയും കുറിച്ചായിരിക്കണം. മനുഷ്യന്റെ ഹൃദയം പോലെ ശാന്തമാണ് തെങ്ങിന്റെയും ഹൃദയ വികാരങ്ങൾ. ആയുർദൈർഘ്യംപോലും മനുഷ്യനുതുല്യം മനുഷ്യനുള്ള മാറാരോഗം പോലെ ഒരു രോഗം ഇന്നു തെങ്ങിനും പിടിപെട്ടിരിക്കുന്നു.

ഉദയനാപുരം പഞ്ചായത്തിലെ XI വാർഡുകളിലും വ്യാപിച്ചുകിടക്കുന്ന ഏകവ്യവസായം തേങ്ങാവെട്ടും ചകിരി പിരിത്തവുമാണ്. ജലാശയങ്ങൾ വേണ്ടുവോളമുള്ളതിനാൽ തൊണ്ടുചീയിച്ചു ചകിരി ഉണ്ടാക്കാൻ ബുദ്ധിമുട്ടില്ല. തേങ്ങാവെട്ടി ഉണക്കി കൊപ്രായാക്കുന്നതും കൊപ്രാ ആട്ടി എണ്ണയാക്കുന്നതുമായ ജോലികൾ പുരുഷൻമാരുടെതാണ്. ചകിരിയുടെ പണികൾക്ക് സ്ത്രീകളുടെ പങ്കാളിത്തമാണ് ഏറിയപങ്കും. തൊണ്ടുതല്ലുന്നതിനും അലിക്കുന്നതിനും ഇന്ന് യന്ത്രങ്ങൾ സുലഭമാണ്. ഒന്നും, രണ്ടും, നാലും വാർഡുകളിൽ തൊണ്ടുതല്ലുന്ന വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തി ക്കുന്നുണ്ട്. പച്ച ചകിരിയിൽനിന്നും ചകിരി തല്ലി എടുക്കുന്നതിനുള്ള സംവിധാനം ഉദയനാപുരം പഞ്ചായത്തിലില്ല. തൊണ്ടു ചീയ്ക്കാൻ ഏറെ സൗകര്യമുള്ള പ്രദേശ മാകയാൽ മററുമാർഗ്ഗങ്ങൾ ഗവൺമെന്റ് അനുവദിക്കുന്നില്ല.

കയർ പിരിക്കുന്നത് ഏറിയപങ്കും സഹകരണാടിസ്ഥാനത്തിലാണ് നടക്കുന്നത്. പല വാർഡുകളിലായി 6 കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സംഘങ്ങളും നല്ലനിലയിൽത്തന്നെ പ്രവർത്തിക്കുന്നുണ്ട്. തൊണ്ടുശേഖരണം മുതൽ കയർ വിററഴിക്കുന്നതുവരെയുള്ള പ്രവർത്തനത്തിന്റെ മുഴുവൻ ഉത്തര വാദിത്വവും ഓരോ സംഘത്തിന്റെ തുമാണ്. സംഘങ്ങൾ പിരിക്കുന്ന കയർ മുഴുവൻ വാങ്ങുന്നത് ആലപ്പുഴയിലെ " കേരളാ സ്റ്റേററ് കയർ കോഓപ്പറേററീവ് മാർക്കററിംഗ് ഫേഡറേഷനാണ്." യൂണിറ്റുകൾക്ക് കയർ പുറത്തു വില്ക്കാൻ അവകാശമില്ല. ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ഇന്ന് കയറിനു വിലകിട്ടാത്തതിനാൽ എല്ലാ കയർ സംഘങ്ങളും പ്രതിസന്ധിയിലാണ്. ശരാശരി ഒരു കിലോ കയറിന്റെ ഉല്പാദനച്ചെലവ് 19 രൂപയോളം വരും എന്നാൽ മാർക്കററിൽ അതിന്റെ വില 15 രൂപമാത്രമാണ്.

കയററുപായ്, ചവിട്ടി, കൗതുക വസ്തുക്കൾ ഇവയുണ്ടാക്കു ന്നതിനുള്ള ഒരു യൂണിററുപോലും ഈ പഞ്ചായത്തിലില്ല. തൊണ്ട് ആവശ്യത്തിനു കിട്ടുന്നില്ലെന്നതും പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു. ഇതിൽ

ജോലി ചെയ്യുന്ന ഒരാൾക്ക് 8മണിക്കൂർ ജോലിക്ക് കൂലിയായി 20 രൂപ ലഭിക്കുന്നു.

പുതിയസാങ്കേതികവിദ്യയുടെ ഭാഗമായി യന്ത്രംകൊണ്ടു കയർ പിരിക്കാവുന്ന മിഷ്യൻ ഇന്നു ലഭ്യമാണ്. ¼ H.P. മോട്ടോർ കൊണ്ടുപ്രവർത്തിപ്പിക്കാവുന്ന മിഷ്യനിൽ കയർ പിരിത്തം വളരെ സുഖകരമാണ്. കസേരയിൽ ഇരുന്നുകൊണ്ട് രണ്ടുകൈകളും ഉപയോഗിച്ച് രണ്ടുനൂൽവീതം എടുത്താൽ തനിയേ കയറായി പുറത്തുവരും. ഈ രീതിയിൽ കയറുപിരിക്കാനുള്ള ട്രയിനിംഗ് വനിതകൾക്ക് കൊടുത്തുവരുന്നു. പടിഞ്ഞാറെക്കര C.V.C.S., വല്ലകം C.V.C.S., അക്കരപ്പാടം C.V.C.S., (C.V.C.S. കയർവ്യവസായ കോപ്പറേററീവ് സൊസൈററി) എന്നീ മൂന്നു യൂണിററുകളിലാണ് യന്ത്രം കൊണ്ടുള്ള കയറുപിരി ഏർപ്പെടുത്തുക. 100 യന്ത്രങ്ങൾ വീതം ഓരോ യൂണിററിലും ഉണ്ടാകും. ഓരോ യൂണിററിനും 20 ലക്ഷം രൂപാ മുതൽ മുടക്കു വേണ്ടിവരും. സ്റ്റേററ് ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടി 9 ലക്ഷം രൂപാ ഗ്രാന്റ് ഓരോ യൂണിററിനും കൊടുക്കും. 10 ലക്ഷം രൂപാ ലോൺ ആകുന്നു ഒരു ലക്ഷം രൂപാ യൂണിററിന്റെ മുടക്ക്.

ചകിരിനാരിന്റെ കുറവു പരിഹരിക്കാൻ പച്ചത്തൊണ്ടുചകിരി ടാങ്കിലെ വെള്ളത്തിൽ താഴ്ത്തി വേണ്ട കെമിക്കൽസും ബാക്ടീരിയയും ഉപയോഗിച്ച് വേഗത്തിൽ നാരിന് ഗുണമേന്മ ഉണ്ടാക്കാനുള്ള സംവിധാനവും ഓരോ യൂണിററിലും ഉണ്ടാകും. എന്നാൽ പ്രകൃതിദത്തമായി തൊണ്ടുചീയിച്ച് ഉണ്ടാക്കിയെടുക്കുന്ന നാരിന്റെ ഗുണമേന്മ പുതിയനാരിനുണ്ടാവില്ല എന്നതാണ് സത്യം.

തേങ്ങാ വെട്ടുവ്യവസായം പഞ്ചായത്തിലെ മിക്കവാർഡുകളിലുമുണ്ട്. നാലോ അഞ്ചോ തൊഴിലാളികൾമാത്രം മതി ഈ തൊഴിലിന്. മഴക്കാലത്ത് ചിരട്ടകത്തിച്ചു ചൂടുനല്കിയാണ് കൊപ്രാ ഉണക്കിയെടുക്കുന്നത്. സൂര്യപ്രകാശത്തിൽ ഉണക്കുന്ന കൊപ്രയാണ് മാർക്കററിൽ ഏറെ പ്രിയം. ഗന്ധകം പുകച്ച് കേടുവരാതെ കൊപ്രാ സൂക്ഷിക്കാനാകും.

തേങ്ങാവെള്ളം പോഷകമൂല്യങ്ങൾ അടങ്ങിയ ഒന്നാംതരം പാനീയമാണ്. ഇന്നും തേങ്ങാവെള്ളം മുഴുവൻ പാഴാക്കിക്കളയുന്നു എന്നത് ഖേദകരം തന്നെ. വ്യക്തികളോ ഗവൺമെന്റോ അതിനായി ശ്രദ്ധിക്കുന്നില്ല.

5 ദിവസത്തെ ഉണക്കുകൊണ്ട് കൊപ്രാവില്പനക്കുപാകമാകാം. എന്നാൽ കൊപ്രാ ആട്ടി എണ്ണയെടുക്കണമെങ്കിൽ 8 ദിവസത്തെ നല്ല ഉണക്കുവേണം.

**കള്ളുവ്യവസായം:**

തൊഴിലാളികൾക്ക് ഏററവും കൂടുതൽ സാമ്പത്തികനേട്ടം കൈവരുത്തുന്ന ഒന്നാണ് കള്ളുവ്യവസായം. ഇത്രത്തോളം ആനുകൂല്യം തൊഴിലാളിക്കു നൽകുന്ന മേഖലകൾ ചുരുക്കമാണ്.

തെങ്ങിൽനിന്നും ഉല്പാദിപ്പിക്കുന്ന മദ്യം ഔഷധവും ലഘുപാനീയവുമാണ്. വിനാഗിരി, ചക്കര തുടങ്ങിയവ ഉല്പാദിപ്പിക്കുവാൻ കള്ള് ഉപയോഗപ്പെടുത്തുന്നു. വളരെയേറെ വികസന സാധ്യതയുള്ള ഈ വ്യവസായത്തിനു മതിയായ കള്ളു ലഭ്യമല്ലാത്തതിനാൽ പാലക്കാട്ടു പോലുള്ള പ്രദേശങ്ങളിൽനിന്നും കള്ളു ധാരാളമായി ഇങ്ങോട്ടു കൊണ്ടു വരുന്നു ചാരായ നിരോധനം കൂടുതൽ പ്രാവർത്തികമാക്കിയാൽ ഈ വ്യവസായത്തിനു കൂടുതൽ വളരാൻ കഴിയും.

അച്ചടി വ്യവസായത്തിനും വികസിക്കാൻ പററിയ കാലഘട്ടമാണിത്. താരതമ്യേന കുറവാണെങ്കിലും 4,5, വാർഡുകളിലായി രണ്ടു പ്രിന്റിംഗ് പ്രസ്സുകളുണ്ട്. മതിയായ പ്രോത്സാഹനം ലഭിച്ചാൽ ഈ രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വളർന്നുവലുതാകാൻ സാദ്ധ്യതയുള്ള ഒരു വ്യവസായമാണത്.

പത്താംവാർഡ് എന്നും വ്യവസായരംഗത്ത് ഉദയനാപുരം പഞ്ചായത്തിന്റെ തിലകക്കുറിയാണ്. വ്യവസായത്തിനുപററിയ എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ ഏക വാർഡും പത്താംവാർഡുതന്നെ. ഇറോസ് കൊപ്രാ ഓയിൽ മിൽ ഉത്തരേന്ത്യൻ വിപണിയിൽ പോലും പേരുകേട്ടതാണ്. വലിയ കമ്പനിയുടെ അനേകം പുരസ്ക്കാരം ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്. 40 കൊല്ലം കൊണ്ട് പടിപടിയായി ഉയർന്നു വലുതായതാണ് ഈ പ്രസ്ഥാനം 35 തൊഴിലാളികൾ 3 ഷിഫ്ററിലുമായി പണിയെടുക്കുന്നു. ആകെ 200 H.P. യുടെ മോട്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. K.S.E.B.ൽനിന്നും കിട്ടുന്ന കറന്റ് പകുതി ആവശ്യത്തിനേ തികയുന്നുള്ളൂ. ബാക്കി ആവശ്യത്തിന് ജനറേററിനെ ആശ്രയിക്കേണ്ടിയിരിക്കുന്നതുകൊണ്ട് ഉല്പാദനചെലവ്

ഇരട്ടിയാണ്. ആവശ്യമായ കൊപ്രാ കേരളത്തിന്റെ വടക്കൻമേഖലകളിൽനിന്നും ലഭിക്കുന്നു. കറന്റ്കൊണ്ടുവേണ്ട ഊഷ്മാവിൽ ചൂടാക്കിയാണ് കൊപ്രാ ആട്ടാനുപയോഗിക്കുക. കൊപ്രാവിലയുടെ ഏററക്കുറച്ചിൽ ഈ വ്യവസായത്തിന്റെ ഏററവും വലിയ പ്രതിസന്ധിയാണ്.

തഴപ്പായ് വ്യവസായമാണ് കുടിൽ വ്യവസായത്തിൽ രണ്ടാം സ്ഥാനംത്ത് തഴ കോന്തി ഉണക്കി ചെറുതായി കീറി കിടക്കപ്പായ് നെയ്യുന്ന സമ്പ്രദായം ഇന്നും പഴയതുതന്നെ. തഴകിട്ടാൻ ഏറെ ബുദ്ധിമുട്ടുണ്ട്. ഒരു മടിത്ത ഴയിൽനിന്നും ഒരു പായ് നെയ്യാം. ഒരു പായ് നെയ്യാൻ ഒരു ദിവസം മതി. 15 മുതൽ 20 രൂപാ വരെ ഇതിൽനിന്നും ലാഭമുണ്ടാക്കാം. വീട്ടു ജോലികഴിഞ്ഞു കിട്ടുന്ന സമയം വീട്ടിൽവച്ചു നെയ്യാവുന്നതിനാൽ വീട്ടമ്മക്ക് പററിയ ഒരു തൊഴിലാണിത്.

4 ാം വാർഡിലെ പ്രധാന വ്യവസായം പരുത്തിനൂൽനൂല്പും തുണിനെയ്ത്തുമാണ്. ചർക്കയിൽ നൂൽനൂൽക്കുന്ന രീതി ഇന്നും പഴയതുതന്നെ. സ്പിന്നിംഗ് മൈലവറിൽനിന്നും 100 നമ്പർ നൂൽനൂൽപ്പാണ് നടത്തുക. കേരളാ ഖാദിബോർഡിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുക. സ്ത്രീകളാണ് ഇവിടെ ജോലി ചെയ്യുന്നത്. നല്ലനിലയിൽ പ്രവർത്തിക്കുന്നു എങ്കിലും 8 മണിക്കൂർ ജോലിക്ക് 15 രൂപയാണ് കിട്ടുക. കേരളാ വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം പ്രവർത്തിക്കുന്നതും ഈ വാർഡിൽ തന്നെയാണ്. ജോലിക്കാരിൽ ഏറിയപങ്കും സ്ത്രീകളാണ്. പ്രാചീന രീതിയിലുള്ള നെയ്ത്ത്സമ്പ്രദായമാണ് ഇപ്പോഴും ഇവിടെ പ്രവർത്തിക്കുന്നത്. 150 പെണ്ണുങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. തോർത്ത്, ഷീററ്, സാരി ഇങ്ങനെ ഏതുതരത്തിലും വലിപ്പത്തിലും തുണികൾ ഓർഡറുംപ്രകാരം നെയ്തുകൊടുക്കാനാകും. 8 മണിക്കൂർ ജോലിക്കു കിട്ടുന്ന വേതനം 20 രൂപയിൽ കവിയില്ല.

7-ാം വാർഡിന്റെ മാത്രമാണ് 2492-ാം നമ്പർ മൺപാത്രവ്യവസായം. 45 കുടുംബങ്ങൾ ഈ വ്യവസായവുമായി ബന്ധപ്പെട്ടുകഴിയുന്നു. മണകുന്നം പാടശേഖരത്തുനിന്നും മണ്ണു ശേഖരിക്കുന്നു. ആററിൽനിന്നും അരിച്ചു കിട്ടുന്ന നേരിയ മണൽപൊടിയും 3:1 എന്ന അനുപാതത്തിൽ ചേർത്ത് ചവിട്ടിക്കുഴച്ച് പാകമാക്കിയ ചെളിമെനഞ്ഞ് ചെത്തുമാട്ടം, പൂച്ചട്ടി, കറിച്ചട്ടി എന്നിവയുണ്ടാക്കുന്ന രീതിയും മാർഗ്ഗവും ഇന്നും പഴയതുതന്നെ. ചൂളയിൽ അടുക്കി വിറകു കത്തിച്ച് മൂന്നുദിവസം ചൂടുനൽകിയാൽ മൺപാത്രങ്ങൾ വില്പനക്ക് യോഗ്യമായി. 'മൺവേല വേളാൻ' എന്ന ഒരു ജാതിയുടെ മാത്രം വകയാണ് ഈ വ്യവസായം.

പപ്പടനിർമ്മാണം കുടിൽവ്യവസായമായി 5 ാം വാർഡിലും ഇതരവാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. ഉഴുന്നുമാവ്, പപ്പടക്കാരം, ഉപ്പ് ആവശ്യത്തിനുവെള്ളം ഇവ ഒരു നിശ്ചിത അനുപാതത്തിൽ ചേർത്ത് നന്നായി കുഴച്ചു പാകമാക്കിയാണ് പപ്പടം നിർമ്മിക്കുക. കൈകൊണ്ടുകുഴക്കുന്നത് വളരെ ശ്രമകരംതന്നെയാണ്. കുഴയ്ക്കാൻ ചിലസ്ഥലങ്ങളിൽ യന്ത്രസഹായം ഉപയോഗപ്പെടുത്തുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്താൻ പററിയ ഒരു മാർഗ്ഗമാണ് പപ്പടനിർമ്മാണം.

2,4,5,8, വാർഡുകളിലായി പ്രവർത്തിക്കുന്ന നാലു തടിയറപ്പു കേന്ദ്രങ്ങളുണ്ട്.തെങ്ങാണ് കൂടുതലും അറപ്പിക്കാൻ കൊണ്ടുവരുന്നത്. ആഞ്ഞിലി, പ്ലാവ്, ഇവ ആവശ്യക്കാർക്ക് അറുത്ത് ഉരുപ്പടികളാക്കി വിൽക്കുന്നുണ്ട്. തടിയുടെ വില വർദ്ധനവും കിട്ടാനുള്ളബുദ്ധിമുട്ടും നാൾക്കുനാൾ ഏറിവരുകയാണ്.

കൊട്ടനെയ്ത്തുവ്യവസായം 1,4,5 വാർഡുകളിൽ ഒതുങ്ങുന്നു. പരമ്പരാഗതകുടിൽ വ്യവസായമാണിപ്പോഴും. ഈററ, മുള എന്നിവയാണ് അസംസ്കൃതവസ്തുക്കൾ. ഈററയും മുളയും കിട്ടാൻ ഏറെബുദ്ധിമുട്ടാണ്. പണി ഭാരമാകയാൽ ആരും തിരിഞ്ഞുനോക്കാൻ ഇഷ്ടപ്പെടാത്ത ഒരു സംരഭമാണിത്. പൊളികീറി ഉണ്ടാക്കാൻ ഏറെനാളത്തെ പരിശീലനം ആവശ്യമാണ്. മുളകൊണ്ടുണ്ടാക്കുന്ന ചരൽവാരാനുപയോഗിക്കുന്ന കുട്ടക്ക് മാർക്കററിൽ ഏറെ വിലയുണ്ട്.

കരകൗശലരംഗം ഇന്ന് ആരുടേയും ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്. വാതിലുകളിൽ ശില്പങ്ങൾ നിറച്ചു മോടിപിടിപ്പിക്കാൻ വാസ്തുശില്പവൈദഗ്ദ്ധ്യം കൂടിയേതീരൂ. അഞ്ചാം വാർഡിലെ രാജശില്പി എന്ന സ്ഥാപനം ഇവയിൽ ഒന്നുമാത്രമാണ്. മിക്കവാർഡുകളിലും ഓരോ ശില്പ സ്ഥാപനം കാണാം. ശില്പ വൈദഗ്ദ്ധ്യമാർന്ന ഫർണിച്ചറുകൾ നിർമ്മിക്കുന്ന മരിയാഫർണിച്ചർ സ്ഥാപനം 4 ാം വാർഡിന്റെ തെക്കേ അററത്തു സ്ഥിതി

ചെയ്യുന്നു. ഇത്തിപ്പുഴയുള്ള 'ബാബു' ഫർണീച്ചറും ശ്രദ്ധേയമായസ്ഥാപനമാണ്.

ബേക്കറി വ്യവസായമാണ് ഈ പഞ്ചായത്തിലെ എടുത്തുപറയേണ്ട മറ്റൊരു വ്യവസായരംഗം. ഒരു ഡസനിലധികം ബേക്കറികളും മുപ്പതിനുമേൽ ബേക്കറി ഉല്പന്നങ്ങളുടെ വില്പനശാലകളും ഈ പഞ്ചായത്തിലുണ്ട്. 100 നു താഴെപേർ ഈ വ്യവസായവുമായി നേരിട്ടു ബന്ധപ്പെട്ടു കഴിയുന്നു. വിപണനം മുതലായ രംഗങ്ങളിൽ ബന്ധപ്പെടുന്നവർ ഇതിലേറെയുണ്ട്. ഇതിനാവശ്യമായ അസംസ്കൃതവിഭവങ്ങൾ നാടൻ വിപണിയിൽ സുലഭമായതിനാലും ഉല്പാദനത്തിന് വേണ്ടിവരുന്ന മുതൽമുടക്ക് താരതമ്യേന കുറവായതിനാലും ഈ രംഗത്തു പിടിച്ചുനിൽക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാകാറില്ല. മാത്രവുമല്ല ആധുനികജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമായി ബേക്കറി ഉല്പന്നങ്ങൾ മാറിയിരിക്കുന്നതിനാൻ വിപണനം എളുപ്പമാണ്. എന്നാൽ പഴക്കംകൊണ്ട് ഉണ്ടാകാവുന്ന ദോഷങ്ങൾമൂലം ഉള്ള നഷ്ടം ഒഴിവാക്കുന്നതിന് മെച്ചപ്പെട്ട സംഭരണസംവിധാനം ആവശ്യമായി തീരുന്നു. വായുകടക്കാത്ത പോളിത്തീൻ കൂടുകളിലും മററുമുള്ള പാക്കിംഗ് സമ്പ്രദായം ഒരു പരിധിവരെ ഇതിനു പരിഹാരവുമാണ്.

സോഡാ നിർമ്മാണമാണ് ഈ രംഗത്തെ മറ്റൊരിനം. കുറഞ്ഞചെലവിൽ കൂടുതൽ ഉല്പാദനം നടത്താൻ സാധിക്കുന്ന ഒരു മണ്ഡലമാണിത്. എന്നാൽ മാർക്കററിംഗിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ തള്ളിക്കളയാൻവയ്യ.

ഭക്ഷ്യധാന്യം പൊടിക്കൽ വൻ സാദ്ധ്യതയുള്ള ഒരു ചെറുവ്യവസായമായി തീർന്നിരിക്കുന്നു. മുളക്, മല്ലി, ഗോതമ്പ്, ഉഴുന്ന്, അരി, മഞ്ഞൾ തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ പൊടിച്ച് വൃത്തിയായ പാക്കററുകളിലാക്കി ലേബലൊട്ടിച്ച് വിപണിയിലിറക്കിയാൽ വളരെവേഗം വിററഴിക്കാൻ സാധിക്കും.ഈ പഞ്ചായത്തിൽ പലയിടത്തും ഇത്തരം സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ എണ്ണയാട്ട്, അച്ചാറുനിർമ്മാണം, ചിപ്സ് മുതലായ പലഹാരനിർമ്മാണം തുടങ്ങിയവയും പഞ്ചായത്തിൽ അവിടവിടെയായി പ്രവർത്തിക്കുന്നുണ്ട്. സോപ്പ്, മെഴുകുതിരി തുടങ്ങിയവയടെ നിർമ്മാണവുംവിപണനവും കുറഞ്ഞതോതിലാണെങ്കിലും നടക്കുന്നുണ്ട്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണമാണ് എടുത്തുപറയേണ്ട മറ്റൊരു വ്യവസായം. ഇതരസംസ്ഥാനങ്ങളിൽനിന്നും കിന്റൽകണക്കിന് തുണികളും കട്ട്പീസുകളും വാങ്ങികൊണ്ടുവന്ന് ആവശ്യത്തിന് ജോലിക്കാരെവെച്ച് ആധുനികരീതിയിലുള്ള വേഷവിധാനങ്ങൾ ആദായകരമായി നിർമ്മിച്ചുവിററഴിക്കുന്നു. പഞ്ചായത്തിൽ പലയിടത്തും സ്വകാര്യവ്യക്തികൾ വലിയതോതിലല്ലെങ്കലും ഈ രംഗത്തു പ്രവർത്തിക്കുന്നു. കുറച്ചുപേർക്കെങ്കിലും ഈ വ്യവസായം തൊഴിൽസാദ്ധ്യത ഉറപ്പുവരുത്തുന്നു.

ചെറിയതോതിലാണെങ്കിലും 5 ാം വാർഡിൽ ഒരു പെയിന്റുനിർമ്മാണ വ്യവസായവും ആരംഭിച്ചിട്ടുണ്ട്.


പരമ്പരാഗതമാർഗ്ഗങ്ങൾ അവലംബിച്ചുള്ള വ്യവസായം ഇന്ന് ഏറെ ദുഷ്ക്കരമാണ്. പത്താം വാർഡിൽ ഇതാ ഒരു നൂതന വ്യവസായത്തിന്റെ പിറവിയുമായി ഈസി കെയർ മെഡിക്കൽ പ്രോഡക്ററ് ലിമിററഡ് എന്ന ഒരു കമ്പനി രൂപം കൊള്ളുന്നു. അമേരിക്കൻ സാങ്കേതികവിദ്യയിൽ ഡിസ്പോസിബിൾ സിറിഞ്ചുണ്ടാക്കാനാണ്ഇതിന്റെ ഉദ്ദേശം. മുതൽമുടക്ക് മൂന്നു കോടിയിലധികം വരും. 1997 അവസാനത്തിൽ പ്രവർത്തനം ആരംഭിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. പുതിയ പല പദ്ധതികളുമായി യുവതലമുറയിൽ പലരും ഓരോ സംരംഭം ആരംഭിക്കാ നൊരുങ്ങുന്നുണ്ട്.

### സാദ്ധ്യതകൾ

മുതൽമുടക്കാണ്വ്യവസായരംഗത്തെ ഏററവും വലിയ പ്രശ്നം. ഒട്ടും അപ്രധാനമല്ല സാങ്കേതിക വൈദഗ്ദ്ധ്യം. മുതൽമുടക്കിന് ആവശ്യമായ സഹായം നൽകാൻ കമേഴ്സ്യൽ, സഹകരണമേഖലയിലുള്ള ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികൾ സുലഭമാണ്. സാങ്കേതിക രംഗത്ത് വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം പലവ്യവസായങ്ങളുടെ കാര്യത്തിലും കുറവാണെങ്കിലും അനുഭവസമ്പന്നരായ അത്തരക്കാരിൽനിന്നും ലഭിക്കാവുന്ന സഹായങ്ങൾ തേടിയും ജില്ലാവ്യവസായ വകുപ്പിന്റെ സഹായത്തോടെയും വിവിധ വ്യവസായങ്ങൾ മെച്ചപ്പെടുത്തി കൊണ്ടുവരാൻ സാധിക്കും. തടിവ്യവസായത്തിന് അസംസ്കൃതവസ്തുവായ നല്ലയിനം തടികൾ ലഭിക്കാനുള്ള ബുദ്ധിമുട്ട് സർക്കാർവക ഡിപ്പോകളെയോ അതിന്റെ ഏജൻസി

കളെയോസമീപിച്ച് പരിഹരിക്കാവുന്നതാണ്. സഹകരണമേഖലയിലെ കയർവ്യവസായത്തിന്റെ നഷ്ടവും വിപണനസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതോടെ ഒഴിവാക്കാൻ കഴിയും. ഏററവും പ്രധാനപ്പെട്ട ഒരു കാര്യം പ്രധാന കാർഷികവിളയായ നാളികേരം വ്യവസായരംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല എന്നതാണ് എണ്ണയ്ക്കും കൊപ്രയ്ക്കും പുറമേ നാളികേരത്തിന്റെ ചിരട്ട ശില്പകലാരംഗത്തും വെള്ളം പാനീയവ്യവസായരംഗത്തും തൊണ്ട് കയർവ്യവസായരംഗത്തും തടി ഫർണിച്ചർ നിർമ്മാണരംഗത്തും വലിയ സാദ്ധ്യതകൾ വാഗ്ദാനം ചെയ്യുന്നവയാണ്. വേരു മുതൽ ഓലവരെ പരമാവധി പ്രയോജനപ്പെടുത്താവുന്ന ഒന്നാണ് വ്യവസായിക രംഗത്ത് തെങ്ങ്. വനിതകൾക്കും മററു തുടക്കകാർക്കും ആവശ്യമായ പരിശിലനം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഇതിനാവശ്യമായ വൈദ്യുതി ഉറപ്പാക്കണം.

വ്യവസായപുരോഗതിക്ക് അനിവാര്യമായ ഘടകങ്ങളിൽ ചിലതൊക്കെ ഇവിടെ ചൂണ്ടികാണിച്ചു എന്നേയുള്ളു. ഇവിടത്തെ വ്യാവസായിക വികസനം ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടത്ര പ്രയോജനപ്പെടും എന്നതിൽ സംശയമില്ല. കാർഷിക വികസനത്തോട് കൈകോർത്തുപിടിച്ചുകൊണ്ടുള്ള ഒരു വ്യവസായികപുരോഗതി നമ്മുടെ പഞ്ചായത്തിലും കൈവരുത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു കൂട്ടായ ശ്രമം നാം നടത്തിയേ തീരൂ.



# ഊർജ്ജം-റോഡുകൾ

'തമസോ മാ ജ്യോതിർഗമയാ'

ഊർജ്ജത്തിന്റെ വറ്റാത്ത ഉറവ തേടി അലയുന്ന മനുഷ്യൻ സൂര്യന്റെ താപത്തെക്കുറിച്ച് പഠിക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായില്ല. ഇതിനാകട്ടെ പ്രകൃതിമലിനീകരണം തീരെയില്ലതാനും. ഭൂമിക്കു സൂര്യൻ കനിഞ്ഞുനല്കുന്ന പ്രകാശവും ചൂടും വൻതോതിൽപാഴായിപോകുന്നുണ്ട്. ഭൂമിയെ പ്രകാശിപ്പിക്കുകയും ജീവജാലങ്ങളെ നിലനിർത്തുകയും ചെയ്യുന്നത്സൂര്യനാണ്. പത്തൊമ്പതാം ശതകത്തിന്റെ മധ്യത്തോടെ സൂര്യനിലെ ഊർജ്ജസ്രോതസ്സിനെകുറിച്ച് അറിയാൻ കഴിഞ്ഞു. സൂര്യനിൽ വൻതോതിലുണ്ടാകുന്ന ഊർജ്ജം വികിരണം വഴി വർഷിക്കപ്പെട്ട് നമുക്കു ലഭിക്കുന്നുവെന്ന് ആൽബർട്ട് ഐൻസ്റ്റീൻ കണ്ടുപിടിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദ്രവ്യവും ഊർജ്ജവും ഒരേ അസ്തിത്വത്തിന്റെ ഭിന്നരൂപങ്ങളും അവയിൽ ഒന്നിനെ മറ്റൊന്നായി മാറ്റാവുന്നതുമാണ്. പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ രാസപ്രവർത്തനങ്ങളുടേയും പിന്നിൽ പ്രവർത്തിക്കുന്നത് സൗരോർജ്ജമാണ്.

എന്നാൽ ഊർജ്ജത്തിനായി നാം ഏറെ ആശ്രയിക്കുത് വിറകിനെയാണ് വിറകു കത്തുമ്പോൾ താപോർജ്ജവും പ്രകാശോർജ്ജവും കിട്ടുന്നു. നമ്മുടെ പഞ്ചായത്തിലാകെ 6147 വീടുകൾ ഉണ്ട്. വീടൊന്നിന് 5 കിലോ വിറക് വച്ച് കൂട്ടിയാൽ നിത്യേന നമ്മുടെ പഞ്ചായത്തിലാകെ 30735 കിലോ വിറകുവേണം.

അതുകൊണ്ട് പാചകം ചെയ്യാൻ മണ്ണെണ്ണയും ഗ്യാസ്സും ഉപയോഗിക്കാൻ ആരംഭിച്ചു. ഇങ്ങനെ കത്തിക്കുന്നവയെ വീണ്ടും ഉപയോഗയോഗ്യമാക്കാൻ നിർവാഹവുമില്ലല്ലോ. ഇവിടെ വൈദ്യുതിയുടെ സഹായം നമുക്കാവശ്യമായിവരുന്നു.

ഗാർഹികാവശ്യങ്ങൾ മുതൽ എല്ലാ മേഖലകളിലുമിന്ന് ഏറ്റവുംആവശ്യമായത് വൈദ്യുതിയാണ്. വെളിച്ചത്തിനു മാത്രമല്ല, വൻവ്യവസായങ്ങൾവരെ പൂർണ്ണമായി ആശ്രയിക്കുന്ന ഘടകമാണല്ലോ വൈദ്യുതി.

ഉദയനാപുരം പഞ്ചായത്തിലേക്ക് വൈദ്യുതികടന്നുവന്നിട്ട് ഏതാണ്ട് നാലുപതിറ്റാണ്ടുകൾ കഴിഞ്ഞു. ആദ്യമാദ്യം വിളക്കുതെളിക്കാൻമാത്രമെ നാം വൈദ്യുതി ഉപയോഗിച്ചിരുന്നുള്ളു ക്രമേണ പാചകം, ദൃശ്യശ്രാവ്യമാധ്യമങ്ങൾ, കൃഷി, കുടിവെള്ളം, വ്യവസായം, ആരോഗ്യം, മൃഗസംരക്ഷണം എന്നു വേണ്ട ജീവിതത്തിന്റെ എല്ലാ മേഖലയിലും അനുപേക്ഷണീയമായ ഒരു ആവശ്യമായി മാറി.

നമ്മുടെ പഞ്ചാത്തിലാകെ 14 ട്രൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 3 എണ്ണം വൈക്കം ഫീഡറിലും ഒരെണ്ണം തലയോലപ്പറമ്പ് ഫീഡറിലും ബാക്കി ചെമ്പ് ഫീഡറിലുമാണ്. പവ്വർക്കാട്ടാണ് ഈ രംഗത്തെ ഏറ്റവും വലിയ ശാപം. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവ്വർക്കട്ട് ഓരോ ദിവസത്തിന്റേയും സിംഹഭാഗത്തെ ഗ്രസിക്കുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള ജലവൈദ്യുത പദ്ധതികൊണ്ട് കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നികത്താനാവില്ല. മറ്റു മാർഗ്ഗങ്ങളിലൂടെ വേണ്ടത്ര വൈദ്യുതി ഉല്പാദിപ്പിച്ചാലല്ലാതെ കേരളം ഇക്കാര്യത്തിൽ സ്വയം പര്യാപ്തമാവില്ല. അതുണ്ടാവാതെ ഇവിടെ വ്യവസായവും വളരുകയില്ല.

ഈ പഞ്ചായത്തിലെ 6147 വീടുകളിൽ ളിൽ 42% മാത്രം, അതായത് 2583 എണ്ണം മാത്രമേ വൈദ്യുതികരിച്ചിട്ടുള്ളൂ. വീട്ടാവശ്യങ്ങൾക്കു മാത്രമായി പ്രതിമാസം 1,25,000 യൂണിറ്റ് വൈദ്യുതി നാം ഉപയോഗിക്കുന്നുണ്ട്. വ്യാവസായികവും കാർഷികവുമായ ആവശ്യങ്ങൾക്കു പയോഗിക്കുന്ന വൈദ്യുതിയുടെയളവ് ഇതിലും എത്രയോ കൂടുതലാണ്. പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു. തന്മൂലം ഇതിനു ക്ഷാമം

അനുഭവപ്പെടുന്നു. ഗ്യാസ് കിട്ടാൻ ദിവസങ്ങളോളം നാം കാത്തിരിക്കേണ്ടിവരുന്നു. ഇതിനു പരിഹാരമായി ഗോബർഗ്യാസ് പദ്ധതിയെ പ്രോത്സാഹിപ്പിച്ചാൽ മതിയാകും. പാചകവാതകത്തിനു പുറമേ അത്യാവശ്യം വേണ്ട ബൾബ് തെളിക്കാനും ഇതു പ്രയോജനപ്പെടും

വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്. ഒരു പരിധി വരെ ഇതിനുള്ള കാരണം പ്രസരണ നഷ്ടമാണെന്നു സമ്മതിക്കാം. യഥാസമയം ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യാത്തതു മൂലം നഷ്ടപ്പെടുന്ന വൈദ്യുതി കുറച്ചൊന്നുമല്ല. കറന്റിന്റെ ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും. ഉപഭോഗം കഴിച്ചു പ്രസരണമിച്ചം എന്ന ഓമനപ്പേരിട്ട് എഴുതിത്തള്ളാവുന്നതാണൊ ഇത്രയും യൂണിറ്റു വൈദ്യുതി. ഇതിന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി പരിഹരിക്കേണ്ട കാലം ഇനിയും ദീർഘിപ്പിക്കണൊ എന്ന് ആലോചിക്കണം. ഉപയോഗിക്കാത്ത വൈദ്യുതിക്കു കൂടി കൃത്യമായ തുക കാണിക്കുന്ന സ്ലാബ് പ്രകാരമുള്ള പണം ഈടാക്കുന്ന അശാസ്ത്രീയമായ ഇന്നത്തെ സമ്പ്രദായം മാറ്റിയേ തീരൂ. ഉപഭോക്താക്കളെ തീർത്തും അവഗണിച്ചുകൊണ്ടുള്ള ഏകപക്ഷീയമായ ഈ സംവിധാനം മാറണം ഉപയോഗിക്കുന്ന വൈദ്യുതിക്ക് വില നല്കാൻ ഉപഭോക്താവ് തയ്യാറാണ്. ഉപയോഗിക്കാത്തതിനുകൂടി പണം നല്കാൻ ബാദ്ധ്യസ്ഥനായ ഉപഭോക്താവിന് അനുവദിക്കപ്പെടുന്ന വൈദ്യുതി ലഭിക്കാനുള്ള അവകാശവുമുണ്ട്. മറ്റു പല സ്ഥലങ്ങളിലേയും പോലെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഇവിടേയും നടപ്പാക്കണം. ചെമ്പ്, വൈക്കം, തലയോലപ്പറമ്പ് എന്നീ മൂന്ന് ആഫീസുകളുടെ കീഴിൽ വരുന്ന ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ വളരെയേറെയുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ വേണ്ടത്ര ശേഷിയുള്ള ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ചും ലൈനുകൾ കാലാകാലം സംരക്ഷിച്ചും വോൾട്ടേജ് വർദ്ധിപ്പിച്ചും ഈ രംഗത്തെ പരാതികൾ പരിഹരിക്കേണ്ടതാണ്. വഴിവിളക്കുകൾ ഏറ്റവും കുറവുള്ള ഒരു പഞ്ചായത്താണിത്. ഉള്ളവ തന്നെ ബൾബില്ലാത്തതു കൊണ്ട് തെളിയുന്നില്ല. തെളിയുന്നവ തന്നെ വോൾട്ടേജില്ലാത്തതു കൊണ്ട് വെളിച്ചം വേണ്ടത്ര തരുന്നുമില്ല. പഞ്ചായത്തു 3-ാം വാർഡിൽ രണ്ടു ട്രാൻസ്ഫോർമറുകൾ അടുത്തടുത്ത് സ്ഥാപിച്ചിരിക്കുന്നത് ഗുണത്തേക്കാൾ ദോഷമാണു ചെയ്യുക. ഇവയിലൊന്ന് ആവശ്യമായ മറ്റൊരിടത്തു സ്ഥാപിച്ച് പരിഹാരം കണ്ടെത്തേണ്ടതാണ്. വൈദ്യുതിക്ഷാമം ഏറ്റവും രൂക്ഷമായിരിക്കുന്ന ഇക്കാലത്തും വഴിവിളക്കുകൾ പലയിടത്തും ഉച്ചവരെ അണയാതെ നില്ക്കുന്നു. പല ആഫീസുകളിലും സ്ഥിതി ഇതുതന്നെ. ഞായറാഴ്ചയും മറ്റവധിദിവസവും ഫാനും ലൈറ്റും തെളിഞ്ഞുകിടക്കുന്നതും അസാധാരണമല്ല. വൈദ്യുതി കണക്ഷൻ എളുപ്പം ലഭിക്കുന്നതിനായി കൂടുതൽ പണം സ്വീകരിച്ചുകൊണ്ട് ഉപഭോക്താവിനെ ചൂക്ഷണം ചെയ്യും സാധാരണക്കാരായ മറ്റപേക്ഷകരുടെ അവകാശത്തെ മറികടന്നും കൈക്കൊള്ളുന്ന നടപടി ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല. വൈദ്യുതി വകുപ്പിലെ ജീവനക്കാരുടെ സേവനം തീർത്തും അപര്യാപ്തമാണ്.

## സാധ്യതകൾ

1 വോൾട്ടേജ് വർദ്ധിപ്പിക്കാനുതകത്തക്കവിധം ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

2. വൈദ്യുതി ലൈൻസംരക്ഷണം, മെയിന്റനൻസ് കൃത്യമായി നടത്തണം.

3. ജീവനക്കാരുടെ സേവനം ഉപഭോക്താവിന് കൃത്യമായി ലഭിക്കണം.

4 സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തണം.

5 കൂടുതൽ പണം നല്കുന്ന മുൻഗണന, സാധാരണ അപേക്ഷകനെ ബാധിക്കരുത്.

6. കാർഷികാവശ്യത്തിനുള്ള 3 ഫേസ്, സിംഗിൾ ഫേസ് കണക്ഷനുകൾക്ക് മുൻഗണന നല്കണം.

7. കേടു വന്ന നിരവധി മീറ്ററുകൾ ഉള്ളതു മാറ്റി സ്ഥാപിക്കണം.

8. വൈദ്യുതിച്ചോർച്ച വൻതോതിൽ ഉണ്ടാകുന്നതു കണ്ടു പിടിച്ച് തടയണം.

മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും അനുപേക്ഷണീയമായ വൈദ്യുതി കൂടുതൽ കൂടുതൽ ഉല്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ വേണ്ടത്ര പ്രാധാന്യം നല്കുന്നു എന്നതു തന്നെ ആശ്വാസപ്രദമാണ്. വേണ്ടത്ര വെളിച്ചം വേണ്ടത്ര വൈദ്യുതി ഇവ സാധിച്ചാൽ നമ്മുടെ നാട് എല്ലാ രംഗത്തും സമൃദ്ധമാകും.

## ഉദയനാംപുര ഗ്രാമ പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

| ക്രമ നമ്പർ | ട്രാൻസ്ഫോർമർ സ്ഥാപിച്ചിരിക്കുന്ന സ്ഥലം | കപ്പാസിറ്റി KVA | വാർഡ് | ഫീഡർ |
|---|---|---|---|---|
| 1. | ഈരുമ്പുഴിക്കര | 100 | 6 | വൈക്കം |
| 2. | നക്കംതുരുത്ത് | 100 | 5 | വൈക്കം |
| 3. | നേരേ കടവ് | 160 | മുൻസി 1-ാം വാർഡ് | വൈക്കം |
| 4. | വേട്ടംവേലി | 160 | 10 | തലയോലപ്പറമ്പ് |
| 5. | സബ്സ്റ്റേഷൻ | 160 | 10 | ചെമ്പ് |
| 6. | കറുകേലി | 63 | 8 | ചെമ്പ് |
| 7. | കണ്ടംകോരി | 100 | 9 | ചെമ്പ് |
| 8. | തടത്തിൽ | 100 | 7 | ചെമ്പ് |
| 9. | വേട്ടംവേലി 2 | 63 | | ചെമ്പ് |
| 10. | കൊക്കിരിക്കാട് | 100 | 11 | ചെമ്പ് |
| 11. | വൈക്കപ്രയാർ | 63 | 7 | ചെമ്പ് |
| 12. | തേനാമുറ്റം | 100 | 11 | ചെമ്പ് |
| 13. | പനമ്പുകാട് | | 3 | |
| 14. | മുണ്ടുകാട് | | 3 | |

അവലംബം KSEB Vaikom.

| | | | | | | |
|---|---|---|---|---|---|---|
| | | P.W.D. ROAD ഉദയനാപുരം to നേരേകടവ് | | | | |
| 1. | | പള്ളിപ്പുറം കടുത്തുരുത്തി റോഡ് | 1st Section | ടാറിട്ടത് | 2515 | 3.8 |
| 2. | | ഉദയനാപുരം ുദനക്കംതുരുത്തുവരെ | 2nd Section | • | 1000 | 3.8 |
| 3. | | ഇരുമ്പുഴിക്കര റോഡ് | | • | 1090 | 3.6 |
| 4. | | വടയാറുപാലം മുതൽ വല്ലകം പാലം വരെ | | • | 2000 | 6.7 |
| 5. | | ഉദയനാപുരം മുതൽ ഇത്തിപ്പുഴ പാലം വരെ | | • | 2000 | 7.0 |
| 6. | | തുറുവേലിക്കുന്ന്മുതൽ ആറ്റുവേലിക്കടവ്വരെ | | • | 1860 | 3.8 |
| | | P.W.D. Road Total = 10465/4.8 Average വീതി | | | | |
| | | പഞ്ചായത്ത് മണൽ = പൂഴി റോഡ് = 43821 മീ. നിളം 3.68 വീതി | | | | |

## ഗതാഗതം

ശാസ്ത്രം പുരോഗമിച്ചപ്പോൾ ലോകം എത്ര ചെറുതായി! (ജവഹർലാൽ നെഹ്റു)

ഒരു ദേശത്തിന്റെ പുരോഗതിയിൽ എക്കാലവും സുപ്രധാനമായ പങ്കുവഹിക്കുക ഗതാഗത മാർഗ്ഗങ്ങളാകുന്നു. ചക്രം കണ്ടുപിടിച്ചതോടെ കരയിൽക്കൂടി ഭാരമുള്ള വസ്തുക്കൾ പ്രയാസമില്ലാതെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകാൻ സാധിച്ചു. വള്ളം കണ്ടുപിടിച്ചതോടെ ജലമാർഗ്ഗമുള്ള ഗതാഗതം മാനവപുരോഗതിക്ക് ഒരു പുതിയ അദ്ധ്യായം തുറന്നുകൊടുത്തു. അന്യദേശ ക്കാരുമായുള്ള ഇടപഴകലിനും, ആശയ വിനിമയത്തിനും വ്യാപാരത്തിനും അതു വഴിതെളിച്ചു. പുരോഗതിയുടെ മാർഗ്ഗം അങ്ങനെ ജലത്തെ ആശ്രയിച്ചു നിലകൊണ്ടു. എന്നാൽ യന്ത്രത്തിന്റെ കണ്ടുപിടിത്തം മനുഷ്യന്റെ കഠിനാധ്വാനത്തിന് അറുതി വരുത്തി. പ്രയാസമുള്ള ജോലികളെല്ലാം യന്ത്രമുപയോഗിച്ചുചെയ്യുവാൻ തുടങ്ങി. യന്ത്രവൽകൃത ബോട്ടുകളും വണ്ടികളും ആവിർഭവിച്ചു.

കാലം മാറാൻ അധികനാൾ വേണ്ടി വന്നില്ല. സമയവും വേഗതയും പുരോഗതിയുടെ കരടുരേഖകളായി മാറി. ജനങ്ങൾ റോഡുഗതാ ഗതത്തെ ഏറെ ആശ്രയിച്ചുതുടങ്ങി. ഏറെ സമയം വേണ്ടിവരുന്നതിനാൽ ജലഗതാഗത ത്തിന്റെ പ്രസക്തി കുറഞ്ഞുവരുന്നു.

കേരളം പ്രകൃതിരമണീയതകൊണ്ടും റോഡുസൗകര്യം കൊണ്ടും മററ് സംസ്ഥാന ങ്ങളെക്കാൾ മുൻപന്തിയിലാണ്. റോഡുസൗ കര്യങ്ങൾ വർദ്ധിക്കാൻ കാരണം ജനങ്ങളുടെ സംസ്കാരവും സുഖജീവിത ത്തോടുള്ള താല്പര്യവുമാണ്. കൂട്ടമായി താമസിക്കുന്ന സ്വഭാവം നമുക്കില്ല. എവിടെ താമസിച്ചാലും അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടായിരിക്ക ണമെന്നആഗ്രഹം കേരളീയർക്കുണ്ട്. ഉദയനാപുരം പഞ്ചായത്തു വാസികൾ റോഡുസൗകര്യങ്ങളാൽ അനുഗൃഹീതരാണ്. ഒരു കിലോമീററർ എങ്ങോട്ടുനടന്നാലും നമുക്ക് ഏതെങ്കിലും ഒരു റോഡിലെത്താം.

റോഡരികിൽ ഒരു വീടുണ്ടാവുക എന്നത് സൗകര്യംപോലെ അന്തസ്സിന്റേയും ഭാഗമായിരിക്കയാണ്. റോഡരികിലെ ഒരു സെന്റ് ഭൂമിക്ക് ഇന്ന് പൊന്നിന്റെ വിലയാണ്. ആരോഗ്യസംരക്ഷണരംഗത്തും റോഡിന് ഏറെ പ്രാധാന്യമുണ്ട്. രോഗിയെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കാൻ ഏകമാർഗ്ഗം റോഡുതന്നെ. കുട്ടികൾക്കു സ്ക്കൂളിൽ പോകാനും വീട്ടമ്മയ്ക്കു കടയിൽപോകാനും റോഡുതന്നെ ആശ്രയം. 20 കൊല്ലത്തിനിടയിൽ ഈ പഞ്ചായത്തിന് കൈവന്ന പുരോഗതി എടുത്തുപറയേണ്ടതു തന്നെ. എത്ര എത്ര റോഡുകൾ എത്ര എത്ര കലുങ്കുകൾ ഇനിയും പണിതീരാൻ കാത്തിരിക്കുന്ന എത്ര പുതിയ റോഡുകൾ എല്ലാം നമ്മുടെ പുരോഗതിയുടെ മാർഗ്ഗ രേഖകളാണ്.

## P.W.D. റോഡുകൾ

ഇനി അല്പം കണക്കിലേക്കുകടക്കാം. വടയാർപാലം മുതൽ വല്ലകം പാലം വരെയുള്ള P.W.D. മെയിൻറോഡിന് 2 കി.മീ. നീളവും 6.7 മീററർ വീതിയുമുണ്ട്. 2 കി.മീ. നീളത്തിലും 7 മീററർ വീതിയിലും ഉദയനാപുരം മുതൽ ഇത്തിപ്പുഴ പാലം വരെയും കിടക്കുന്ന റോഡ് ഈ പഞ്ചായ ത്തിന്റെ സിൽക്കുപാതയാണ്. എത്ര വലിയ യാത്രാസൗകര്യങ്ങളാണ് നമുക്കീറോഡു കൊണ്ടു ലഭിക്കുക. പള്ളിപ്പുറം കടുത്തുരുത്തി റോഡ് രൂപകല്പന ചെയ്തിട്ടു കാലം ഏറെയായി. ഇതും P.W.D. റോഡു തന്നെ. 3.8 മീററർ വീതിയിൽ 3513 മീററർ റോഡ് നേരേകടവി നിന്ന് ഉദയനാപുരംവരെ ഒന്നാം ഘട്ടമായും, ഉദയനാപുരം മുതൽ നക്കം തുരുത്തു പള്ളിവരെ രണ്ടാംഘട്ടമായും ടാറു ചെയ്തുകഴിഞ്ഞു. മൂന്നാം ഘട്ടം പൂർത്തി യാക്കാൻ നമുക്ക് ശ്രമിക്കാം. തുറുവേലിക്കുന്നു മുതൽ ആററുവേലക്കടവു വരെ നേരേകിട ക്കുന്ന റോഡിന് 1860 മീററർ നീളവും 3.8 മീറ്റർ വീതിയുമുണ്ട്. വൈക്കപ്രയാറിന്റെ അനുഗൃഹ മാണ് എന്നും ഈ റോഡ്. ഇരുമ്പുഴിക്കര റോഡ് ഇരുമ്പുഴിക്കരനിവാസികളെ ഏറെ സമ്പന്നരാ ക്കുന്നു. P.W.D. ടാറിട്ട് മനോഹരമാക്കിയെങ്കിലും തിരുവും മറിവും ഏറെയാണ്. നീളം 1090 മീറററും വീതി 3.8 മീറററും ആണ്. അങ്ങനെ P.W.D. വകയായി ഉദയനാപുരം പഞ്ചായത്തിൽ 10465 മീററർ ടാർ ഇട്ട റോഡിന് ശരാശരി 4.8 മീററർ വീതിയും ഉണ്ട്.

## പഞ്ചായത്തുറോഡുകൾ

ഒന്നാം വാർഡിൽ ആകെ 4 റോഡു കളാണുള്ളത്. എല്ലാം തന്നെ പൂഴിയിട്ടു ബലപ്പെടുത്തിയിരിക്കുന്നു. ആകെനീളം 2561 മീറററും 4.63 മീററർ ശരാശരി വീതിയുമുണ്ട്. എന്നാൽ നീളത്തിൽ ഒന്നാം സ്ഥാനത്ത് കൂട്ടുങ്കൽകടവ് ചെമ്മനാകരി റോഡുതന്നെ. നീളം 1350 മീററർ വീതി 5.5 മീ. ഇടക്കാട്ട് ജംഗ്ഷൻ കീഴൂത്തറ റോഡാണ് ഏററം ചെറുത് 211 മീററർ നീളവും 4 മീററർ വീതിയും മാത്രമേ ഈ റോഡിനുള്ളൂ.

രണ്ടാംവാർഡിനു നെടുകെയും കുറുകെയുമായി ആകെ അരഡസൻ റോഡുകൾ ഉണ്ട്. ആകെ നീളം 2403 മീററർ ശരാശരി വീതി 3.5 മീ. പൊതുവേ റോഡുകൾക്കെല്ലാം നീളം കുറവാണ്. മണലൊടിനേരേകടവു റോഡിനാണ് ഏററവും നീളം കൂടുതൽ 591 മീ. നീളം 3.5 മീററർ വീതി. വല്ല്യാററടെമ്പിൾ റോഡാണ് ഏററവും നീളം കുറഞ്ഞ റോഡ്. മണ്ണും പൂഴിയുംകൊണ്ടുനിർമ്മിച്ച ഈ റോഡിന് 187മീ. നീളവും 3.5 മീ. വീതിയും മണിപ്പാടം മാത്തച്ചൻ റോഡാണ് ടാറിട്ടറോഡ് നീളം 207 മീ. വീതി 4 മീ.

ഓർശലേം പള്ളിയിൽനിന്നും തുടങ്ങി പനമ്പുകാട് എത്തുന്ന പൂഴിയും മെററലും ഇട്ടറോഡിന്റെ നീളം 1425 മീററർ, 6 മീററർ വീതി ഈ റോഡാണ് മൂന്നാം വാർഡിലെ ഏററവും നീളം കൂടിയ റോഡ്. ആകെ വിരിഞ്ഞുകിടക്കുന്ന 11 റോഡുകളുടെ മൊത്തം നീളം 5645 മീററും ശരാശരി വീതി 4.46 മീററും ആണ്. ഏററവും ചെറിയ റോഡുകൾ 100 മീററർ വീതം നീളമുള്ള മുണ്ടുകാട്ട് റോഡും പറത്തറ ലക്ഷം വീട് കോളനി റോഡുമാണ്. പൊതുവേ എല്ലാ റോഡും പൂഴികൊണ്ടുനിർമ്മിച്ചതാണ്. പനമ്പുകാട് മൂത്തനിക്കാട് റോഡ് പൂഴിയും മണലും കൊണ്ട് ബലപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ നീളം 475 മീററർ. വീതി 3 മീററേഉള്ളൂ.

മൂന്നും നാലും വാർഡുകൾക്ക് 11 വീതം റോഡുകൾ ഉണ്ടെങ്കിലും ആകെ നീളത്തിൽ മുൻനിര നാലാംവാർഡിനുതന്നെ. ആകെ നീളം 6640 മീ. ശരാശരി വീതി 3.36 മീ. പഞ്ചായത്തിന്റെ ആകെ റോഡുകളിൽ രണ്ടാം സ്ഥാനക്കാരനും ഈ വാർഡുതന്നെ. ചുലോത്തിമുക്ക് ചെറുകടവിൽ റോഡിന് ആകെ മെററൽ ഇട്ട 930 മീ. നീളവും 3 മീ. വീതിയുമുണ്ട്. മണിപ്പാടം കടവ് കുരിശുപള്ളി റോഡ് (ടാറിംഗ് + സോളിംഗ്) ആയി 730 മീ. നീളവും 5 മീ. വീതിയുമുണ്ട്. നാനാടം കൂട്ടുങ്കൽ കടവ് റോഡിന് 5 മീററർ വീതിയും 785 മീ. നീളവുമുണ്ട്. പൂഴിയാൽ നിർമ്മിതം.

കൂട്ടുങ്കൽ കടവ് ഇത്തിപ്പുഴ റോഡ് മണ്ണുകൊണ്ടുമാത്രം നിർമ്മിച്ചതാണ്. മൂത്തേരി കലുങ്കു വീതി കൂട്ടണം. വടക്കോട്ടുള്ളറോഡിൽ കലുങ്കുവേണം. പിതൃകുന്നം ബ്ലോക്ക് റോഡ് ടാറിംഗ് കഴിഞ്ഞതാണ്. 490 മീ. നീളവും 3.5 മീ. വീതിയും ഇതിനുണ്ട്. S.N.D.P. കാടാപുറം റോഡ് നാലാം വാർഡിലെ ഏററവും ചെറിയ റോഡാണ്. മണ്ണുകൊണ്ടുമാത്രം ഉണ്ടാക്കിയതാണ്. ഇതിന് 300 മീ. മാത്രമേ നീളം ഉള്ളൂ.

അഞ്ചാം വാർഡിൽ അഞ്ചു റോഡ്. എല്ലാറോഡും പൂഴികൊണ്ടുണ്ടാക്കിയതാണ്. ആകെ നീളം 2645 മീ.; ശരാശരി വീതി 3.3മീ. വല്ലകം സബ്സ്റ്റേഷനിൽനിന്നും ആരംഭിച്ച് കോടാലിച്ചിറ (നക്കംതുരുത്തിൽ) യിൽ എത്തുന്ന റോഡിന് 985 മീ. നീളവും 3.5 മീ. വീതിയുമുണ്ട്. അഞ്ചാം വാർഡിലെ ഏററവും നീളം കൂടിയ റോഡാണിത്. എന്നാൽ നാനാടം തേനാമുററം റോഡ് (നാനാടത്തുചിറവരെ) ഈ വാർഡിലെ ഏററവും ചെറിയ റോഡ്. നീളം 250 മീ. 3മീ. വീതിയും.

ആറാം വാർഡിന് 9 റോഡുണ്ട്. പിതൃകുന്നം ചാലകം കോളനി റോഡാണ് ഏററവും നീളം കൂടിയ റോഡ്. നീളം 1850 മീ. ഇതിന് 4 മീ. വീതിയുണ്ട്. തൊട്ടുതാഴെ നീളത്തിൽ നില്കുന്ന തേനാമുററം നാനാടം റോഡിന് 575 മീ. നീളമുണ്ട്. വീതിയും കുറവല്ല 4 മീ. മുവാററുപുഴയാറിന്റെ തീരദേശത്തുകൂടി പോകുന്നതിനാൽ ഈ റോഡിന് ഏറെ പ്രാധാന്യമുണ്ട്. നക്കംതുരുത്ത് കുര്യപ്പറമ്പിൽ ലക്ഷംവീടുറോഡുമാത്രം മണ്ണുകൊണ്ടുണ്ടാക്കിയതാണ്. ബാക്കി എല്ലാ റോഡും പൂഴിയിട്ട് നിർമ്മിച്ചതാണ്. ഉദയനാപുരം പഞ്ചായത്തിന്റെ ഏററവും ചെറിയറോഡ് ആണ് ആറാം വാർഡിന്റെ പ്രത്യേകത. കോളനി റോഡ് ചാലകം ആകെ നീളം 75 മീ. വീതിയും വളരെ കുറവാണ് 3 മീ.

ഏഴാം വാർഡിനും എട്ടാം വാർഡിനും മൂന്നുറോഡുകൾ വീതമേയുള്ളൂ. മനക്കൽ കലുങ്ക് വടയാർ റോഡാണ് ഏഴാം വാർഡിലെ ഏററവും നീളം കൂടിയ റോഡ്. 1610 മീ. നീളവും 4 മീ. വീതിയും ആകെ റോഡിന്റെ നീളം 2918 മീ. ശരാശരി വീതി 4 മീ. ചിറപ്പുറം ഹെൽത്തു സെന്റർ റോഡ് ലക്ഷംവീടു കോളനിയിൽ കൂടി കടന്നുപോകുന്ന ഈ റോഡ് വലിപ്പത്തിൽ ഏററവും ചെറുതാണ്. നീളം 513 മീ. വീതി 4 മീ.

എട്ടാം വാർഡിനെ ഏററവും അനുഗ്യഹിക്കുന്നത് വടയാർ പുത്തൻ പാലം റോഡു തന്നെ. നീളത്തിലും ഒന്നാം സ്ഥാനം ഈ റോഡിനുതന്നെ. 1880 മീ. നീളവും 3.5 മീ. വീതിയുമുണ്ട്. രണ്ടാം സ്ഥാനം തുറുവേലിക്കുന്ന് പുത്തൻപാലം റോഡിനാണ്1540മീ. നീളം. 3.5 മീ. വീതിയുമാണുള്ളത്. പുല്ലം തുരുത്ത് സെററിൽമെന്റ് കോളനിറോഡാണ് വലിപ്പത്തിൽ ഏററവും ചെറുത്. നീളം 287 മീ. വീതിയിലും ഏററവും ചെറുതുതന്നെ 2.5 മീ. വീതിമാത്രം.

റോഡിന്റെ കാര്യത്തിൽ ഏററവും അനുഗൃഹം കിട്ടിയതും ഒമ്പതാം വാർഡിനു തന്നെ. ആകെ പത്തു റോഡു കളാണുള്ളതെങ്കിലും നീളത്തിൽ ഈ പഞ്ചായത്തിൽ ഒന്നാം തരക്കാരനാണ്. ആകെ നീളം 6645 മീ. 3.3 മീ. ശരാശരി വീതി. ചെട്ടിമംഗലം റോഡിന് 6 മീ. വീതിയും 1200 മീ. നീളവുമുണ്ട്. ഇത്

ഗ്രാവലും പൂഴിയും ഇട്ട് ബലപ്പെടുത്തിയിരിക്കുന്നു. മൺപാത ചെട്ടിമംഗലം കലുങ്ക് കടത്തുകടവ് (കാലാക്കോടത്തുഭാഗം) നീളം 325 മീ. വീതി 3 മീ. മറ്റെല്ലാ റോഡുകളും പൂഴിയും മണ്ണും കൊണ്ടുനിർമ്മിച്ചവയാണ്.

പത്താം വാർഡിൽ ആകെ 6 റോഡ്. ആകെ നീളം 3501 മീ. വീതി ശരാശരി 3.5 മീ. പാണാട്ടുകോളനി റോഡാണ് ഏററവും നീളം കൂടിയ റോഡ്. 960 മീ. നീളം 3.5 മീ. വീതി. ചേന്നങ്കേരി വട്ടത്തറ റോഡാണ് ഏററവും നീളം കുറഞ്ഞ റോഡ്. 300 മീ. നീളം 3 മീ. വീതി. പൂഴിയും മണ്ണുകൊണ്ടും നിർമ്മിച്ച റോഡുകളാണ് ഏറിയ പങ്കും. മൺപാത കളില്ല.

പതിനൊന്നാം വാർഡിൽ ആകെ രണ്ടു റോഡുകളേയുള്ളൂ. റോഡിന്റെ കുറവ് ഏററവും അനുഭവപ്പെടുന്ന വാർഡും ഇതുതന്നെ. പള്ളിപ്പുറം കടുത്തുരുത്തി റോഡ് മെയിൻ റോഡിൽവന്ന് ചേരേണ്ടത് പാണേൽ റോഡിലാണ്. പ്രശ്നങ്ങൾമൂലം വഴിമുട്ടി നിൽക്കുന്ന റോഡാണിത്. മനക്കൽ കലുങ്ക് തേനാമുററം റോഡ് ആണ് ഏററവും നീളം കൂടിയ റോഡ്. നീളം 1116 മീ. വീതി 4 മീ. നാലുസെന്റ് കോളനി റോഡിന് 240 മീ. നീളവും 4മീ. വീതിയുമുണ്ട്.

ഇതിൽ മൂന്നാം വാർഡിലുള്ള ആലിഞ്ചുവടുമുതൽ ഓർസലേം പള്ളിവഴി പനമ്പുകാട് ഭാഗത്തുകൂടി കടന്ന് കാരേൽ ഭാഗത്ത് എത്തിച്ചേരുന്ന റോഡ് പട്ടികയിൽ വിഭജിച്ച് മൂന്നുഭാഗങ്ങളായി കാണിച്ചിരി ക്കുന്നു.

ഈ പഞ്ചായത്തു സമിതി ഭരണമേററതിനുശേഷം 1996 ലെ കേരള പ്പിറവി വാർഷികത്തോട നുബന്ധിച്ച് 3,9, വാർഡുകളിൽ ബഹുജനസഹകരണത്തോടെ യഥാക്രമം മോഴുവള്ളി മുണ്ടുകാടുറോഡും ആരംഭിച്ചിട്ടുണ്ട്.

ഉദയനാപുരം പഞ്ചായത്തിൽ ആകെ 43821 മീ. നീളത്തിലും ശരാശരി 3.68 മീ. വീതിയിലും ഉള്ളറോഡ് പഞ്ചായത്തിന്റേ തുമാത്രമാണ് എന്നത് എക്കാലവും നമുക്ക് സന്തോഷിക്കാൻ ഏറെ വക നൽകുന്നു. എവിടേക്കു തിരിഞ്ഞുനടന്നാലും അവിടെല്ലാം റോഡുകൾ കാണാം. സാധനങ്ങൾ കൊണ്ടുപോകാനും കൊണ്ടുവരാനും ഇന്ന് ഏകമാർഗ്ഗം റോഡു തന്നെയാണ്. ഇത് എക്കാലവും സംരക്ഷിക്കേണ്ടതും നമ്മുടെ തന്നെ കടമയാണ്. നാട്ടുകാരുടെ സഹകരണവും സന്മനസും ഒത്തുചേർന്നാൽ പണിതീരാത്ത റോഡുകൾ മുഴുവൻ പണിതീർക്കാം. ഒത്തൊരുമയിൽ നമുക്ക് ഈ പഞ്ചായത്തിനെ ധന്യമാക്കാൻ ശ്രമിക്കാം.

## സാദ്ധ്യതകൾ

1. പള്ളിപ്പുറം കടുത്തുരുത്തി റോഡ് നക്കംതുരുത്തുമുതൽ കിഴക്കോട്ടുള്ള ഭാഗം പൂർത്തിയാക്കുകയും ഈ ഭാഗത്ത് കോൺക്രീററുപാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.
2. ഒന്നാം വാർഡിലെ ഇടക്കാട്ട് കീഴൂത്തറ റോഡ് ലക്ഷം വീടുവഴി ടോൾചെമ്മനാകരിറോഡു മായി ബന്ധിപ്പിക്കുക.
3. രണ്ടാം വാർഡിലെ മണലെടി നേരേകടവ് റോഡും വല്യാറടെബിൾ റോഡും പണിപൂർത്തിയാക്കുക.
4. രണ്ടും മൂന്നും വാർഡുകൾ ചേരുന്ന ഇടയാറിനുകുറുകെ അത്യാ വശ്യമായി പാലം നിർമ്മിക്കുക.
5. വാർഡു 3ലെ ചിറയിൽ നെററിപ്പുറം റോഡിലുള്ള ചിറേതോടിലുള്ള പാലം സൗകര്യാർത്ഥം പടിഞ്ഞാറുവശം അൽപ്പം വടക്കോട്ടുമാററിസ്ഥാപിക്കുക.
6. മൂന്നാംവാർഡിലെ മോഴുവള്ളി മുണ്ടുകാട് റോഡ് സഞ്ചാരയോഗ്യമാക്കുക.
7. കൂട്ടുങ്കൽകടവ് ഇത്തിപ്പുഴറോഡ് ആററുമാലിവഴി സഞ്ചാരയോഗ്യമാക്കുക.
8. വാർഡു 4ലെ ലക്ഷം വീട് ഭാഗത്തെ പൊതുകുളത്തിന്റെ തെക്കുവശം പൊക്കി പടിഞ്ഞാട്ട് സഞ്ചാരയോഗ്യമാക്കുകയും പിതൃകുന്നം പുറത്തയിൽ ലക്ഷംവീട്റോഡ് വീതികൂട്ടി ഗതാഗതയോഗ്യ മാക്കുകയും ചെയ്യുക.
9. തേനാമിററം നാനാടം റോഡിന്റെ അററകുററപണികൾതീർത്ത് വാഹന ഗതാഗതയോഗ്യമാക്കുക. അവിടെ നിന്നു കിഴക്കോട്ട് മനയ്ക്കൽ കലുങ്കുവരെ നന്നാക്കി തുറുവേലിക്കുന്നുറോഡുമായിബന്ധിപ്പിക്കുക.
10. നാലാം വാർഡിലെ മൂത്തേരി കലുങ്കും അവിടെനിന്നു വടക്കോട്ടുള്ള റോഡിലെ കലുങ്കുകളും തീർക്കണം.
11. ചെറിയ പൂഴിറോഡുകളി ലൂടെയുള്ള ലോറിഗതാഗതം നിയന്ത്രിക്കുക.
12. പഞ്ചായത്തിലൊട്ടാകെയുള്ള പൂഴിറോഡുകളിലെ കുഴികൾ നികത്തിയും വെള്ളം ഒഴുകിപോകുന്നതിനുള്ള താല്ക്കാലിക ഓടകളെങ്കിലും നിർമ്മിക്കു കയും വേണം.
13. നാലാം വാർഡിലെ കുരിശുപള്ളി മണിപ്പാടം റോഡിലെ വാരാത്തറ കലുങ്കു മുതൽ കിഴക്കോട്ട് 200 മീ. കൂടി ടാർ ചെയ്ത് പൂർത്തിയാക്കണം.
14. തുന്ദത്തേൻ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

# 1 ഉദയനാപുരം പഞ്ചായത്ത് റോഡ്

| No. | വാർഡ് | റോഡിന്റെ പേര് | പ്രകൃതി | നീളം M. | വീതി | M. |
|---|---|---|---|---|---|---|
| 1. | I | കൂട്ടുങ്കൽകടവ് - ചെമ്മനാകരി റോഡ് | പൂഴി | 1350 | 5.5 | |
| 2. | I | വാടച്ചിറ - തുരുത്തേൽ റോഡ് | • | 750 | 4.0 | |
| 3. | I | കൂട്ടുങ്കൽകടവ് - ഹെൽത്ത്സെന്റർ റോഡ് | | 250 | 5.0 | 2561/4.63 |
| 4. | I | ഇടക്കാട്ട് ജംഗ്ഷൻ - കീഴൂത്തറ റോഡ് | | 211 | 4.0 | |
| 5. | II | മണലൊടി നേരേകടവ് റോഡ് | മണ്ണ് & പൂഴി | 591 | 3.5 | |
| 6. | II | കരിയിൽ ചീപുങ്കൽ റോഡ | ˘ | • | 560 | 3.5 |
| 7. | II | കുറുപ്പന്തറ ഉണ്ണിത്തുരുത്തു റോഡ് | • | 440 | 3.5 | |
| 8. | II | വല്യാറ വാടയ്ക്കപുറം റോഡ് | • | 418 | 3.0 | |
| 9. | II | മണിപ്പാടം മാത്തച്ചൻ റോഡ് | ടാറിംഗ് | 207 | 4.0 | |
| 10. | II | വല്യാറ ടെമ്പിൾ റോഡ് | മണ്ണ് & പൂഴി | 187 | 3.5 | 2403/3.5 |
| 11. | III | ഓർശലേംപള്ളി പനമ്പുകാട് | പൂഴി & മെററൽ | 1425 | 6.0 | |
| 12. | III | ഓർശലേംപള്ളി റോഡ് | പൂഴി | 800 | 6.0 | |
| 13. | III | ആലിൻചുവട് ശ്രീനാരായണപുരം | • | 700 | 6.0 | |
| 14. | III | കണിയാംതോട് മംഗലം റോഡ് | • | 700 | 4.0 | |
| 15. | III | ചിറയിൽ നെററിപ്പുറം റോഡ് | • | 500 | 3.0 | |
| 16. | III | പനമ്പുകാട് മുത്തനിക്കാട് റോഡ് | മണ്ണ് & പൂഴി | 475 | 3.0 | |

| | | | | | | |
|---|---|---|---|---|---|---|
| 17. | III | ഓർശലേംപള്ളി വേനാതുരുത്ത് റോഡ് | പൂഴി | 420 | 6.0 | |
| 18. | III | കൃഷ്ണപിള്ള റോഡ് ഈപ്പച്ചൻതറപുരയിടം വരെ | • | 300 | 3.0 | |
| 19. | III | ഓർശലേംപള്ളി മുറിഞ്ഞതുരുത്തുകലുങ്കുവരെ | • | 225 | 6.0 | |
| 20. | III | മുണ്ടുകാട് റോഡ് | • | 100 | 3.0 | |
| 21. | III | പറത്തറ ലക്ഷംവീടു കോളനി റോഡ് | • | 100 | 3.0 | 5645/4.46 |
| 22. | IV | നാനാടം കൂട്ടുങ്കൽകടവ് റോഡ് | പൂഴി | 785 | 5.0 | |
| 23. | IV | S.N.D.P. ആററുമാലി റോഡ് | പൂഴി | 760 | 3.0 | |
| 24. | IV | പുലോത്തിമുക്ക് ചെറുകടവിൽ റോഡ് | മെററൽ | 230+200 | 3.0 | |
| 25. | IV | മണിപ്പാടം കടവ് കുരിശുപള്ളി റോഡ് | ടാറിംഗ് സോളിംഗ് | 730 | 5.0 | |
| 26. | IV | പട്ടേരിൽ ആററുമാലി വനിതാറോഡ് | പൂഴി | 690 | 3.0 | |
| 27. | IV | കൂട്ടുങ്കൽ കടവ് ഇത്തിപ്പുഴ റോഡ് | മണ്ണ് | 530 | 3.0 | |
| 28. | IV | ഇത്തിപ്പുഴ ചിറയിൽ റോഡ് | പൂഴി | 550 | 3.0 | |
| 29. | IV | ഇത്തിപ്പുഴ കൊട്ടാരം റോഡ് | പൂഴി | 510 | 3.0 | |
| 30. | IV | പിതൃകുന്നം ബ്ലോക്കുറോഡ് | ടാറിംഗ് | 490 | 3.5 | |
| 31. | IV | പിതൃകുന്നം പുറത്തേൽ ലക്ഷംവീട് | പൂഴി | 365 | 3.0 | |
| 32. | IV | S.N.D.P. കാടാപുറം റോഡ് | മണ്ണ് | 300 | 3.0 | 6640/3.36 |
| 33. | V | വല്ലകം സബ്സ്റ്റേഷൻ കോടാലിച്ചിറ (നക്കംതുരുത്ത്) | പൂഴി | 985 | 3.5 | |
| 34. | V | ആഞ്ഞിലിക്കാവ് നക്കംതുരുത്ത് റോഡ് | പൂഴി | 530 | 3.5 | |

| | | | | | | |
|---|---|---|---|---|---|---|
| 35. | V | കോടാലിച്ചിറ നക്കംതുരുത്തുപള്ളി | പൂഴി | 530 | 3.5 | |
| 36. | V | നാനാടം മാർക്കററ് എഴുമാവിൽ റോഡ് (തോട്ടുചിറവരെ) | പൂഴി | 350 | 3.0 | |
| 37. | V | നാനാടം തേനാമുററം റോഡ് (നാനാടത്തുചിറവരെ) | പൂഴി | 250 | 3.0 | 2645/3.3 |
| 38. | VI | പിതൃകുന്നം ചാലകം കോളനി റോഡ് | പൂഴി | 1850 | 4.0 | |
| 39. | VI | തേനാമുററം നാനാടം റോഡ് | പൂഴി | 1575 | 4.0 | |
| 40. | VI | തോട്ടുചിറ എഴുമായിൽ റോഡ് | പൂഴി | 500 | 3.5 | |
| 41. | VI | ആറാട്ടുകുളം കണ്ടത്തിപ്പറമ്പ് റോഡ് | പൂഴി | 500 | 4.0 | |
| 42. | VI | നക്കംതുരുത്ത് കുര്യപ്പറമ്പിൽ ലക്ഷം വീട് റോഡ് | മണ്ണ് | 450 | 4.0 | |
| 43. | VI | ഇരുമ്പുഴിക്കര L.P.S. റോഡ് | പൂഴി | 410 | 3.0 | |
| 44. | VI | കാവനേഴത്തുപടി കണ്ടത്തിപ്പറമ്പു റോഡ് | പൂഴി | 360 | 4.0 | |
| 45. | VI | പട്ടേരിൽ മഠത്തിപറമ്പ് കോളനി റോഡ് | പൂഴി | 300 | 3.0 | |
| 46. | VI | കോളനി റോഡ് ചാലകം | പൂഴി | 75 | 3.0 | (6020 3.4) |
| 47. | VII | മനക്കൽ കലുങ്ക് വടയാർ റോഡ് | പൂഴി | 1610 | 4.0 | |
| 48. | VII | കെള്ളിമാന്തറ ചിറപ്പുറം റോഡ് | പൂഴി | 795 | 4.0 | |
| 49. | VII | ചിറപ്പുറം ഹെൻത്തുസെന്റർ റോഡ് (ലക്ഷം വീടുകോളനി) | പൂഴി | 513 | 4.0 | (2918/4) |
| 50. | VIII | വടയാർ പുത്തൻപാലം റോഡ് | പൂഴി | 1880 | 3.5 | |
| 51. | VIII | തുറുവേലിക്കുന്ന് പുത്തൻപാലം റോഡ് | പൂഴി | 1320 | 3.5 | |
| 52. | VIII | പുല്ലംതുരുത്തു സെററിൽമെന്റ് കോളനി | പൂഴി | 287 | 2.5 | 3487/3.1 |

| | | | | | | |
|---|---|---|---|---|---|---|
| 53. | IX | ചെട്ടിമംഗലം റോഡ് | ഗ്രാവൽ & പൂഴി | 1200 | 6.0 | |
| 54. | IX | പുത്തൻപാലം മൂത്തകോണം റോഡ് | പൂഴി &മണ്ണ് | 970 | 3.0 | |
| 55. | IX | കൊടിയാട്ട് നടുത്തട്ടു റോഡ് | പൂഴി & മണ്ണ് | 810 | 3.0 | |
| 56. | IX | വേട്ടംവേലിതോട് റോഡ് കിളിയാററുനട റോഡ് | പൂഴി | 800 | 3.0 | |
| 57. | IX | കൊടിയാട്ട് ആറുകണ്ടം റോഡ് | പൂഴി | 600 | 3.0 | |
| 58. | IX | വെള്ളാനിക്കൽ ഭജനമഠം റോഡ് | പൂഴി & മണ്ണ് | 600 | 3.0 | |
| 59. | IX | മൂത്തകോണം ചിറപ്പാട്ടുകോളനി റോഡ് | പൂഴി | 550 | 3.5 | |
| 60. | IX | മുരിഞ്ഞത്തറ ചെട്ടിമംഗലം റോഡ് | പൂഴി | 390 | 3.0 | |
| 61. | IX | ചെട്ടിമംഗലം കലുങ്ക് കടത്തുകടവ് (കാലാക്കോടത്ത് ഭാഗം) | മണ്ണ് | 325 | 3.0 | |
| 62. | IX | പ്രാംവേലികലുങ്ക് വാഴമനകലുങ്ക് | പൂഴി | 200 | 3.0 | 6645/3.3 |
| 63. | X | പാണാട് കോളനി റോഡ് | പൂഴി മണ്ണ് | 960 | 3.5 | |
| 64. | X | മനക്കക്കുഴി - കോടാലിച്ചിറ റോഡ് | പൂഴി | 819 | 3.5 | |
| 65. | X | സബ് സ്റ്റേഷൻ വേട്ടംവേലിതോട് റോഡ് | പൂഴി | 528 | 4.0 | |
| 66. | X | സബ് സ്റ്റേഷൻ-വടക്കേടത്തുറോഡ് | പൂഴി | 510 | 4.0 | |
| 67. | X | മാധവശ്ശേരി റോഡ് | പൂഴി മണ്ണ് | 384 | 3.0 | |
| 68. | X | ചേന്നങ്കേരി വട്ടത്തറ റോഡ് | പൂഴി | 300 | 3.0 | 3501/3.5 |
| 69. | XI | മനക്കൽ കലുങ്ക് തേനാമുററം റോഡ് | പൂഴി | 1116 | 4.0 | |
| 70. | XI | നാലുസെന്റു കോളനി റോഡ് | പൂഴി | 240 | 4.0 | 1356/4 |

# പാർപ്പിടവും സാമൂഹ്യക്ഷേമവും



കാർഷകത്തൊഴിലാളികളും കയർത്തൊഴിലാളികളും മറ്റു പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുമായ പാവപ്പെട്ടവർ ധാരാളമുള്ള ഒരു പഞ്ചായത്താണിത്. കയറിക്കിടക്കാനൊരിടം ഇവരിൽ പലരുടേയും ഒരു സ്വപ്നമാണ്. ഉള്ള കൂരകൾ മെച്ചപ്പെടുത്തുവാനും ഇല്ലാത്തിടത്ത് പുതിയത് ഉണ്ടാക്കുവാനും ഇവരിൽ പലരും നന്നേ പാടുപെടുന്നു. കുടിലുകളിൽ പലതിലും ഒരു കുടുംബത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പോലും ഉണ്ടായിരിക്കുകയില്ല. വെള്ളമോ വൈദ്യുതിയോ അവരിൽ പലർക്കും ഇന്നും ഒരു മരീചിക മാത്രമാണ്. ഇത്തരം വീടുകളിൽ അനുഭവപ്പെടുന്ന കക്കൂസുകളുടെ അഭാവം പരിസ്ഥിതി, ആരോഗ്യം എന്നീ രംഗങ്ങളിൽ പോലും പ്രശ്നങ്ങളുണ്ടാക്കുന്നു. ഇത്തരക്കാരുടെ ചെറു ചെറു വീടുകൾ 300ന് അടുത്തു ഈ പഞ്ചായത്തിലൊട്ടാകെയുണ്ട്. ഇവ ഓലമേഞ്ഞതും പലകയും, പനമ്പും, മെടഞ്ഞ ഓലയും കൊണ്ടു മറച്ചിട്ടുള്ളതുമാണ്.

ഇടത്തരക്കാരും താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉള്ളവരും താമസിക്കുന്ന വീടുകൾ മിക്കവാറും ഓടു മേഞ്ഞവയാണ്, അതുപോലെ കുറച്ചുകൂടി ഉയർന്ന സാമ്പത്തികശേഷിയുള്ളവരുടെ പഴക്കമുള്ള വീടുകളും തറവാടുകളും ഓടുമേഞ്ഞതും മച്ചുള്ളതും അറയും നിരയും ഉള്ളവയും ആണ്. ഈ രണ്ടു വിഭാഗങ്ങളിലും പെട്ട വീടുകളുടെ മൊത്തം എണ്ണം 3300ന് മേൽ വരും. ഇനിയുള്ളത് കോൺക്രീറ്റ് ഭവനങ്ങളാണ്. സാമ്പത്തികശേഷിയുള്ളവരും പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നവരും ഈ വിഭാഗത്തിൽ പെടുന്നു. ഇതിനെല്ലാം പുറമെ ഗൾഫ് പണംകൊണ്ട് ചിലവുകൂടിയ സൗധങ്ങൾ നിർമ്മിക്കുന്നവരുടെ എണ്ണവും ചെറുതല്ല. പലപ്പോഴും വിദേശത്തു നിന്നു ലഭിക്കുന്ന ഗണ്യമായ തുക കോൺക്രീറ്റസൗധങ്ങളിൽ ഒതുങ്ങുന്നുവെന്നത് നമ്മുടെ വികസനരംഗത്തെ ഒട്ടൊക്കെ ബാധിക്കുന്നു.

ഒരു ചെറുവീടെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം എന്നാൽ ഓരോ കുടുംബവും ചെറുകുടുംബങ്ങളായി പിരിഞ്ഞുമാറുന്നതോടെ കൂടുതൽ വീടുകളുടെ ആവശ്യം പെരുകി വരുന്നു. എന്നാൽ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില മൂന്നും നാലും ഇരട്ടിയായി വർദ്ധിക്കുകയും നിർമ്മാണച്ചെലവ് കൂലിയുൾപ്പെടെ ക്രമാതീതമായി പെരുകുകയും ചെയ്യതോടെ സ്വന്തമായൊരുവീട് എന്ന പലരുടേയും മോഹം പൂവണിയാതെ നില്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സിമന്റിന്റെ വില 85 ൽനിന്ന് 195 രൂപയായും കമ്പിയുടെ വില 6 രൂപാ 25 പൈസയിൽനിന്ന് 16.50 പൈസായായും വർദ്ധിക്കുകയുണ്ടായി. ഇഷ്ടിക മണൽ തടി മുതലായവയുടെ വില നിയന്ത്രണാതീതമായി വർദ്ധിച്ചു. അതിനനുസൃണമായി നിർമ്മാണത്തൊഴിലാളികളുടെ കൂലിയും വർദ്ധിച്ചു.

ഇത്രയൊക്കെയായിട്ടും കയറിക്കിടക്കാനൊരിടം സ്വന്തമാക്കുന്നതിനുള്ള മോഹത്തിൽനിന്ന് പിന്മാറാൻ പലരും കൂട്ടാക്കുന്നില്ല, ഇവിടെയാണ് ഭവനനിർമ്മാണബോർഡിന്റെയും ജില്ലാതാലൂക്കുതലത്തിലുള്ള സഹകരണ സംഘങ്ങളുടേയും പ്രസക്തി. ഭവനനിർമ്മാണത്തിനുള്ള വായ്പാവ്യവസ്ഥകൾ കൂടുതൽ ലളിതവും ഉദാരവുമാക്കുന്ന പക്ഷം സ്വന്തമായ വീട് എല്ലാവർക്കും ഒരു യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞേക്കും. പലിശനിരക്ക് അല്പം കൂടുതലാണെങ്കിലും സ്വകാര്യേജൻസികളും ഈ രംഗത്ത് സജീവമായിട്ടുണ്ട്.

ഉദയനാപുരം പോലുള്ള ഒരു പഞ്ചായത്തിന് മറ്റു പറയത്തക്ക വവരുമാനമാർഗ്ഗം ഇല്ലാത്തതുകൊണ്ട് കണ്ടെത്താവുന്ന ഏകമാർഗ്ഗം കെട്ടിട നികുതിയാണ്. ചെറുതും വലുതുമായി 6452 വീടുകളുള്ള ഈ പഞ്ചായത്തിന്റെ സാമ്പത്തികമായ നിലനില്പുതന്നെ ഈ കെട്ടിടനികുതിൽ അധിഷ്ഠിതമാണ്.

(പട്ടിക 1 കാണുക.)

ഭവന നിർമ്മാണബോർഡ്, ഹൗസിംഗ് സൊസൈറ്റി സർക്കാർ സഹകരണ സ്ഥാപന

ങ്ങൾ കേരള ഫിനാഷ്യൽ എന്റർ പ്രൈസസ്സ്, കാർഷിക വികസനബാങ്ക് തുടങ്ങിയവ നല്കുന്ന ഭവനനിർമ്മാണ വായ്പകൾ കൂടുതൽ ലളിതവും ഉദാരവുമായ വ്യവസ്ഥകളിലൂടെ പലിശനിരക്ക് അല്പം കൂടി കുറച്ചും കാലയിളവ് വർദ്ധിപ്പി ച്ചുള്ള കാലാനുസൃതമായി വർദ്ധിപ്പിച്ച ചില വിന് ആനുപാദികമായി വായ്പാ തുകയുടെ പരിധി ഉയർത്തി ഈപ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. ഈ പഞ്ചായത്തിലെ വീടുകളുടെ തരം തിരിച്ചുള്ള പട്ടുക അന്യത്ര ചേർത്തിരിക്കുന്നു.

( പട്ടിക 2 കാണുക. )

## സാധ്യതകൾ

1. നിർമ്മാണസാമഗ്രികളുടെ സംഭരണവും വിതരണവും സിവിൽസപ്ലൈസ് മുഖേനയാക്കുക.
2. രണ്ടുലക്ഷത്തിൽതാഴെ ചിലവുള്ളവീടുകൾക്കുള്ള വായ്പക്ക് മുൻഗണന നല്കുക.
3. ചിലവു തീരെകുറഞ്ഞവീടുകൾക്കുള്ള പ്രചാരണം ശക്തമാക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.
4. അന്യായമായ കാലതാമസം വായ്പാനടപടികളിൽ ഒഴിവാക്കുക.
5. നിർമ്മാണച്ചിലവിന്റെ വർദ്ധനവിന് ആനുപാതികമായി സഹായധനവും ഉയർത്തുക.
6. കഴിയുമെങ്കിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തന്നെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്തുനടത്തുന്നതിള്ള സംവിധാനം ഉണ്ടാക്കുക.
7. വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഇല്ലായ്മ ചെയ്ത് വായ്പതുക അപേക്ഷകർക്ക് എളുപ്പം ലഭ്യമാക്കുക.
8. രാജീവ് ദശലക്ഷപാർപ്പിടപദ്ധതികളുടെ തുക 40,000 എങ്കിലും ആക്കി ഉയർത്തുക.
9. പൊതുവഴിയിൽ നിന്ന് മൂന്ന്മീറ്റർ മാറ്റിയെ കെട്ടിടം നിർമ്മിക്കുക എന്ന വ്യവസ്ഥ ഒരു മീറ്റർ എന്നാക്കുക.

## സാമൂഹ്യക്ഷേമം

സാമ്പത്തികമായി താഴെക്കിടയിലുള്ളവരും സങ്കടിതരോ അസംഘടിതരോ ആയ തൊഴിലാളി വിഭാഗത്തിൽപെടുന്നവരും ആയ ആളുകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഈ വിഭാഗത്തിൻ കീഴിൽ വരുന്നത്.

ഈ രംഗത്തു മതിയായ ശ്രദ്ധചെലുത്തുവാൻ നമ്മുക്കു സാധിച്ചിട്ടില്ലെന്നു തന്നെ പറയാം. തൊഴിൽ രഹിതരായ ചെറുപ്പക്കാർ വിശേഷിച്ചും യുവതികൾ, പ്രായാധിക്യമുള്ള പെൻഷൻകാർ, നിർദ്ധനരായ കുട്ടികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങി നമ്മുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ട നിരവധി മേഖലകൾ ഇന്നും പരിഹരിക്കാനാവാതെ നിലനില്കുന്നു എന്നത് നമ്മെ ലജ്ജിപ്പിക്കുന്നു. വിധവകളും വികലാംഗരുമായ എത്രയോപേർ ഇതിനും പുറമെ സമൂഹത്തിന്റെ സംരക്ഷണവും സഹതാപവുമർഹിക്കുന്നു. ഈനാട്ടിലെ ഏറ്റവും താഴത്തെപ്പടിയിലുള്ള അവസാനത്തെ ആൾവരെ സമുദ്ധരിക്കപ്പെടാതെ താൻവിശ്രമിക്കുകയില്ലെന്ന ഗാന്ധിജിയുടെ അഭപ്രായം ഈ വിഭാഗക്കാർ സമൂഹത്തിന്റെ ദയാദാക്ഷിണ്യങ്ങൾ എത്രത്തോളം അർഹിക്കുന്നുഎന്ന് വ്യക്തമാകുന്നതാണ്. ഈരംഗത്ത് മതിയായ സാമബഹ്യബോധവത്കരണം ഉണ്ടായേതീരൂ.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിൽ രംഗത്ത് നടപ്പാക്കിയിട്ടുള്ള ക്ഷേമനിധി ബോർഡുകളും ഈ രംഗത്ത് നിർണ്ണായകമായ പങ്കു വഹിക്കുന്നുണ്ട്. കൂടെതെ വനിതാവികസന കോർപ്പറേഷൻ, പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവയും സജീവമായി രംഗത്തുണ്ട്.

### I.R.D.P

ഈ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽക്കഴിയുന്ന 58 പേർക്കായി 8.2 ലക്ഷം രൂപാ വിവിധ പദ്ധതികളിൽപ്പെടുത്തി 1995 96, സാമ്പത്തികവർഷം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽത്തന്നെ 2.63 ലക്ഷം രൂപാ സബ്സിഡിയായും ബാക്കി വായ്പയായും നല്കിയിട്ടുള്ളതാണ്. ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ള 58 പേരിൽ 31 പേർ സ്ത്രീകളാണ്. പട്ടികജാതിയിൽപ്പെട്ട 28 പേർ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്.

കൂടാതെ ഈ പഞ്ചായത്തിൽപ്പെട്ട 7സ്ത്രീകൾ ഉർപ്പടെ 9 യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം ട്രൈസംപദ്ധതിയിൽപ്പെടുത്തി 95 96 വർഷത്തിൽനൽകിയിട്ടുണ്ട്. ഇങ്ങനെ പരിശീലനം സിദ്ധിച്ചവരിൽ 6 പട്ടികജാതിക്കാരും 7 സ്ത്രീകളും പെടുന്നു. ഇതേകാലയളവിൽതന്നെ DWCRA പദ്ധതിപ്രകാരം ഈ പഞ്ചായ

ത്തിൽനിന്ന് 10 വനിതകൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഇതിനുപുറമെ 1991 മുതൽ 96 വരെയുള്ള കാലഘട്ടത്തിൽ 32 അവശകലാകാരന്മാർക്കും 69 വിധവകൾക്കും 44 വികലാംഗർ, 24 വൃദ്ധജനങ്ങൾ, 64 ക്ഷയരോഗികൾ എന്നിവർക്ക് പെൻഷനുകളും മറ്റുധനസഹായവും ലഭിച്ചിട്ടുണ്ട്. 95 96 വർഷത്തിൽ 644 കർഷകത്തൊഴിലാളികൾക്കായി 135240 രൂപാ പെൻഷനായും നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 298 കയർത്തൊഴിലാളികൾക്കും 186 മത്സ്യത്തൊഴിലാളികൾക്കും പെൻഷൻകൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് 1993 വരെയുള്ള 10വർഷക്കാലത്തിനിടക്ക് 700 പേർക്കുമാത്രമെ തൊഴിലില്ലായ്മ വേതനം നൽകാൻ കഴിഞ്ഞിട്ടുള്ളു. വൈക്കം എപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ 31.10.96 വരെ മൊത്തം രജിസ്റ്റർചെയ്തിട്ടുള്ളവരുടെ സംഖ്യ53711 ആണെന്നുള്ളത് പരിഗണിക്കുമ്പോൾ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ വേതനം 700 ആണ് എന്നത് പ്രത്യേകം ശ്രദ്ധഅർഹിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെയുള്ള അംഗനവാടികൾ 18 എണ്ണമാണ്. 6 വയസ്സുവരെ വിവിധപ്രായത്തിലുള്ള കുട്ടികൾ ഇവയിലെല്ലാം കൂടി 1852 പേർ കടന്നുപോന്നിട്ടുണ്ട്. ഇവരിൽ ഗുരുതരമായപോഷണകുറവുള്ള കുട്ടികളുടെ എണ്ണം ഒന്നുമാത്രമാണ്. എന്നാൽ മിതമായപോഷകക്കുറവുള്ള രണ്ടാം ഗ്രേഡിൽ പെടുന്നവർ 88 ആൺകുട്ടികളും 106 പെൺകുട്ടികളുമാണ്. ഈ വസ്തുതപരിഗണിക്കുമ്പോൾ അംഗനവാടികളിലെ കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം എത്രയോ താഴെയാണെന്ന് ബോധ്യമാവും. ഇത്തരം സ്ഥാപനങ്ങളിൽ പോകുന്ന കുട്ടികളിൽ മിക്കവാറും എല്ലാവരും തന്നെ ദാരിദ്രരേഖക്കുതാഴെയുള്ള സാധുകുടുംബങ്ങളിൽപെട്ടവരാണ്. അതുകൊണ്ടു തന്നെ അവരുടെ ആരോഗ്യം പരിപോഷിപ്പിക്കുന്നതിന്മുന്തിയപരിഗണന നൽകേണ്ടതാണ്.

മന്ദബുദ്ധികൾ, വികലാംഗർ, അനാഥർ, മാറാരോഗികൾ എന്നിവരുടെ ക്ഷേമസമൂഹത്തിന്റെയൊട്ടാകെ ക്ഷേമമായിക്കരുതി ഗാന്ധിജി വിഭാവനം ചെയ്ത സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുവാൻ നമുക്കു കൂട്ടായി യത്നിക്കാം.

## പൊതുവിതരണം.

നമ്മുടെ പഞ്ചായത്തിൽ 4757 റേഷൻകാർഡുകൾ നിലവിലുണ്ട്. 15 പൊതുവിതരണകേന്ദ്രങ്ങൾ വഴി 22319 പേർക്ക് ഭക്ഷ്യസാധനങ്ങൾ ലഭിച്ചു വരുന്നു. 21662 ക്വിന്റൽ അരിയും അത്രയും ഗോതമ്പും 1071ക്വി. പഞ്ചസാരയും, 726ക്വി. മൈദയും, 103 ക്വി. റവയും ഈ വർഷം വിതരണം ചെയ്തിട്ടുണ്ട്. 520 പെർമിറ്റുകളിലൂടെ വിതരണം ചെയ്ത 53364 ലിറ്ററിനും പുറമെ 317640 ലി. മണ്ണെണ്ണയും ഗാർഹിക, കാർഷിക ആവശ്യങ്ങൾക്കായി തന്നാണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചപട്ടിക അന്യത്ര ചേർത്തിട്ടുണ്ട്. (പട്ടിക 1A, 2A നോക്കുക.)

### സാധ്യതകൾ

1. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സൗകര്യപ്രദമായസ്ഥലത്ത് കെട്ടിടമുണ്ടാക്കുന്നതിന് സ്പോൺസർമാരെസമീപിച്ചോ റങ്കഭ ഫണ്ട് ഉപയോഗിച്ചോ തയ്യാറാക്കേണ്ടതാണ്.
2. ദാരിദ്രരേഖക്കുതാഴെയുള്ളവർ കൂടുതൽ ഉള്ളയിടങ്ങളിലും, കോളനികളുടെസമീപത്തും ഇത്തരം സ്ഥാപനങ്ങൾക്ക് മുൻഗണനനല്കണം.
3. അംഗനവാടികളിലെ കുട്ടികൾക്ക് കൂടുതൽപോഷകഗുണമുള്ള ആഹാരം നല്കുന്നതിന് ആവശ്യമായ ഫണ്ട് വർദ്ധിപ്പിക്കുക.
4. അംഗനവാടികളിലെ പ്രവർത്തനങ്ങൾമെച്ചപ്പെടുത്തുന്നതിനും മേൽനോട്ടംവഹിക്കുന്നതിനും ജനകീയസ്വഭാവമുള്ള കമ്മറ്റികൾ രൂപീകരിക്കണം.
5. ഉപയോഗശൂന്യവും തരംതാണതുമായ അരി സബ്സിഡിയോടുകൂടി എന്ന പേരിൽ വിതരണം ചെയ്തു വരുന്നു. ഗുണമേന്മയുള്ള അരി തന്നെ സബ്സിഡി നിരക്കിൽ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുവാൻ ശക്തമായ സംവിധാനം ഉണ്ടാകണം.
6. പൊതുവിതരണകേന്ദ്രങ്ങളിൽ എത്തുന്ന സാധനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്കുതന്നെ ശരിയായ അളവിലും തൂക്കത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയേ തീരൂ. ഇതു ലംഘിക്കുന്ന വരെ യുദ്ധകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.
7. ഉപഭോക്താക്കളുടെ ന്യായമായ അവകാശം ഉറപ്പാക്കുന്നതിനുവേണ്ടി കാർഡുടമകളുടെ സംഘടന രൂപീകരിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
8. I.R.D.P ആനുകൂല്യങ്ങൾ ലിസ്റ്റിൽപ്പെട്ടവർക്കുപോലും പലപ്പോഴും നിഷേധിക്കപ്പെടുന്നു. ഇത് അർഹരാ

യവർക്കെല്ലാം ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കണം.

9. സാമൂഹ്യ ക്ഷേമത്തിന്റെ പ്രാധാന്യം മുന്നിൽക്കണ്ടുകൊണ്ട് 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്ന അംഗനവാടിയിലെ ജീവനക്കാരുടെ വേതനം ഉയർത്തിയും അവർക്ക് ആവശ്യമായ പരിരക്ഷ നല്കിയും ഈ മേഖലയിലെ മേന്മ ഉറപ്പുവരുത്തണം.

പാർപ്പിടത്തിന്റെ കാര്യത്തിലും പെൻഷന്റെ കാര്യത്തിലും എല്ലാം തന്നെ നീതിയും നിയമവും ഉറപ്പാക്കുന്ന ഒരു സാമൂഹ്യക്ഷേമപദ്ധതിയെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷയും പ്രത്യാശയും സഫലമായി ഒരു പുതിയ ഭാരതത്തിന് രൂപം നല്കുന്ന ഗ്രാമങ്ങളുടെ കൂട്ടത്തിൽ നമ്മുടെ പഞ്ചായത്തും പങ്കു ചേരുന്നു.

പട്ടിക 2

## പൊതുവിതരണ കേന്ദ്രങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | റേഷൻ കട നമ്പർ | പേര് |
|---|---|---|
| 1 | ARD 24 | കെ. വി. പരമേശ്വരൻ |
| 2 | ,, 25 | വി. ദാസപ്പൻ |
| 3 | ,, 27 | ഔസേഫ് മത്തായി |
| 4 | ,, 28 | എ. ആർ. പൊന്നപ്പൻ |
| 5 | ,, 29 | എം. ജയപ്രകാശ് |
| 6 | ,, 30 | ചിത്രജ |
| 7 | ,, 31 | എ. സി. സ്കറിയ |
| 8 | ,, 32 | എം. തോമസ്സ് |
| 9 | ,, 33 | കെ. കരുണാകരൻ |
| 10 | ,, 34 | കെ. കുഞ്ഞപ്പൻ |
| 11 | ,, 35 | മാത്യു തോമസ് |
| 12 | ,, 36 | വേലു മാധവൻ |
| 13 | ,, 37 | കെ. ദിവാകരൻ |
| 14 | ,, 194 | കെ. പി. മണി |
| 15 | ,, 214 | എം. പരമേശ്വരൻ |

പട്ടിക 1

### പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരം

| വർഷം | അവശകലാകാരന്മാർക്കുള്ള | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | | കള്ള് തൊഴിലാളി പെൻഷൻ | മത്സ്യത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|
| 1991 | 4 | 32 | 10 | 12 | 12 | 95-96 | തുക | 1991 മു: 96 വരെ | 96 വരെ | 1992 മു: 1996 വരെ |
| '92 | 4 | - | - | - | 8 | | | | | |
| '93 | 6 | - | - | - | 8 | | | | | |
| '94 | 6 | - | - | - | 18 | | | | | |
| '95 | 6 | 12 | 16 | 6 | 8 | 343 | 72030 | | | |
| '96 | 6 | 25 | 18 | 6 | 10 | 301 | 63210 | 299 | 186 | 700 |
| ആകെ | 32 | 69 | 44 | 24 | 64 | 644 | 135240 | 299 | 186 | 700 |

# ഉദയനാപുരം ഗ്രാമ പഞ്ചായത്ത് പൊതുവിതരണം

## 1995 – 96

### പട്ടിക 3

| പൊതുവിതരണം | കാർഡുകളുടെ എണ്ണം | | | ഗുണ ഭോക്താക്കൾ | | |
|---|---|---|---|---|---|---|
| ആകെ ക്രേന്ദങ്ങൾ | NE | E | ആകെ | മേജർ 12 to | മൈനർ 3 to 12 | ആകെ |
| 15 | 2318 | 2439 | 4757 | 19340 | 2979 | 22319 |

അവലംബം – സിവിൽ സപ്ലൈസ്

## ഭക്ഷ്യവസ്തുക്കൾ

| പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ വിവരം 1995 – 96 (ക്വിൻറൽ) | | | | |
|---|---|---|---|---|
| അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര |
| 21662.68 | 21662.68 | 103 | 726 | 1071.31 |

അവലംബം – സിവിൽ സപ്ലൈസ്

## മണ്ണെണ്ണ വിതരണം

(ഗാർഹികം കൃഷി) 1995 – 96 (ലിറ്റർ)

| പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് പ്രകാരം വിതരണം ചെയ്തത് | കാർഡു വഴി വിതരണം ചെയ്തത് |
|---|---|---|
| 520 | 53,364 | 3,17,640 |

അവലംബം – സിവിൽ സപ്ലൈസ്

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം


(വാർഡു തിരിച്ച്)

പാർപ്പിടപട്ടിക 2

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണ പദ്ധതി കളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | രണ്ടിൽ കൂടുതൽ നില യുള്ള കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 627 | 2 | 36 | 260 | 202 | 20 | 7 |
| II | 647 | 4 | 28 | 368 | 200 | 21 | 26 |
| III | 656 | 1 | 20 | 314 | 151 | 20 | 60 |
| IV | 723 | 6 | 104 | 422 | 180 | 6 | 7 |
| V | 795 | 6 | 68 | 459 | 225 | 18 | 18 |
| VI | 640 | 3 | 41 | 361 | 215 | 3 | 17 |
| VII | 467 | 5 | 115 | 180 | 126 | 36 | 5 |
| VIII | 551 | 1 | 47 | 340 | 146 | 13 | 4 |
| IX | 590 | | 17 | 244 | 264 | 20 | 45 |
| X | 525 | 3 | 90 | 182 | 140 | 96 | 15 |
| XI | 431 | 3 | 49 | 201 | 165 | 10 | 3 |
| ആകെ | 6482 | 38 | 616 | 3331 | 2014 | 261 | 198 |

പട്ടിക 1

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 6452 | 1991 – 92 | 1992 – 93 | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|---|---|
| | 6330 | 6353 | 6374 | 6402 | 6452 |



# സംസ്കാരം

ഒരു ദേശത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ നാം ആദ്യമായി അന്വേഷിക്കുന്നത് അവിടുത്തെ ജനങ്ങളുടെ സംസ്കാരിക നിലവാരത്തെക്കുറിച്ചാണ്. ഉന്നതവും ഉദാത്തവുമായ ഒരു സംസ്കാരത്തിന്റെ ഉടമയായ ജനതയ്ക്കും അവരുടെ നാടിനും മാത്രമെ മഹത്തായ ഒരു പദവി ആധുനിക സമൂഹം കല്പിക്കുന്നുള്ളു. ഒരു ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസ പ്രമാണങ്ങൾ, ദായക്രമം, ജീവിത രീതികൾ, എന്നിവയെല്ലാം അന്നിവരുടെ സാംസ്കാരികസമ്പത്തിന്റെ ഈടുവയ്പുകളാണ്. അവിടെ പ്രചരിച്ചിട്ടുള്ള ഐതിഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, സാഹിത്യകൃതികൾ എന്നിവയെല്ലാം ആ ജനതയുടെ സാംസ്കാരികനിലവാരം വ്യക്തമാക്കുന്നു.

ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ പ്രാദേശികവും ദേശീയവുമായ പ്രാധാന്യമർഹിക്കുന്ന മഹത്തായ ചരിത്രസംഭവങ്ങൾക്കു സാക്ഷ്യം വഹിക്കാൻ വൈക്കം താലൂക്കിനും അതിന്റെ ഭാഗമായ ഉദയനാപുരം പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്. ഗാന്ധിജി, രാജഗോപാലാചാരി, ഏ.കെ. ഗോപാലൻ, കെ.പി.കേശവമേനോൻ, ടി.കെ മാധവൻ, മന്നത്തുപത്മനാഭൻ തുടങ്ങിയ മഹാന്മാരായ നേതാക്കൾ വൈക്കത്തു നടത്തിയ ഐതിഹാസികമായ സമരങ്ങളിൽ ഈ പഞ്ചായത്തും അതിന്റെ പങ്കു വഹിച്ചിട്ടുണ്ട്. ശ്രീ. നാരായണഗുരു നേരിട്ടു സന്ദർശിച്ചിട്ടുള്ളതാണിവിടം. മതസൗഹാർദ്ദത്തിനു കേൾവി കേട്ടിട്ടുള്ളതാണീനാട്. ഹിന്ദു മുസ്ലിം ക്രൈസ്തവമതങ്ങൾ സഹോദരബുദ്ധ്യാ ജീവിച്ചുപോന്നതാണ് ഇവിടെ. അയിത്തത്തിനും, അനാചാരങ്ങൾക്കും, ഉചനീചത്വത്തിനും എതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടു സ്വീകരിച്ച പ്രബുദ്ധരായ ഒരു ജനതയാണ് നമ്മുടേത്. അവർക്കെതിരെ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ നടന്ന തീവ്ര സമരങ്ങളിൽ സവർണ്ണരായ ഏ. കെ.ജി യും, കേളപ്പനും, മന്നവും, കേശവമേനോനും, കുരൂർ നമ്പൂതിരിപ്പാടുമെല്ലാം ആവേശപൂർവ്വം സമരം ചെയ്ത പാരമ്പര്യം നമുക്കവകാശപ്പെട്ടതാണ് സാമുദായികവും, മതപരവുമായ മൈത്രിയുടെ ശാന്തിമന്ത്രം ഉയർന്നുവന്ന മണ്ണാണിത് അടുത്ത കാലത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട U.P. L.P. വിഭാഗത്തിൽപ്പെട്ട അരഡസനോളം സ്കൂളുകളും മാത്രമേ ഉള്ളെങ്കിലും സാക്ഷരതയുടെ കാര്യത്തിൽ നാം തീരെപിന്നിലല്ല. വായനശാലകളും, ഗ്രന്ഥശാലകളും കുറവുള്ള പഞ്ചായത്താണ് ഇത്. 2 വായനശാലകൾ മാത്രം. വളരെ ഉയർന്ന വിദ്യഭ്യാസം നേടിയവരും, ഉന്നതങ്ങളിൽ പ്രവർത്തിക്കുന്നവരുമായ കുറച്ചുപേരെങ്കിലും ഈ പഞ്ചായത്തതിർത്തിയിൽ ഉണ്ട്. വൈദ്യശാസ്ത്രരംഗത്ത് ഏറ്റവും മുൻ പന്തിയിൽ നിൽക്കുന്ന അമേരിക്കയിൽ പ്രശസ്തനായി തീർന്ന ഡോക്ടർ. ബാഹുലേയൻ ഇവിടുത്തുകാരനാണ്. അദ്ദേഹത്തിൻെറ ശ്രമഫലമായി ചെമ്മനാകരിയിൽ ആരംഭിക്കുന്ന ഇന്തോ-അമേരിക്കൻ ആശുപത്രി ഈ നാടിന്റെ തന്നെ മുഖഛായ മാറ്റാൻ കഴിവുള്ളതാണ്. അതിൻെറ O.P വിഭാഗം വൈക്കം ടൗണിൽ പ്രവർത്തിച്ചു വരുന്നു.

വളരെയേറെ കർഷകത്തൊഴിലാളികളും കുടിക്കിടപ്പുകാരുമായ ആളുകളുടെ ആവാസസ്ഥാനമായിരുന്ന ഈ പഞ്ചായത്ത് കുടികിടപ്പവകാശത്തിനുവേണ്ടി സംസ്ഥാനതലത്തിൽ നടത്തിയ തീവ്രമായ സമരത്തിൽ സജീവമായ പങ്കാളിത്തം വഹിക്കുകയും ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതിനു വേണ്ടി ശക്തമായി പ്രവർത്തിക്കുകയും ചെയ്യിട്ടുണ്ട്. ജന്മിത്തത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത സമരം ചെയ്തു അർഹമായ ആനുകൂല്യം നേടിയെടുക്കുന്നതിൽ ഇവിടത്തെ തൊഴിലാളിപ്രസ്ഥാനങ്ങളും, രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുൻപന്തിയിലായിരുന്നു, അതിലവർ വിജയിക്കുകയും ചെയ്തു.

സാംസ്കാരിക വളർച്ചയുടെ അടുക്കവും തൂക്കവും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പ്രവർത്തിക്കുന്ന സമിതികൾ,

ക്ലബ്ബുകൾ, സംഘടനകൾ എന്നിവ വേണ്ടത്രയില്ലാത്ത ഒരു കുറവ് ഈ പഞ്ചായത്തിനുണ്ട്. വളരെ പണ്ടുമുതൽ തന്നെ കലാസാംസ്കാരിക കേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നത് ക്ഷേത്രങ്ങളായിരുന്നല്ലോ. അവിടെ ഒരു കാലത്തുണ്ടായിരുന്ന നാടൻകലകളും, നാടൻപാട്ടുകളും, പുള്ളുവൻമാർ നടത്തുന്ന സർപ്പപ്പാട്ടും, കോൽകളിയും, ചവിട്ടുകളി, തിരുവാതിരകളി, കുറത്തിയാട്ടം, തുള്ളൽ തുടങ്ങിയ കലാരൂപങ്ങളും ഇന്നുംനിലനിന്നുപോരുന്നതായി കാണാം. വടയാറ്റുള്ള ഇളംകാവുക്ഷേത്രത്തിലെ ആറ്റുവേല എന്ന ജലോത്സവം മറ്റൊരിടത്തും കാണാൻ കഴിയാത്ത ഹൃദ്യമായ ഒരു കാഴ്ചയാണ്. നിലകളായി കെട്ടിയൊരുക്കിയ നിലക്കാവടികളും, ഭസ്മക്കാവടി, പാൽക്കാവടി, പനിനീർ, പഞ്ചാമൃതം, കുങ്കുമം തുടങ്ങിയവ നിറച്ച കാവടികളും ഒറ്റയ്ക്കും സംഘമായും താളമേളക്കൊഴുപ്പോടെ നടത്തുന്ന കാവടിയാട്ടം. ഉദയനാപുരം സുബ്രമണ്യ ക്ഷേത്രത്തിലെ ഒരു പ്രധാന വഴിപാടാണ്. വൃശ്ചികമാസത്തിലെ തൃക്കാർത്തികയോടനുബന്ധിച്ചുള്ള ഉത്സവവും, കാർത്തിക വിളക്കും ഈ ദേശക്കാരിൽ ഒരു ദേശീയോത്സവത്തന്റെ പ്രതീതി ജനിപ്പിക്കുന്നു. കർക്കിടകത്തിലെ കറുത്തവാവുന്നാൾ. പിതൃക്കൾക്കായി ബലികർമ്മങ്ങൾ നടത്തുന്നതിൽ പ്രസിദ്ധി നേടിയ ഒന്നാണ് ഇവിടുത്തെ പിതൃകുന്നം ഈ മഹാവിഷ്ണുക്ഷേത്രം. ആലുവായിലേയും, വർക്കലയിലേയും പോലെ പതിനായിരക്കണക്കിനാളുകൾ അന്നേ ദിവസം ഇവിടെയെത്തി പിതൃഗതി വരുത്തി തൃപ്തരായി മടങ്ങുന്നു. ഉദയനാപുരം, ഓർശലേം, വല്ലകംപള്ളികളിൽ നടക്കുന്ന തിരുനാൾ ആഘോഷങ്ങൾ അതിപ്രധാനങ്ങളാണ്. മെയ് 1 നു ശേഷം ആദ്യത്തെ ഞായറാഴ്ച ഉദയനാപുരം പള്ളിയിൽ നടക്കുന്ന സെന്റ് ജോസഫിന്റെ തൊഴിലാളി മധ്യസ്ഥതിരുന്നാൾ അതു നടക്കുന്ന സമയം കൂടി പരിഗണിക്കുമ്പോൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. അവിടുത്തെ കഴുന്ന് എഴുന്നള്ളിപ്പും മരണത്തിരുന്നാളിനോടനുബന്ധിച്ചു നടത്തുന്ന നേർച്ച സദ്യയും നമ്മുടെ സാംസ്കാരിക പൈതൃകത്തിലെ വിലപ്പെട്ട സംഭാവനകളാണ്. അതുപോലെ വല്ലകം പള്ളിയിലെ ശുദ്ധീകരണത്തിരുനാളും ഓർശല്ലേം പള്ളിയിലെ അമലോത്സവ തിരുനാളും ജനങ്ങൾ ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു.

കായിക രംഗത്തു വേണ്ടത്ര കഴിവുള്ള ഒരു യുവതലമുറ നമുക്കുണ്ടെങ്കിലും അവയ്ക്ക് യാതൊരു പ്രോത്സാഹനവും ലഭിക്കുന്നില്ല. അതിന്റെ പ്രധാനകാരണം പരിശീലനത്തിനുപ്പറ്റിയ ഒരു കളിസ്ഥലത്തിന്റെ അഭാവമാണ്. ഒരൊറ്റ സിനിമാശാല പോലുമില്ലാത്ത ഒരു പഞ്ചായത്താണിത്. ജനങ്ങൾ അദ്ധ്വാനശീലരും, കലാ കായിക പ്രേമികളുമാണ്. അനുകൂല സാഹചര്യങ്ങളുടെ അഭാവം ആ രംഗത്തെ ശുഷ്കമോ, ശൂന്യമോ ആക്കുന്നു.

### സാദ്ധ്യതകൾ

1. നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം നമുക്കുണ്ടാകണം.നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന കോൽകളി ചവിട്ടുകളി, ഞാറ്റുപാട്ട്, തിരുവാതിരകളി, ഓട്ടൻതുള്ളൽ, ഉടുക്കുപാട്ട്, തെയ്യം, തീയാട്ട്, മുടിയേറ്റ്, ഗരുഡൻ തൂക്കം തുടങ്ങിയ കലാ രൂപങ്ങൾ കലാസമിതികളുടേയോ, ക്ലബ്ബുകളുടെയോ ചുമതലയിൽ പുനരുദ്ധരിക്കണം. ഗ്രാമോത്സവങ്ങളിലും മറ്റും ഇവയ്ക്ക് പ്രധാന്യം നൽകാൻ പഞ്ചായത്തുകൾ മുൻ കൈയെടുക്കണം.
2. പഞ്ചായത്തിന്റെ ചുമതലയിൽ ഒരു ഇൻഫർമേഷൻ കേന്ദ്രം ആരംഭിക്കുകയും അതിലൂടെ വിവിധങ്ങളായ കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രാമവാസികൾക്കു നൽകുകയും ചെയ്യണം.
3. ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെ സാംസ്കാരികമായ ആദാന പ്രദാനങ്ങൾ നടത്താൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക.

ഈ വരുന്ന അഞ്ചു വർഷങ്ങൾ കൊണ്ട് സംസ്കാര സമ്പന്നമായ ഒരു സമൂഹം കെട്ടിപ്പെടുക്കാനും നൈതികവും ധാർമ്മികവുമായ മൂല്യങ്ങൾ മാനിക്കുന്ന ഒരു പുത്തൻ തലമുറക്ക് രൂപം നൽകുവാനും നമ്മുടെ പഞ്ചായത്തിന്റെ ഭരണകൂടത്തിനു കഴിയുമെന്ന് നമുക്കു പ്രത്യാശിക്കാം.

**"പഠിച്ചതെല്ലാം മറന്നുകഴിയുമ്പോൾ നമ്മുടെ അന്തരംഗത്തിൽ അവശേഷിക്കുന്നതെന്തോ അതാണ് സംസ്കാരം".**

# വനിത



യത്ര നാരീസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാഃ
(മനു സ്മൃതി)

യാതൊരിടത്ത് സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതവിളയാടുന്നു. മനുഷ്യസമൂഹത്തിലെ സ്ത്രീയുടെ മഹത്തായ പദവി'വെളിപ്പെടുത്തുന്നതാണ് മനുസ്മൃതിക്കാരന്റെ മേലുദ്ധരിച്ചവാക്കുകൾ സാക്ഷാൽ ഈശ്വരന്മാർ മുതൽ കൂലിവേലക്കാരനായ സാധാരണക്കാരൻവരെ തന്റെ ജീവിതത്തിന്റെ അർദ്ധമായി സ്ത്രീയെകരുതുന്നതിന്റെ ഔചിത്യം ഇതിൽനിന്നും വ്യക്തമാണല്ലോ. വിഷ്ണുവുന് രമയും ശിവന് ഉമയും ചന്ദ്രന് ചന്ദ്രികയും എല്ലാം തുണയായി എന്നും നിലകൊള്ളുന്ന കാര്യം സുവിദിതമാണല്ലോ. പ്രകൃതിയും പുരുഷനും ഒന്നിച്ചുചേർന്നാൽ മാത്രമെ പൂർണ്ണതകൈവരു എന്നാണ് ഭാരതീയവിശ്വാസം. ഏതൊരു പുരുഷന്റേയും വിജയത്തിനുപിന്നിൽ ഒരു സ്ത്രീ ഉണ്ട് എന്ന തത്വം പുരാണേതിഹാസങ്ങളും ചരിത്രവും ശരിവയ്ക്കുന്നു. അർജ്ജുനൻ അമ്പയച്ചതും ശ്രീരാമൻ വില്ലൊടിച്ചതും ട്രോയ്നഗരം കത്തിക്കപ്പെട്ടതും സ്ത്രീക്കുവേണ്ടിയായിരുന്നു, സ്ത്രീമൂലമായിരുന്നു. കല, സാഹിത്യം, രാഷ്ട്രതന്ത്രം, യുദ്ധം, ഭരണനിപുണത എന്നുവേണ്ട സാഹസികതനിറഞ്ഞ വിവിധമണ്ഡലങ്ങളിൽപ്പോലും പുരുഷന്തുല്യമോ ചിലപ്പോൾ അതിലുമുപരിയായി സ്വന്തം പ്രാഗത്ഭ്യത്തെതെളിയിച്ചിട്ടുള്ളവളാണ് സ്ത്രീ.

ഇത്രമാത്രം മഹത്വത്തിന് ഇരിപ്പിടമായ സ്ത്രീയുടെ ഇന്നത്തെനില എന്താണെന്നു പരിശോധിക്കാം. സ്ത്രീപുരുഷസമത്വവാദത്തെ പിന്നോക്കം തള്ളിമാറ്റികൊണ്ട് പുരുഷമേധാവിത്വം കൊടികുത്തിവാഴുന്നു. സ്ത്രീ പുരുഷന്റെ അടിമയായി ഇന്നും തുടരുന്നു. കുറച്ചുകൂടിവ്യക്തമായി പറഞ്ഞാൽ ആധുനികസമൂഹം സ്ത്രീയെ ഏറ്റവും കൂടുതൽപീഡിപ്പിക്കുന്നു. പണ്ട് ഭാരതത്തിൽ നിലവിലിരുന്ന സതിയെന്ന അനാചാരത്തെപോലും അതിശയിക്കുന്ന സ്ത്രീപീഡനങ്ങളുടേയും സ്ത്രീ മരണങ്ങളുടേയും കഥ ഇന്ന് നമുക്കാർക്കും അപരിചിതമല്ല. 6 വയസ്സുമുതൽ 60 വയസ്സുവരെയുള്ള സ്ത്രീകൾ മൃഗീയമായി അപമാനിക്കപ്പെട്ടു തെരുവിലേക്ക് എറിയപ്പെടുന്നു. അവിടേയും ഈ ആക്രമണത്തിന് വിധേയയായ സ്ത്രീയെയല്ലാതെ അതിനു കാരണക്കാരനായ പുരുഷനെപഴിക്കാൻ സമൂഹം മടിക്കുന്നു. ഇതിന്റെയൊക്കെഫലമായി സ്ത്രീ സമൂഹം ഒന്നായി ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേല്കുന്ന ഒരു ദൃശ്യത്തിന് നമ്മുടെ സമൂഹം സാക്ഷ്യം വഹിക്കുന്നു. സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ അലമാലകൾപോലെ ആർത്തിരമ്പി സമൂഹ മനസാക്ഷിയെ തൊട്ടുണർത്തുന്നു. പുരുഷനൊപ്പം സ്ത്രീക്കും തുല്യപദവി ലഭിക്കണമെങ്കിൽ സാമ്പത്തികസമത്വം കൂടിയെതീരുവെന്നബോധം അവരിലുണരുന്നു. സ്വന്തമായി പണിയെടുത്തു വരുമാനം ഉണ്ടാക്കുവാൻ ഇന്ന് പുരുഷനോടൊപ്പം സ്ത്രീയും ഇറങ്ങിത്തിരിക്കുന്നു. ഇങ്ങനെ നിരന്തരമായവെല്ലുവിളികളെ അഭിമുഖീകരിക്കുന്ന സ്ത്രീ സമൂഹത്തിന്റെ അഭിമാനത്തിന്റെ പ്രതീകമായി നിലകൊള്ളുന്ന ഒരു വനിതാവിഭാഗത്തെയാണ് ഈ പഞ്ചായത്തിലും നാം കാണുന്നത്.

ഉദയനാപുരം പഞ്ചായത്തിലെ 25695 പേരിൽ പകുതിലധികം വരുന്ന 12959പേർ സ്ത്രീകളാണ് ഇതിൽതന്നെ 2179 സ്ത്രീകൾ പട്ടികജാതിയിൽപ്പെട്ടവരും 10പേർ പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ആണ്. ഇതിൽ 2200 പേർ കൂലിവേലചെയ്യുന്നവരും 1695 പേർ ഉദ്യോഗസ്ഥകളും 5500 പേർ മറ്റുതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് എന്ന് പറയുമ്പോൾ ഈ പഞ്ചായത്തിൽ സ്ത്രീകൾ പ്രത്യേകപരിഗണന അർഹിക്കുന്നുവെന്ന് വ്യക്തമാകുമല്ലോ. ഇതു സംബന്ധിച്ചപട്ടിക അന്യത്രചേർത്തിരിക്കുന്നു. എന്നാൽ പുരുഷനോടൊപ്പം ജോലി ചെയ്യുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് പുരുഷനേക്കാൾ കുറഞ്ഞകൂലിമാത്രമാണ് ലഭിക്കുന്നത്. വിശേഷിച്ചും കെട്ടിടനിർമ്മാണരംഗത്തും മറ്റും പുരുഷനോടൊപ്പം തന്നെ പണിയെടുക്കുന്നുണ്ടെങ്കിലും കൂലിയുടെ കാര്യത്തിൽ സ്ത്രീ രണ്ടാംസ്ഥാനത്തുതന്നെ. ഇതിനുപുറമേ വീട്ടമ്മമാരായ സ്ത്രീകൾ ശിശുപരിപാലനം, ആടുമാടുവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറി കൃഷി തുടങ്ങിയമേഖലകളിൽ വ്യാപൃതരായികഴിയുന്നു. സാക്ഷരത

യുടെ കാര്യത്തിലും ഈപഞ്ചായത്തിലെ സ്ത്രീകൾ പുരുഷന്മാർക്കൊപ്പംനിൽക്കുന്നു. ഉയർന്ന വിദ്യാഭ്യാസവും സർക്കാർജോലിയും നേടിയസ്ത്രീകൾ ധാരാളമുള്ള ഒരു പഞ്ചായത്താണിത്.

ഇപ്പോഴും സമൂഹം പൊതുരംഗങ്ങളിൽ സ്ത്രീക്ക് വേണ്ടത്ര പങ്കാളിത്തം നൽകുന്നില്ല. നിയമപരമായി ലഭിക്കുന്ന ശതമാനത്തിന്റെ പരിധിയിലൊതുങ്ങി പൊതുപ്രവർത്തനം നടത്താൻ വിധിക്കപ്പെട്ടവളാണ് ആധുനിക സ്ത്രീ എന്നുതോന്നും. തുടർന്നുനിലവിലുള്ള ഭരണ സംവിധാനത്തിൽ ഇത്രയെങ്കിലും പങ്ക് അവർക്ക് ലഭിക്കുന്നു എന്നേയുള്ളു.

ഈ പഞ്ചായത്തിലെ 11 വാർഡുകളിൽ 3 എണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റെ സ്ഥാനം വനിതക്ക്, അതിലും പ്രത്യേകിച്ച് പട്ടികജാതിയിൽപ്പെട്ട വനിതക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, എന്നതു ഈ പഞ്ചായത്തിന്റെ ഒരു സവിശേഷതയാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലും ഇപ്പോൾ സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും 1/3 സ്ഥാനങ്ങൾ സ്ത്രീകൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുന്നു എന്നത് ആശ്വാസകരം തന്നെ. തൂപ്പുജോലിമുതൽ സുപ്രീം കോടതി ന്യായാധിപസ്ഥാനം ഉൾപ്പെടെ ഐക്യരാഷ്ട്രസഭയുടെ അദ്ധ്യക്ഷപദവിവരെ നേടാൻ കഴിഞ്ഞതും ശൂന്യാകാശയാത്ര വരെ നടത്തിയതും സ്ത്രീയുടെ കഴിവിന്റേയും സാഹസികതയുടേയും പ്രത്യക്ഷമായ തെളിവാണ്.

എന്നാൽ ഇത്രമാത്രം പ്രശംസ പിടിച്ചുപറ്റുന്ന സ്ത്രീയുടെ ശോചനീയമായ അവസ്ഥ മനുഷ്യമനസ്സാക്ഷിയെ പിടിച്ചുകുലുക്കുന്നു. ഏതൊരു സ്ത്രീയുടേയും സ്വപ്നമാണ് സന്തുഷ്ടമായ ഒരു കുടുംബ ജീവിതം.

അനുയോജ്യനും സൽസ്വഭാവിയും ആയ ഒരു വരൻ ഏതു പെൺകുട്ടിയുടേയും മോഹമാണ്. ഇവിടെ വിവാഹകമ്പോളം തുറക്കപ്പെടുന്നു. ആദർശവാദിയായ ഏതൊരു പുരുഷനും ഈ കമ്പോളത്തിൽ വിലപേശൽ നടത്തുന്നു. കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആളിനെ വധുവിനു ലഭിക്കുന്നു. സാമ്പത്തികമായി ക്ലേശിക്കുന്നവരുടെ പെൺമക്കൾ അവഗണിക്കപ്പെടുന്നു. ലക്ഷങ്ങളും, കിലോഗ്രാം കണക്കിനു സ്വർണ്ണവും മറ്റെല്ലാ സൗഭാഗ്യങ്ങളും ലഭിച്ചാലും പലപ്പോഴും ഭാര്യമാർ നിരന്തരമായി പീഡിപ്പിക്കപ്പെടുന്നു. തുടർന്നും പണം കൊണ്ടുചെല്ലാത്ത എത്രയോ ഭാര്യമാർ സ്റ്റൗ പൊട്ടിത്തെറിച്ചുള്ള മരണത്തിന് വിധേയരാകുന്നു. ഈ അക്രമവും പീഡനവും കണ്ടില്ലെന്ന് പുരുഷന്മാർ നടിക്കുന്നു. സ്ത്രീധനവും അതേതുടർന്നുണ്ടാകുന്ന പീഡനങ്ങളും മരണം തന്നെയും സമൂഹത്തിന്റെ ശാപമായി നമ്മെ തുറിച്ചുനോക്കുന്നു. ഇതിന് ഒരു പരിഹാരമുണ്ടായേ തീരൂ. ഈ പരിഹാരത്തിനായി സ്ത്രീസമൂഹം സംഘടിച്ചുകൊണ്ടിരിക്കുന്നു.

സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്ന ധാരണ തിരിത്തിക്കുറിച്ചേ തീരൂ. എന്നും പുരുഷന് അത്താണിയായി നിന്നിട്ടുള്ള സ്ത്രീ ഇന്ന് സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയാണ്. നമ്മുടെ പഞ്ചായത്തിൽ ഉള്ള എല്ലാ അംഗനവാടികളും ഇവരുടെ പരിചരണം വഴി വളർന്നുവരുന്ന തലമുറക്ക് നേരായ വഴി തുറക്കുന്നു. അതുപോലെ വീട്ടമ്മ എന്ന നിലക്ക് ഓരോ സ്ത്രീയും സ്വന്തം കുഞ്ഞുങ്ങളുടെ സുഹൃത്തും മാർഗ്ഗദർശിയും ആയിത്തീരുന്നു.

വ്യാവസായിക രംഗത്ത് സ്ത്രീകൾക്ക് വളരെയേറെ സാദ്ധ്യതകൾ കണ്ടെത്താൻ കഴിയുമെങ്കിലും ഈ രംഗത്തേക്ക് വേണ്ടത്ര യുവതികൾ കടന്നുവരുന്നില്ല. വരുന്നവർക്കാകട്ടെ നിയമത്തിന്റെ നൂലാമാലകൾ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഇതായിരിക്കാം മറ്റുള്ളവർ മടിച്ചുനിൽക്കാൻ കാരണം.

സ്ത്രീ നന്നായാൽ കുടുംബം നന്നാകും, കുടുംബം നന്നായാൽ സമൂഹവും, സമൂഹം നന്നായാൽ നാടും നന്നാകും എന്ന ചൊല്ല് എത്രമാത്രം അർത്ഥവത്താണ് എന്നു നാം മനസ്സിലാക്കണം. അതുകൊണ്ട് നാടിന്റെ നന്മ സ്ഥിതിചെയ്യുന്നത് സ്ത്രീയുടെ നന്മയിലാണ് എന്ന് വ്യക്തം. നമ്മുടെ സമൂഹത്തിന്റേയും നാടിന്റേയും നന്മക്ക് പങ്കാളിത്തം വഹിക്കാൻ ഈ പഞ്ചായത്തിലെ സഹോദരിമാർക്ക് കഴിയട്ടെ.

### പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ കാർഷിക, കയർ, മത്സ്യബന്ധന മേഖലകളിലെ തൊഴിലാളികളായ സ്ത്രീകൾക്ക് മതിയായ പ്രതിഫലം ലഭിക്കുന്നില്ല.

2. സ്ത്രീ സാമൂഹ്യ സാമ്പത്തിക ഭരണ രംഗങ്ങളിൽ ഇന്നും അവഗണിക്കപ്പെടുന്നു.

3. പുരുഷനോടൊപ്പം പണിയെടുക്കുന്ന

സ്ത്രീക്ക് കുറഞ്ഞ കൂലിയേ കിട്ടുന്നുള്ളൂ.

4. സ്ത്രീകൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ വ്യവസായ വകുപ്പിൽ നിന്നും നൽകുന്ന സഹായത്തിന് പല തടസ്സങ്ങളും ഉണ്ടാകുന്നു.

5. സ്ത്രീധനം സ്ത്രീയുടെ തലയിൽ കെട്ടിവച്ച ഒരു ശാപമായി നിലകൊള്ളുന്നു.

6. സ്ത്രീധനപീഡനം ഇന്നും നിലനിൽക്കുന്നു.

7. സ്ത്രീ പലപ്പോഴും അപമാനിക്കപ്പെടുന്നു.

8. സ്ത്രീപീഡനങ്ങളിൽ സ്ത്രീ മാത്രം സമൂഹത്തിന്റെ ദൃഷ്ടിയിൽ കുറ്റവാളിയാകുന്നു.

9. പട്ടാപ്പകൽ പോലും സ്ത്രീക്ക് സ്വതന്ത്രമായി വഴി നടക്കാനും വാഹനത്തിൽ സഞ്ചരിക്കാനും ബുദ്ധിമുട്ടുണ്ടാകുന്നു.

### സാധ്യതകൾ

1. കാർഷിക കയർമേഖലയിലെ തൊഴിലാളികൾക്ക് സ്ത്രീ പുരുഷ പരിഗണന കൂടാതെ ന്യായമായ കൂലി ഉറപ്പാക്കണം.

2. സാമൂഹ്യരംഗത്തും, ഭരണരംഗത്തും സ്ത്രീക്ക് കൂടുതൽ അവസരങ്ങൾ നൽകുന്ന നിയമ ഭേദഗതി നടപ്പാക്കുക.

3. തുല്യജോലിക്ക് തുല്യ വേതനം ഉറപ്പാക്കു ക.

4. വ്യവസായ സംരംഭകർക്ക് ഉള്ള വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുക. ഇതിനായി ലഭിക്കുന്ന വായ്പകൾക്ക് ടി സംരംഭം തന്നെ ഈടായി സ്വീകരിക്കേണ്ടതാണ്.

5. സ്ത്രീധനം നിയമം മൂലം നിരോധിക്കുകയും ടി നിരോധനം കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. യുവാക്കൾ സ്ത്രീധനം വാങ്ങുന്നതിൽ നിന്ന് മനപൂർവ്വം ഒഴിഞ്ഞുനിന്നില്ലെങ്കിലും സ്ത്രീധനം ചോദിക്കുന്ന പുരുഷനെ അയാൾ എത്ര ഉന്നതനായാലും ഭർത്താവായി സ്വീകരിക്കുവാൻ ഒരു യുവതിയും തയ്യാറാകാതിരിക്കുകയും ചെയ്യുക.

6. സ്ത്രീപീഡനങ്ങളും ബലാത്സംഗങ്ങളും നടത്തുന്നവരെ വിചാരണ കൂടാതെ വധശിക്ഷക്ക് വിധേയരാക്കുന്ന അറബിരാജ്യങ്ങളുടെ മാതൃക സ്വീകരിക്കാവുന്നതാണ്.


7. ഏതുപ്രായത്തിലുമുള്ള സ്ത്രീക്ക് ഏതു സമയ ത്തും നാട്ടിലെവിടേയും ഭയം കൂടാതെ സഞ്ചരിക്കാൻ കഴിയുന്ന കാലത്ത് മാത്രമേ നമ്മുടെ നാട് സംസ്ക്കാരസമ്പന്നമാണെന്ന് പറയാനൊക്കുവെന്ന സത്യം ഇവിടെ സ്മരിക്കപ്പെടുന്നു. മകളും, സഹോദരിയും, ഭാര്യയും, അമ്മയും എല്ലാമായ സ്ത്രീ ആദരിക്കപ്പെട്ടാൽ അവിടെ ഐശ്വര്യ ദേവത നൃത്തം ചെയ്യും എന്ന മനുസ്മൃതിക്കാരന്റെ മതം ഇവിടെ പ്രസക്തമാകുന്നു.

പട്ടിക 1

ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ വനിതകളെ സംബന്ധിച്ച വിവരം

| | |
|---|---|
| ആകെ വനിതകൾ | 12959 |
| മത്സ്യത്തൊഴിലാളികൾ | 950 |
| പട്ടികജാതി | 2179 |
| പട്ടികവർഗ്ഗം | 10 |
| മറ്റുള്ളവർ | 9820 |
| കൂലിപ്പണി ചെയ്യുന്നവർ | 2255 |
| സർക്കാർ അർദ്ധസർക്കാർ സ്ഥാപനത്തിൽ ജോലി നോക്കുന്നവർ | 1695 |
| തൊഴിൽ ഇല്ലാത്തവർ | 3109 |
| പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ | 5900 |
| വനിതാ സംഘടനകൾ | 5 |
| കൂലി/വേതനനിരക്ക് | 40-45 |

# സഹകരണം



സഹകരണപ്രസ്ഥാനം ഭാരതത്തിൽ ആരംഭിക്കുന്നതുതന്നെ ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലാണ്. കാർഷികരംഗത്താണ് ഇതിന്റെ കേളികൊട്ട് ഉയർന്നത്. എന്നും കടക്കാരനായി നിലകൊള്ളുന്ന കർഷകനെ കടബാദ്ധ്യതയിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ടി 1904 ലെ സഹകരണ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി രൂപം കൊണ്ട കാർഷിക വായ്പാസംഘങ്ങളാണ് ഈ പ്രസ്ഥാനത്തിന് ആരംഭംകുറിച്ചത്.

ഉദയനാപുരംപഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. കൊല്ലവർഷം 1101 ൽ രൂപം കൊണ്ട 1321-ാം നമ്പർ ഗ്രാമീണ സഹകരണ സംഘത്തോടുകൂടിയാണ്. ചെറിയ രീതിയിൽ ആരംഭിച്ച ഈ സ്ഥാപനം തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ വളർന്നു വികസിച്ച് ഇന്നത്തെ ഉദയനാപുരം സർവ്വീസ് സഹകരണ ബാങ്കായി മാറിയത് കഴിഞ്ഞ എഴുപത് വർഷകാലത്തെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായാണ്.

10403 അംഗങ്ങളും 785718 രൂപാ 42പൈസാ. ഓഹരിതുകയും 80 ലക്ഷത്തിൽപരം രൂപ നിക്ഷേപവും ഉള്ള ഒരുവലിയ പ്രസ്ഥാനമായി ഇന്ന് അത് വളർന്നുകഴിഞ്ഞിരിക്കുന്നു. 657530 രൂപക്കുമേൽ വായ്പയായി അംഗങ്ങൾക്കു വിതരണം ചെയ്യാൻ ഈ ബാങ്കിനു കഴിഞ്ഞിട്ടുണ്ട്. ഈപഞ്ചായത്തിൽ തന്നെ പെടുന്ന വല്ലകം പ്രദേശത്ത് ഇതിന്റെ ഒരു ശാഖ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലൊട്ടാകെയുള്ള ആളുകൾക്ക് കൃഷി, വ്യവസായം, ഭൂമിവാങ്ങൽ, ഭവനനിർമ്മാണം, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി വായ്പകൾ നല്കുന്ന ഈ സ്ഥാപനം നമ്മുടെ സാമ്പത്തികമായ വളർച്ചക്ക് താങ്ങും തണലുമായി നിലകൊള്ളുന്നു. അംഗങ്ങൾക്ക് ഡിവിഡന്റ് കൊടുക്കുവാൻ കഴിയാത്തവിധം നഷ്ടത്തിലാണ് എന്നും കാണുന്നു.

## കയർവ്യസായ സഹകരണസംഘങ്ങൾ

പടിഞ്ഞാറെക്കര, വല്ലകം, വടക്കേമുറി, അക്കരപ്പാടം, ശ്രീനാരായണ പുരം, നേരേകടവ് എന്നീ 6 കയർവ്യവസായ സഹകരണസംഘങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ അക്കരപ്പാടത്തുള്ള 57-ാം നമ്പർ കയർ സഹകരണസംഘത്തിൽ ആധുനികരീതിയിലുള്ള യന്ത്രവത്കൃത റാഡുകൾ പ്രവർത്തനംആരംഭിക്കുന്നു എങ്കിലും ഇതുൾപ്പടെയുള്ള കയർ വ്യവസായസഹകരണസംഘങ്ങൾ എല്ലാം തന്നെ ഭീമമായ നഷ്ടത്തിന് വിധേയമായികൊണ്ടിരിക്കുന്നു. ഇവയിൽ ഏറ്റവും രൂക്ഷമായ അടച്ചുപൂട്ടൽ ഭീഷണിനേരിടുന്നത് നേരേകടവ്, വടക്കേമുറി, എന്നിവിടങ്ങളിലെ കയർ വ്യവസായസംഘങ്ങളാണ്. 1153 അംഗങ്ങളുള്ള പടിഞ്ഞാറെമുറി 459-ാം നമ്പർ സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷം ഒന്നരയായി. തൊണ്ടഴുകുന്നതിനും കയർ സ്റ്റോക്കു ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ എല്ലാം ഉണ്ടെങ്കിലും ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വിലലഭിക്കാത്തതുകൊണ്ട് 7ലക്ഷത്തിൽപരം രൂപായുടെ ബാദ്ധ്യതയുമായി ടി സംഘം പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

1980ൽ സ്ഥാപിച്ച ശ്രീനാരായണപുരം കയർ വ്യവസായസഹകരണസംഘത്തിൽ (NO.K.736) 579 അംഗങ്ങളും 182 യൂണിറ്റുമുണ്ട്. ഒരു പൊതുവഴിയുടെ അഭാവം സംഘത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. 20 ശതമാനം ബോണസ്സു നൽകുന്ന ഇവിടുത്തെ തൊഴിലാളികൾക്കു് ശരാശരി 500 മുതൽ 700 വരെ രൂപാ ഈ ഇനത്തിൽ ലഭിക്കുന്നു. ഈ സംഘത്തിന്റെയും പ്രവർത്തനം ആശയ്ക്കുവകനൽകുന്നതല്ല. വല്ലകം പടിഞ്ഞാറെക്കര സംഘങ്ങളും ഒരുവിധം മുന്നോട്ടു നീങ്ങുന്നു എന്നുമാത്രം.

പൊതുവെ കയർ സഹകരണസംഘങ്ങ... 70

ളെല്ലാം തന്നെ പിടിച്ചുനില്ക്കാൻ പറ്റാത്ത ഒരവസ്ഥയിലേക്ക് നീങ്ങുന്നു എന്നത് ഉത്ക്കണ്ഠയുളവാക്കുന്ന കാര്യമാണ്.

## പട്ടികജാതി സർവ്വീസ് സഹകരണസംഘം.

1958ൽ സ്ഥാപിച്ചതും 2685 അംഗങ്ങളുള്ളതുമായ ഈസംഘത്തിലെ 1000 പേർ ഈ പഞ്ചായത്തിലാണ് താമസിക്കുന്നത്. രണ്ടു വർഷത്തിനു മുമ്പുവരെ പാനെയ്ത്ത്, കെട്ടുതെങ്ങ് എന്നീ ഇനങ്ങളിലായി വായ്പനൽകിയിട്ടുണ്ട്. ആ ഇനത്തിൽ 2 ലക്ഷം രൂപാ ഈടാക്കുന്നുണ്ട്. 1995-96 ൽ റെഡിമെയ്ഡ് ഉല്പാദനവും തുടങ്ങിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിനു ആശ്വാസദായകമാണ് ഈ സ്ഥാപനം.

പട്ടികജാതി കൈത്തറി വ്യവസായസഹകരണസംഘം പഞ്ചായത്തു 4-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. വസ്ത്രനിർമ്മാണം, നൂൽനൂല്പ് തുടങ്ങിയവ ഇവിടെനടക്കുന്നു.

ഖാദി ഗ്രാമവ്യവസായത്തിൻകീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റ് ഈ പഞ്ചായത്തിലെ നാലാം വാർഡിൽ ഉണ്ട്. ഇവിടുത്തെ ജോലിക്കാരെല്ലാം തന്നെ വനിതകളാണ്. വളരെതുച്ഛമായ വേതനം മാത്രമേ ഇവർക്ക് ലഭിക്കുന്നുള്ളു.

## വനിതാ വ്യവസായസഹകരണ സംഘം.

പനമ്പുകാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതും വനിതകൾക്കായിട്ടുള്ളതുമായ സംഘമാണ് LK 208/94. 10 മെമ്പറന്മാരുള്ള ഈ സ്ഥാപനത്തിന് സർക്കാരിൽനിന്ന് 84,000രൂപ വായ്പ ലഭിച്ചിട്ടുണ്ട്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ഈ സ്ഥാപനത്തിന്റെ ചുമതലയിൽ നടന്നു വരുന്നു. പത്തു വനിതകൾ ഇവിടെ ജോലിചെയ്യുന്നു.

## പാൽസഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ ക്ഷീരസഹകരണ സംഘത്തിന്റെ 4 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പടിഞ്ഞാറെക്കര, വല്ലകം, ഉദയനാപുരം, നേരേകടവ് എന്നീ 4 പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് ഇവയുടെ പ്രവർത്തനം ഈ 4 സംഘങ്ങളിലും കൂടി 269 ക്ഷീരോല്പാദകർ പ്രതിമാസം 36804 ലിറ്റർ പാല് അളക്കുന്നു. ഇതുസംബന്ധിച്ചുള്ള പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. (പട്ടിക 1 കാണുക)

ഈ സംഘങ്ങളുടെ ചുമതലയിൽ വിവിധതരത്തിലുള്ള സഹായങ്ങൾ ക്ഷീരോല്പാദകർക്ക് നൽകിവരുന്നു. ദീർഘകാലപുൽകൃഷിക്ക് ഹെക്ടറിന് 500രൂപാ വീതം സഹായധനമായും രാസവളമായും നൽകാൻ വ്യവസ്ഥയുണ്ട്. ക്ഷീരോല്പാദകരെ ശരിയായി ബോധവൽകരിക്കുന്നതിനുള്ള കർഷക സമ്പർക്കപരിപാടിയും ക്ഷീരകർഷകർക്കുള്ള പരിശീലനവും നൽകുന്നുണ്ട്. കൂടാതെ ഓരോ ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റിനും 21750രൂപാ സബ്സിഡിയായി നൽകുവാനും പട്ടികജാതികാർക്കുള്ള ഡയറി യൂണിറ്റ് പദ്ധതികളിൽപ്പെടുത്തി ഒരാൾക്ക് 6750 രൂപായും നൽകുന്ന സംവിധാനം നിലവിലുണ്ട്. മാതൃകാ കന്നുകാലിതൊഴുത്തിനും മോഡൽ ഡയറി യൂണിറ്റിനും യഥാക്രമം 1250, 7000വും രൂപാ നൽകിവരുന്നു. ഹ്രസ്വകാല പുൽകൃഷിക്കും, മക്കച്ചോളം, വൻപയർ എന്നിവ കൃഷിചെയ്യുന്നതിനും സാമ്പത്തികസഹായം കർഷകർക്ക് നൽകാൻ പരിപാടിയുണ്ട്.

ഇങ്ങനെ അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ ശ്രദ്ധാപൂർവ്വം വളർത്തിയും അവയിൽനിന്ന് കൂടുതൽ പാൽ ഉല്പാദിപ്പിച്ചും പാൽവില കാര്യമായി വർദ്ധിച്ചില്ലെങ്കിൽപോലും ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ ഉൽപ്പാദനച്ചെലവു കുറച്ച് ഇത് തടയാനും ഈ രംഗത്തും ഒരു വലിയ മാറ്റം വരുത്തുവാൻ നമുക്കു സാധിക്കും.

## സാദ്ധ്യതകൾ

1. സർവ്വീസ് സഹകരണ ബാങ്കു മുഖേനയുള്ള കാർഷികവായ്പ തുക വർദ്ധിപ്പിച്ചും പലിശനിരക്കു കുറച്ചും കർഷകനു ഗുണകരമാക്കി തീർക്കുക.
2. ഉദയനാപുരം സിന്റിക്കേറ്റുബാങ്കിലെ പോലെ കർഷകൻ കരം തീർത്തരസീതും കൈവശാവകശകാരസർട്ടിഫിക്കറ്റും ഹാജരാക്കി ബോൺഡുകൊടുത്തു കാർഷിക വായ്പ എടുക്കത്തക്കവിധം വായ്പാ പദ്ധതി ഉദാരമാക്കുകയും വായ്പാ തുക ബൈലാഭേദഗതിക്കു വിധേയമായി ഉയർത്തുകയും ചെയ്യുക.
3. അംഗങ്ങൾക്ക് ന്യായമായ ലാഭവിഹിതം ഉറപ്പാക്കുക.
4. കയർ സഹകരണസംഘങ്ങളിൽ നിന്നും

ഉൽപ്പാദനചെലവിന് ആനുപാതികമായി വില കൊടുക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സമയത്ത് ബോണസ്സ് നൽകാതിരിക്കുകയും ചെയ്യുക.


5. ഉൽപ്പന്നങ്ങൾ സ്വകാര്യ ഏജൻസിക്കു വിൽക്കാൻ സ്വാതന്ത്ര്യം നൽകുകയും അതിലൂടെ കൂടുതൽ വില ലഭിക്കാൻ സൗകര്യം ഉണ്ടാക്കുയും ചെയ്യുക.

6. അടച്ചുപൂട്ടൽ നേരിടുന്ന സംഘങ്ങളെ വായ്പയും മറ്റ് ആനുകൂല്യങ്ങളും നൽകി സഹായിക്കുവാൻ സർക്കാർ മുൻകൈ എടുക്കുക.

7. ഖാദി, കൈത്തറി സംഘങ്ങളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി കൊടുക്കുവാനും അതിനനുസൃതമായി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുവാനും ശ്രമിക്കേണ്ടതാണ്.

8. സൊസൈറ്റികളിൽ നിന്നും പ്രാദേശികമായി വില്കുന്ന പാലിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പ്രത്യേക സംവിധാനം ആവശ്യമാണ്.

9. വൈക്കം ബ്ലോക്ക് പട്ടികജാതി സഹകരണ സംഘത്തിന് D.C.B. ലോൺ ലഭ്യമാക്കുക.



# പട്ടികജാതി പട്ടികവർഗ്ഗം

പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധ ത്തിൽ യൂറോപ്യൻ മിഷ്യനറിമാരുടെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങളുടെ ഫലമായി കേരളീയ സാമൂഹ്യ അന്തരീക്ഷത്തിൽ മാററത്തിന്റെ ചലനങ്ങൾ ഉണ്ടായി. കാട്ടുപുല്ലിനു സമൻമാരായിരുന്ന പുലയൻ, പറയൻ, കൊറവൻ തുടങ്ങിയവരൊക്കെ അടിമക്കമ്പോളത്തിൽ വിലപേശി വിററുപോന്നിരുന്ന ഇരുകാലിമാടുകളായിരുന്നു. ശിക്ഷാവിധിയും സാമൂഹ്യ വിലക്കുകളും "ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ള" ഇക്കൂട്ടരെ കാളക്കൊപ്പം നുകം വച്ചുകൊട്ടി ഉഴാറുണ്ടായിരുന്നുവെന്നു പറഞ്ഞാൽ ഇന്നത്തെ തലമുറക്ക് വിശ്വസിക്കാൻ പ്രയാസംതോന്നും. സാംസ്കാരിക ജീവിതത്തിൽനിന്നും പുറംതള്ളി യിരുന്ന ഈ കാലഘട്ട ത്തിലായിരുന്നു ഈസ്റ്റിൻഡ്യാ കമ്പനിയുടെ പിൻബലത്തോടെ മിഷ്യനറി പ്രവർത്തനം തിരുവിതാംകൂറിൽ ആരംഭിക്കുകയും ഈഴവർ, പുലയർ, പറയർ, കൊറവർ, നാടാർ തുടങ്ങിയ അയിത്തജാതിക്കാർ ജാതിക്രൂരതകളിൽനിന്നും രക്ഷനേടാനുള്ള ഒരുപാധിയായി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടാൻ നിർബന്ധിതരാകുകയും ചെയ്യത്.

ഈ കാലഘട്ടത്തിൽ അയ്യംകാളിയും വെള്ളിക്കര ചോതിയും ചേർന്ന് സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ചങ്ങനാശേരി, തിരുവല്ല, കോട്ടയം, വൈക്കം എന്നീ പ്രദേശങ്ങളിൽ സാധുജനപരിപാലന സംഘത്തിന്റെ ശാഖകളുണ്ടായിരുന്നു. അധ:കൃതസമുദായങ്ങളുടെയെല്ലാം ക്ഷേമമാ യിരുന്നു ലക്ഷ്യം.

ഭാരതചരിത്രത്തിന്റെ ഏടുകൾ മറിക്കുമ്പോൾ സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങളും പ്രക്ഷോഭസമരങ്ങളും ശക്തിയാർജിച്ച ഈ കാലഘട്ടത്തിൽ ദേശീയവിമോചനപ്രസ്ഥാനം ശക്തിയാർജിച്ചുതുടങ്ങിയപ്പോൾ സാമൂഹ്യനീതിയുടെ പ്രശ്നങ്ങൾ മുൻപന്തിയിലേക്കുവന്നു. സവർണ്ണർ ഉപയോഗിച്ചിരുന്ന പൊതുനിരത്തുകൾ, ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയവയെല്ലാം അവർണ്ണർക്കു നിരോധിക്കപ്പെട്ടിരുന്നു. ക്രൂരമായ ഈ വിവേചനത്തിന് എതിരായി നടന്ന പ്രവർത്തനങ്ങളുടേയും സമരങ്ങളുടേയും ഉജ്വലമായ ഒരു ചരിത്രം നമ്മുടെ രാജ്യത്തിനുണ്ട്. കേരളത്തിൽ വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയ സമരങ്ങൾ ഇതിന്റെ ഭാഗമായിരുന്നു. ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയത് സർവ്വശ്രീ: ചങ്ങനാശേരി പരമേശ്വരൻപിള്ള, മന്നത്തുപത്മനാഭൻ, എ.കെ.ജി., കേളപ്പജി തുടങ്ങിയ നേതാക്കന്മാരായിരുന്നു. ദേശീയപ്രസ്ഥാനവുമായി ഇതിനെ ബന്ധപ്പെടുത്തി അനുഗ്രഹിക്കാൻ ഗാന്ധിജിയെ പ്പോലുള്ള മഹാന്മാരും ശ്രീനാരായണഗുരുവിനെ പ്പോലുള്ള സാമൂഹ്യപരിപൂർത്താക്കളും ഈ പ്രസ്ഥാനത്തിനു വേണ്ടത്ര പ്രേരണയും പ്രചോദനവും നൽകിയിട്ടുണ്ട്.

തുടർന്നുനടന്ന നിരന്തരമായ സമരങ്ങളുടെയും അവകാശവാദങ്ങളുടെയും ഫലമായി ക്ഷേത്രപ്രവേശനം, സഞ്ചാരസ്വാതന്ത്ര്യം, അവസരസമത്വം, വിദ്യാഭ്യാസ സൗകര്യം തുടങ്ങിയവ നേടിയെടുക്കുവാൻ ദശാബ്ദങ്ങൾ തന്നെ വേണ്ടിവന്നു. സ്വാതന്ത്ര്യ പ്രാപ്തിയോടെ ഭരണഘടനാദത്തമായ കൂടുതൽ ആനുകൂല്യ ങ്ങളും പരിരക്ഷകളും ഈ വിഭാഗത്തിനു ലഭിച്ചതു എടുത്തുപറയേണ്ടയൊരുകാര്യമാണ്. എങ്കിലും ഇന്നും നമ്മുടെ നാടിന്റെ ചില ഭാഗങ്ങളിലെങ്കിലും വഞ്ചിതിരിനക്കരതന്നെനിൽക്കുന്നു.

ഹരിജനക്ഷേമവകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളും വകുപ്പുകളും ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിലുള്ള നിയമങ്ങളുടെ സങ്കീർണ്ണതകളും യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിൽ വരുന്ന അപാകതകളും പിഴവുകളും ഇപ്പോഴും അവശേഷിക്കുന്നു. പലപ്പോഴും ഇതിന്റെ ആനുകൂല്യം മററുള്ളവർ കവർന്നെടുക്കുന്നു എന്നുപോലും കാണാവുന്നതാണ്. ഈ വിഭാഗക്കാർക്ക് ഭരണഘടനാദത്തമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ വ്യാജമായ

ജാതിസർട്ടിഫിക്കററുകൾ സമ്പാദിച്ച് മററുള്ളവർ കവർന്നെടുക്കുന്നതുപോലും തടയുവാൻ നമ്മൾക്കു സാധിച്ചിട്ടില്ല. ഇതിനാവശ്യമായ ബോധവൽക്കരണം കൊണ്ടു മാത്രമേ ഈ പ്രശ്നത്തിനു പരിഹാരം സാദ്ധ്യമാവൂ.

നമ്മുടെ പഞ്ചായത്തിലൊട്ടാകെ പട്ടികജാതിയിൽപ്പെട്ട (91 ലെ സെൻസസ്സ് പ്രകാരം) 654 കുടുംബങ്ങളിലായി 2592 പുരുഷന്മാരും 2737 സ്ത്രീകളും ഉൾപ്പെടെ 5329 പേർ അധിവസിക്കുന്നു. ഇതിനുംപുറമേ പട്ടികവർഗ്ഗത്തിൽപ്പെട്ട 7 കുടുംബങ്ങളിലായി 13 പുരുഷന്മാരും 10 സ്ത്രീകളു മുൾപ്പെടെ 23 പേർ വേറെയുമുണ്ട്. ഇവരിൽ 83% സാക്ഷരർ ഉണ്ടെന്ന് കണക്കുകൾകൊണ്ടു കാണുന്നു ണ്ടെങ്കിലും ഉയർന്ന വിദ്യാഭ്യാസവും ഉന്നതമാ യ ഉദ്യോഗവും നേടിയിട്ടുള്ളവരുടെ എണ്ണം കേവലം രണ്ടരശതമാനം മാത്രമാണ്. ഇതിൽ ദേശീയനിലവാരത്തിൽ എത്തിചേർന്നി ട്ടുള്ളത് കേവലം ഒരാൾമാത്രമാണെന്നു കാണാം. സാമൂഹ്യമായ നിലവാരത്തിൽ മാത്രമല്ല സാമ്പത്തികമായ മേഖലയിലും ഇന്നും ഒരു ചെറിയവിഭാഗം മാത്രമേ മെച്ചപ്പെട്ടിട്ടുള്ളു. സാമ്പത്തികരംഗത്തുള്ള നിലവാരക്കുറവും സാഹചര്യത്തിന്റെ പരിമിതിയും ഇതിനുള്ള കാരണങ്ങളിൽ ഒന്നാണെന്നുകാണുന്നു. പട്ടികജാതിക്കാരുടെ കോളനിവൽക്കരണം ഈ വിഭാഗക്കാരുടെ ഭൗതികവും സാംസ്ക്കാരി കവുമായ വളർച്ചക്ക് വിലങ്ങുതടിയാകുന്നു. സമൂഹത്തിന്റെ വിവിധതലങ്ങളിലുള്ള വരുമായി ഇടപഴകാൻ കഴിയാതെ ഒററപ്പെട്ടുകഴിയുന്നതു മൂലം വളർച്ചമുര ടിക്കുന്നു. ഇത്തരം കോളനികളിൽ വേണ്ടത്ര വെള്ളമോ വെളിച്ചമോ ശുചിത്വമോ അടിസ്ഥാനസൗകര്യങ്ങളോ ലഭിക്കാതെ അജ്ഞതയ്ക്കും രോഗത്തിനും സാംസ്ക്കാരി കച്ചതിക്കും വിധേയരാകുന്നു.

ഭൂപരിഷ്ക്കരണനിയമത്തിന്റെ ഫലമായി സ്വന്തമായി ഭൂമിയും പാർപ്പിടവും സിദ്ധമായതോടെ സാമ്പത്തികമായ നേട്ടം കുറഞ്ഞെങ്കിലും ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിക്കു കയും അതോ ടൊപ്പം തൊഴിൽസാദ്ധ്യതകൾ ചുരുങ്ങുകയും ചെയ്തു. തന്മൂലം പരമ്പരാഗതമായി സ്വീകരിച്ചുപോന്ന കാർഷികവൃത്തി വെടിഞ്ഞ് നിർമ്മാണരംഗത്തേക്കും അതു പോലുള്ള മററുമേഖലകളിലേക്കും തൊഴിൽ തേടിഇറങ്ങിത്തിരിക്കുവാൻ ഇവർ പ്രത്യേ കിച്ചും യുവതലമുറ നിർബന്ധിതരായി. കാർഷികമേഖല യിലെ തളർച്ച ഇതിനാക്കം വർദ്ധിപ്പിച്ചു. ഇതിനുംപുറമെ തലമുറകളായി കൈകാര്യം ചെയ്തുപോന്ന പായനെയ്ത്ത്, മത്സ്യബന്ധനം, പുല്ലുചെത്ത് എന്നീവേല കളിൽനിന്നും ആളൊഴി ഞ്ഞുപോരുന്ന ഒരു സ്ഥിതിവിശേഷം കാണുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ ജീവിതരീതിക്കുതന്നെ വൻപിച്ചയൊരു വ്യതിയാനം രൂപംകൊള്ളുന്നതായി കാണ പ്പെടുന്നു. എന്നാൽ ഭരണഘടനാദത്തമായ വ്യവസ്ഥകളും ആനുകൂല്യങ്ങളും നിലവിലുണ്ടെങ്കിലും വേണ്ടത്രയാളു കളെ ഉൾക്കൊള്ളാൻ ഈ വ്യവസ്ഥകൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല. തന്മൂലം തൊഴിലില്ലായ്മയുടെ ഭീഷണി ഈ വിഭാഗത്തെയിന്നും തുറിച്ചുനോ ക്കുന്നു. 654 പട്ടികജാതികുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും 5% കുടുംബ ങ്ങൾക്ക് ഇനിയും സ്വന്തമായി വീട് ഉണ്ടാ യിട്ടില്ല. വീടുള്ളവർക്കുപോലും വേണ്ടത്ര കതകുകളോ, ജനലുകളോ സുരക്ഷിതത്വമോ ഇല്ലാത്തതും, മുൻകാലത്ത് പണിയിച്ചു കൊടുത്ത വീടുകളിൽ പലതും ചോർന്നൊലി ക്കുന്നതും കേടുപാടുകൾ പററിയതുമാണ്. ഇപ്പോൾ നിർമ്മിക്കുന്ന വീടുകൾക്കുപോലും മുൻപുനിശ്ചയിച്ച നിരക്കിലുള്ള തുക തീർത്തും അപര്യാപ്തമാണ്. നിർമ്മാണ സാമഗ്രികളുടെ വിലയിലും കൂലിയിലും ഉണ്ടായ വർദ്ധനമൂലം പൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്നു. കാലാനുസൃതമായി വർദ്ധിപ്പിച്ചനിരക്കുകൾ അനുവദിക്കുന്നതു കൊണ്ടുമാത്രമെ ഈ അവസ്ഥ മാററാൻ കഴിയൂ. നിർമ്മിക്കപ്പെട്ട പാർപ്പിടങ്ങളിൽ വെള്ളവും വെളിച്ചവും ലഭ്യമാക്കണം.

ഇവിടത്തെ പട്ടികജാതിക്കാരിൽ കൂലിവേലക്കാരായ രക്ഷിതാക്കളുടെ കുട്ടികളിൽ നല്ലൊരുവിഭാഗം പ്രൈമറി, മിഡിൽസ്ക്കൂൾ തലങ്ങളിൽ വച്ചുതന്നെ പഠിത്തം നിറുത്തുന്നു. ഈ കാര്യത്തിൽ മാതാപിതാക്കൾക്കുള്ള കാഴ്ചപ്പാട് മാറേണ്ടിയിരിക്കുന്നു. ഹൈസ്ക്കൂൾ തലത്തിലും കോളേജുതലത്തിലും എത്തിച്ചേരുന്ന പട്ടികജാതി വിഭാഗത്തിൽ പ്പെട്ട കുട്ടികളുടെ എണ്ണം ഗണ്യമായി കുറയാൻ ഇത് ഒരു പ്രധാന കാരണമാകുന്നു.

തൊഴിൽ സൗകര്യത്തെ മുൻ നിറുത്തി നെൽപ്പാടങ്ങളുടെ ഇറമ്പുകളിലും

വെള്ളക്കെട്ടുള്ള താഴ്ചപ്രദേശങ്ങളിലും ആണ് ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാരും താമസിക്കുന്നത്. അവർക്ക് പാർപ്പിടമായി ലഭിച്ചതുളടമക്ക് ഉള്ളതിൽ ഏററവും മോശമായ സ്ഥലം ആണ് എന്നതാണിതി നുകാരണം. ഈ പാർപ്പിടങ്ങൾ രോഗസാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ജീവിതസൗകര്യങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിയൊരു വലിയ പ്രശ്നമാണ്. ഈ പഞ്ചായത്തിലെ 654 പട്ടികജാതി കുടുംബങ്ങളിൽ 195 വീടുകൾക്കുമാത്രമേ മതിയായസൗകര്യമുള്ള കക്കൂസുകൾ ഉള്ളുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ഇപ്പോഴും സാമൂഹ്യമായി ഈ വിഭാഗത്തിന് വേണ്ടത്ര അംഗീകാരമോ, പരിഗണനയോ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിലെങ്കിലും ലഭ്യമാകുന്നില്ല. ഇവരുടെ വിവാഹാദിച ടങ്ങുകളിൽ ഇതരസമുദായത്തിൽപ്പെട്ടവർ സർവാത്മനാ പങ്കെടുക്കുകയോ അവരുടെ അത്തരം ചടങ്ങുകളിൽ ഈ വിഭാഗക്കാരെ പങ്കെടുപ്പിക്കുകയോ ചെയ്യാത്ത സ്ഥിതിവിശേഷം ഇന്നും നമുക്ക് അന്യമല്ല. ഇത് മാനസികമായി ഒരു അപകർഷതാബോധം ഉണർത്താൻ ഇട നൽകുന്നു. അപൂർവ്വം ചില സ്ഥലങ്ങളിൽ ജാതിപ്പേരുകൂട്ടി വിളിക്കുന്ന രീതി ഇപ്പോഴും നിലവിലുണ്ട്.

സാദ്ധ്യതകൾ

1. പരമ്പരാഗതമായി സ്വീകരിച്ചുപോന്ന കാർഷികവൃത്തി ഉപേക്ഷിച്ച് വ്യവസായിക രംഗം ഉൾപ്പെടെയുള്ള ഇതരമേഖലകളിൽ സ്വയം തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക മേഖല തുറക്കുക.

2. സാമൂഹ്യമായ പദവി ഉയർത്തുന്നതിന് ഉതകുന്ന വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കു കയും ചെയ്യുക. ഇതിന് കുട്ടികൾക്കു മാത്രമല്ല രക്ഷിതാക്കൾക്കും ബോധവൽക്കരണം കൂടിയേ തീരൂ.

3. ഇതിന് പ്രത്യേക ഏജൻസികൾ സാക്ഷരതായജ്ഞത്തിലെന്നപോലെ ഉണ്ടാക്കുന്നത് അഭികാമ്യമാണ്.

4. പാർപ്പിടങ്ങൾക്ക് അനുവദിക്കുന്ന നിലവിലുള്ള ആനുകൂല്യത്തിന്റെ തോത് കാലാനുസൃതമായി ഉയർത്തുകയും അത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

5. കഴിവതും കോളനിവൽക്കരണം വെടിഞ്ഞ് സമൂഹത്തിലെ ഇതരവിഭാഗക്കാരുമായി ഇടകലർന്ന് ജീവിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക. പൊതുചടങ്ങുകളിൽ സാമുദായിക മായ വിവേചനം കാണിക്കുന്നത് തടയുക. സ്വയംതൊഴിലാനുകൂല്യങ്ങൾ യഥാർത്ഥഗുണ ഭോക്താക്കൾക്ക് മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്. ഇത് തട്ടിയെടുക്കുവാൻ ഇടത്തട്ടുകാരെ ഒരുകാരണവശാലും അനുവദി ക്കാതിരിക്കുക.

6. പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള പഞ്ചായത്തിൽ അവരുടെ ജനസംഖ്യാനുപാതികമായിട്ടുള്ള തുക വികസനപദ്ധതികളിൽ ഉൾപ്പെടുത്തണം.

7. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുണ്ടാകുന്ന തൊഴിൽമേഖലകളിലും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രാധിനിധ്യം ഉറപ്പുവരുത്തുക. നാലാംവാർഡിലെ പട്ടികജാതി കൈത്തറി നെയ്ത്തു പരിശീലനകേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കണം.

8. വൈക്കപ്രയാർ ഭാഗത്തുള്ള കളിമൺ വ്യവസായ തൊഴിലാളികൾക്ക് നിലവിലുള്ള സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ഈ വ്യവസായത്തെ പോഷിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളണം.

9. പഞ്ചായത്തിലെ പടിഞ്ഞാറൻ തീരപ്രാദേശത്തും, വൈക്കപ്രയാർ, ഇരുമ്പൂഴിക്കര ചാലകം, കൊടിയാട് ഭാഗങ്ങളിലുള്ള പട്ടികജാതി മത്സ്യതൊഴിലാളികൾക്ക് ഉൾനാടൻജലാശയ ങ്ങളിലും കുളങ്ങളിലും മത്സ്യകൃഷി പ്രോത്സാ

ഹിപ്പിക്കുകയും ആ പ്രദേശങ്ങളിൽ മത്സ്യസംസ്ക്കരണയൂണിററുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

10. സഹകരണാടിസ്ഥാനത്തിൽ തഴപ്പായനെയ്ത്തു വ്യവസായത്തെ പുനരുദ്ധരിച്ച് ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വരുത്തുക.

11. ഇതിനുവേണ്ടി പട്ടികജാതി വിഭാഗത്തിനു ഒമ്പതാം പദ്ധതിയിൽ കൂടുതൽ തുക അനുവദിക്കേണ്ടതാണ്.

പട്ടികജാതി വർഗ്ഗക്കാർക്ക് അർഹമായ സാമൂഹ്യനീതിയും അവകാശ സമത്വവും ആത്മാഭിമാനവും വളർത്തികൊണ്ടുവന്ന് അവരെ ഇതരവിഭാഗങ്ങൾക്കൊപ്പം സമൂഹത്തിന്റെ പുരോഗതിയുടെ പങ്കാളികളാക്കി തീർക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ കടമയാണ്.



# വിഭവസമാഹരണം.

ഒൻപതാം പഞ്ചവത്സരപദ്ധതി പ്രാവർത്തികമാക്കുന്നതിന് സർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ മാത്രം ഒതുങ്ങി നില്ക്കാൻ നമുക്കാവില്ല. പ്രസ്തുത തുകയ്ക്കും പുറമേ സമാഹരിക്കാവുന്നതിന്റെ പരമാവധി വിഭവങ്ങളുടെ സഹായത്തോടെ ഈ ജനകീയ പദ്ധതിയുടെ ചക്രവാളം കൂടുതൽ വികസ്വരമാക്കേണ്ടത് ആവശ്യമാണ്.

ഉല്പാദന പ്രക്രിയയിൽ അതിപ്രധാനമായ മൂന്ന് ഘടകങ്ങളാണ് പ്രകൃതിവിഭവം, മനുഷ്യശേഷി മൂലധനം എന്നിവ. ഇവയിൽ ആദ്യത്തേതു പരിമിതവും രണ്ടാമത്തേത് ധാരാളമായും നമുക്കുണ്ട്. എന്നാൽ മൂലധനത്തിന്റെ കുറവ് നമ്മുടെ വികസനത്തിന് തടസ്സമാകാൻ അനുവദിക്കാവുന്നതല്ല. തൊഴിലാളികൾ ധാരാളമായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ മനുഷ്യവിഭവശേഷിക്ക് ഉള്ള വമ്പിച്ച സാധ്യതകൾ തള്ളിക്കളയാനാവില്ല എന്നാൽ ധനത്തിന്റെ കാര്യത്തിൽ ചിത്രം തികച്ചും വ്യത്യസ്തമാണ്. പദ്ധതി ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ ധനം പഞ്ചായത്തിന്റെ സാമ്പത്തിക പരിധിക്കതീതമായതിനാൽ മറ്റു മാർഗ്ഗങ്ങളെ ആശ്രയിക്കാതെ പറ്റുകയില്ല. പഞ്ചായത്തിന്റെ വരുമാനം പട്ടികയായി ചേർത്തിരിക്കുന്നു. (പട്ടിക 1 നോക്കുക)

കെട്ടിടനികുതി, സർവ്വീസ് നികുതി, തൊഴിൽ നികുതി, മാർക്കറ്റ്സ്റ്റാൾ തുടങ്ങിയിനങ്ങളിലായി ലഭിക്കുന്ന മൊത്തം വരുമാനവും ഗ്രാന്റുകളുൾപ്പടെ ഈ പഞ്ചായത്തിന്റെ വാർഷികവരുമാനം 1157277 രൂപയാണെന്ന് കാണുന്നു. ഒരു സിനിമാശാലയോ, വ്യവസായശാലയോ ഇല്ലാത്ത ഈ പഞ്ചായത്തിന്റെ വികസനത്തിന്ന് മറ്റു മേച്ചിൽപ്പുറങ്ങളെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഒരു ദേശസാൽകൃത ബാങ്കും, ഒരു സഹകരണ ബാങ്കും അതിന്റെ ശാഖയും സ്വകാര്യമേഖലയിലുള്ള നാലോ അഞ്ചോ ധനകാര്യസ്ഥാപനങ്ങളും ഉൾപ്പെടെ നമുക്കാശ്രയിക്കുവാൻ കഴിയുന്ന കേന്ദ്രങ്ങളുടെ എണ്ണം കൈവിരലിലൊതുങ്ങുന്നു. ഇതര സ്ഥാപനങ്ങളുടെ എണ്ണം പട്ടിക 2ൽ ചേർത്തിരിക്കുന്നു. (പട്ടിക 2 കാണുക).

വ്യക്തികളിൽ നിന്നും സംഭാവനയായി ലഭിക്കാവുന്ന തുകയും പരിമിതമാണ്. സമ്പന്ന വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ എണ്ണം താരതമ്യേന കുറവാണെന്നുള്ളതാണ് ഇതിനു കാരണം. മറ്റു പ്രദേശങ്ങളുലെ പോലെ ഗൾഫ് നാടുകളിൽ പോയി പണിയെടുക്കുന്നവർ ഉണ്ടെങ്കിലും അവരുടേയും എണ്ണം കുറവാണ്. ആ നിലക്ക് ആവഴിക്കുള്ള വരുമാനത്തിനും പരിമിതികളുണ്ട്.

## പ്രശ്നങ്ങൾ

1. കച്ചവടസ്ഥാപനങ്ങൾ, തൊഴിൽശാലകൾ മറ്റുപൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കുറവും, അഭാവവും വരുമാനത്തിൽ ഇടിവുണ്ടാക്കുന്നു.
2. കെട്ടിടനികുതി ഏകികൃതമാക്കി പരിഷ്കരിക്കാത്തതുമൂലം വരുമാനത്തിൽ വലിയ കുറവ് അനുഭവപ്പെടുന്നു.
3. വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കുന്നില്ല.
4. ബാങ്കുകൾ തൊഴിൽസ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ സന്നദ്ധമാണെങ്കിലും വൈദ്യുതിയുടെ അഭാവം മൂലം ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നില്ല.

## സാധ്യതകൾ

1. പുതിയ കച്ചവട സ്ഥാപനങ്ങൾ തുടങ്ങുവാൻ പ്രേരിപ്പിക്കുകയും അതിലൂടെ ലൈസൻസ് ഫീസും വിറ്റു വരവു നികുതിയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സ്രോതസ്സുകളാക്കി മാറ്റണം.
2. ഒരു സിനിമാശാലയെങ്കിലും പഞ്ചായത്തതിർത്തിക്കുള്ളിൽ ആരംഭിച്ച് വിനോദ

നികുതിയിനത്തിലുള്ളവരുമാനമുണ്ടാക്കാം.

3. വൈദ്യുതി വിതരണത്തിന്റെ നിയന്ത്രണം പഞ്ചായത്തിന്റെ ചുമതലയിലാക്കുകയും പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ വൈദ്യുതിനല്കുകയും ചെയ്യണം. ഇങ്ങനെ ചെയ്താൽ ആ രംഗത്തു നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാം.

4. വികസനപ്രവർത്തനത്തിനുള്ള സന്നദ്ധ സംഘടനകൾ രൂപീകരിച്ച് അവരുടെ ചുമതലയിൽ ഉണ്ടാക്കുന്ന സഹകരണ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങുന്ന വായ്പാ സഹായങ്ങൾ വികസന പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുക.

5. വരുമാനമുള്ള എല്ലാവ്യക്തികളിൽ നിന്നും വരുമാനത്തിനാനുപാതിമായ നികുതി ഈടാക്കുക.

6. സർവ്വോപരി പഞ്ചായത്തിന് ലഭിക്കേണ്ട എല്ലാ നികുതികളും അതതു കാലത്ത് കർശനമായി പിരിക്കാൻ സംവിധാനം ഉണ്ടാക്കണം. ഈ നികുതി പിരിവിന് ഇൻസെന്റീവ് നല്കിയാലും തെറ്റില്ല.

ഇങ്ങനെ പ്രകൃതി വിഭവങ്ങളായും പണമായും, മനുഷ്യശേഷിയായും ലഭിക്കാവുന്ന എല്ലാ വിഭവങ്ങളും പരമാവധി സമാഹരിച്ച് ഈ വികസനപ്രവർത്തനവുമായി നമുക്കു ബഹുദൂരം മുന്നോട്ടുപോകാം.

### പട്ടിക 1
### പഞ്ചായത്തിന്റെ വരവ്

| ഇനം | Rs. | Ps. |
|---|---|---|
| കെട്ടിട നികുതി | 135237 | 40 |
| വിളക്കു വെയ്പ്പു നികുതി | 49395 | 60 |
| തൊഴിൽ നികുതി | 49395 | 60 |
| നാനാടം മാർക്കറ്റ് നികുതി | 21000 | |
| P.L.O ലൈസൻസ് നികുതി | 3579 | |
| P.R.A ലൈസൻസ് നികുതി | 732 | |
| മാർക്കറ്റ് സ്റ്റാൾ നികുതി | 8190 | |
| ഗ്രാന്റുകൾ | 247792 | |
| ഉപാധിരഹിത ഫണ്ട് | 304440 | |
| JRY | 289800 | |
| Total | 1157277 | |

### പട്ടിക 2

| പഞ്ചായത്തിലെ ഇതരസ്ഥാപനങ്ങൾ | | |
|---|---|---|
| 1. | ദേശസാൽകൃത ബാങ്ക് | 1 |
| 2. | സഹകരണ ബാങ്ക് | 1+1 |
| 3. | സഹകരണ സംഘങ്ങൾ | 12 |
| 4. | മറ്റു ധനകാര്യസ്ഥാപനങ്ങൾ | 4 |
| 5. | പോസ്റ്റാഫീസ് | 3 |
| 6. | ടെലിഫോൺ കണക്ഷൻ | 168 |
| 7. | S.S.I. യൂണിറ്റ് | 65 |
| 8. | D.W.C.R.A. യൂണിറ്റ് | 3 |
| 9 | റൈസ്മിൽ | 6 |
| 10 | മാർക്കറ്റ് | 2 |
| 11. | സ്ട്രീറ്റ് ലൈറ്റ് | 316 |

# ഉപസംഹാരം


1997 ഏപ്രിൽ ഒന്നിന് നടപ്പാകാൻ പോകുന്ന ഒൻപതാം പഞ്ചവത്സര പദ്ധതി നമ്മെ സംബന്ധിച്ചിടത്തോളം ഒരു മഹാസംഭവമായി മാറുകയാണ്. പതിറ്റാണ്ടുകളായി നിലനിന്നു പോന്ന വികസന സങ്കല്പങ്ങളുടെ വിഗ്രഹഭഞ്ജനം നടത്തി വികലവും ഉന്നതവുമായ പുത്തൻ വികസന സങ്കല്പത്തിന്റെ ആധുനിക ബിംബങ്ങളെ തത്സ്ഥാനത്തു പ്രതിഷ്ഠിക്കുന്നു എന്നതാണ് ഒൻപതാം പദ്ധതിയുടെ മുന്നോടിയായ ഈ ജനകീയാസൂത്രണപരിപാടിയുടെ പ്രത്യേകത. ഒൻപതാം പദ്ധതി ഊന്നൽ നല്കുന്നത് ഉല്പാദന വർദ്ധനയ്ക്കാണ്. മുൻകാലങ്ങളിലെപ്പോലെ വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം എന്നീ മൂന്നു കാര്യങ്ങളിൽ ഒതുങ്ങുന്നതല്ല ഇപ്പോൾ വികസനത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട്. മാത്രവുമല്ല ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ തൊട്ട് പദ്ധതികൾ നടപ്പാക്കുന്നതു വരെയും ഉള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒന്നാണ് ഈ സമീപനം. അഴിമതിയും സ്വജനപക്ഷപാതവും നടത്തി തഴമ്പിച്ച മനസ്സുകൾക്ക് ഈ പുത്തൻ സമീപനം അത്ര രുചികരമായി കൊള്ളണമെന്നില്ല. ഇന്ത്യയുടെ വിദേശ കടത്തിനടുത്തു വരുന്ന സംഖ്യ ഏതാനും ചിലരുടെ അധീനതയിൽ കെട്ടിക്കിടക്കുന്ന കാര്യം ഇന്നൊരു രഹസ്യമല്ലല്ലോ. അത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാനും അഴിമതിരഹിതമായ ഒരു പുത്തൻ സാമൂഹ്യ വ്യവസ്ഥ ഇവിടെ നിലനിന്നുകാണാനും കൊതിക്കുന്ന ഒരു ജനത ഇവിടെയുണ്ട്. ഈ നാടിന്റെ മുഴുവൻ വിഭവങ്ങൾക്കും അവരും അവകാശികളാണ്. ആ വിഭവങ്ങളെല്ലാം ആരുടേയും സ്വന്തമാകാതെ മുഴുവൻ പേർക്കും അനുഭവിക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനമാണ് നമ്മുടെ ലക്ഷ്യം. ഒരു ചോർച്ചയും കൂടാതെ പദ്ധതിയുടെ മുഴുവൻ വിഹിതവും ജനങ്ങൾക്ക് പ്രയോജനപ്പെടാൻ പോവുകയാണ്. ഈ പ്രക്രിയയിൽ വനിതകളുടേയും പട്ടികജാതിക്കാരുടേയും വമ്പിച്ച പങ്കാളിത്തം കൂടിയേ തീരൂ.

വിശേഷാൽ ഗ്രാമസഭകൾ മുതൽ ഈ റിപ്പോർട്ടിനെ തുടർന്നുണ്ടാകുന്ന പ്രോജക്ടുകൾ വരെ നാം താണ്ടിയതും ഇനി താണ്ടാനുള്ളതുമായ വഴി ക്ലേശവും ബുദ്ധിമുട്ടും നിറഞ്ഞതായിരുന്നു. ഒരു നല്ലസംഖ്യ വരുന്ന പ്രവർത്തകരുടെ നിരന്തരമായ പ്രയത്നം ആവശ്യമായ ഈ പ്രക്രീയയിൽ പലരും കൈവെടിഞ്ഞ് പോയെങ്കിലും തളരാതെ രംഗത്ത് ജാഗ്രതയായി നിലകൊള്ളാൻ ലഭിച്ചപ്രചോദനവും പ്രേരണയും നന്ദിപൂർവ്വം സ്മരിക്കുന്നു. താരാട്ടുപാടേണ്ട കൈകൾപോലും നിഷ്ക്രിയമായപ്പോഴും ജനോപകാരപ്രദമായ ഈ മഹാസംഭവത്തിൽനിന്ന് ഭീരുക്കളെപ്പോലെ ഓടിയൊളിക്കാൻ മനസ്സില്ലാത്തതുകൊണ്ട് ഞങ്ങൾ പിടിച്ചു നിന്നു. ആളിന്റെയും പ്രോത്സാഹനത്തിന്റയും അഭാവം അനുഭവപ്പെട്ടെങ്കിലും വിവര ശേഖരണനത്തിനും പഠനപര്യടനത്തിനും ഞങ്ങളോട് സഹകരിച്ച സഹപ്രകർത്തകരെ നന്ദിപൂർവ്വം ഓർമ്മിക്കുന്നു. നല്ലവരായ ആസഹപ്രവർത്തകരുടെ പേരുവിവരം ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.


സഹപ്രവർത്തകരുടേയും സഹായികളുടേയും എണ്ണത്തിലെ കുറവ് ഈ റിപ്പോർട്ടിൽ പല പരിമിതികൾക്കും കാരണമായിട്ടുണ്ട്. എന്നാൽ അതൊന്നും നമ്മുടെ നാടിന്റെ വികസനത്തിന് വിലങ്ങു തടിയാകരുതെന്നുള്ള വാശിയും നിർബന്ധവും കൈവെടിയാതിരുന്നതുകൊണ്ട് ഈ റിപ്പോർട്ട് ഇത്രയുമെങ്കിലും ആക്കിതീർക്കാൻ സാധിച്ചത്.

കുറ്റമറ്റ ഒന്നാണ് ഈ റിപ്പോർട്ടെന്ന് അവകാശപ്പെടുന്നില്ല. പരിമിതികൾ പലതിനും കാരണം ആവർത്തിക്കുന്നില്ല. എങ്കിലും ഇതു വസ്തുനിഷ്ഠവും സത്യസന്ധവുമാക്കിത്തീർക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട് എന്ന വിശ്വാസം കൈമുതലായിട്ടുണ്ട്. കിട്ടിയ സമയം കൊണ്ട് തയ്യാറാക്കിയ ഈ വികസനറിപ്പോർട്ട് അതിലടങ്ങിയിരിക്കുന്ന കാര്യങ്ങളുടെ സമഗ്രമായ ചർച്ചയ്ക്കും പരിഹാര നിർദ്ദേശത്തിനുമായി ഈ പഞ്ചായത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കളുടെ മുൻപിൽ സമർപ്പിക്കുന്നു.

## കോട്ടയം ജില്ല




## ഉദയനാപുരം പഞ്ചായത്ത്



# ഉദയനാപുരം ഗ്രാമപഞ്ചായത്ത്

4236
KERALA INSTITUTE OF LOCAL ADMINISTRATION




# വികസനരേഖ